
മാഗസിൻ 2019-20
ന്യൂമാൻ കോളേജ്
തൊടുപുഴ

# ഹാഷ് ടാഗ്

#Solidarity with Respondents



For E-Magazine
Scan QR Code

Scanned with OKEN Scanner




## COLLEGE ANTHEM

Lead, kindly Light, amid th'encircling gloom
lead Thou me on!
The night is dark, and I am far from home; lead Thou me on!
Keep Thou my feet; I do not ask to see
The distant scene; one step enough for me.

I was not ever thus, nor prayed that Thou shouldst lead me on;
I loved to choose and see my path; but now lead Thou me on!
I loved the garish day, and, spite of fears,
Pride ruled my will. Remember not past years!

So long Thy power hath blest me, sure it still will lead me on.
O'er moor and fen, o'er crag and torrent, till the night is gone,
And with the morn those angel faces smile, which I
Have loved long since, and lost awhile!


Meantime, along the narrow rugged path, Thyself hast trod,
Lead, Savior, lead me home in childlike faith, home to my God.
To rest forever after earthly strife
In the calm light of everlasting, life.

നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ
ചുറ്റിലും ഇരുൾ പരന്നിടുന്ന വേളയിൽ
അന്ധകാരപൂർണമായ
രാത്രിയാണുപോൽ
എൻ ഗൃഹത്തിൽ നിന്നും ഏറെ
ദൂരെയാണു ഞാൻ

നീ നയിക്കുക! സാദരം വിഭോ!
നിൻ പ്രകാശധാര തൂകി
നീ നയിക്കുക! നീ നയിക്കുക!

ഏറെ ദൂരെയുള്ള നല്ല കാഴ്ച
കാണുവാൻ
അല്ല എന്റെ അർത്ഥനകൾ നിൻ
വരത്തിനായ്
എന്റെ പാദമൊന്നു നീ നയിക്കിലെത്രയും
എന്റെ മാർഗ്ഗദീപമേ എനിക്കു
തൃപ്തിയായ്
നീ നയിക്കുക! സാദരം വിഭോ!
നിൻ പ്രകാശധാര തൂകി
നീ നയിക്കുക! നീ നയിക്കുക!

- St. Card. John Henry Newman (1801-1890)




Scanned with OKEN Scanner




ഇവിടെ ഞങ്ങളുടെ
സ്വപ്നങ്ങളുണ്ട്...
നന്മയുടെ... പ്രണയത്തിന്റെ...
വിരഹത്തിന്റെ...
അഗാധ സൗഹൃദത്തിന്റെ
പുതിയ പുലരി 'ന്യൂ മാൻ'

Scanned with OKEN Scanner

വസന്തത്തെ വരവേറ്റ് ഗ്രീഷ്മത്തെ ഇലയായി പൊഴിച്ച്
പറന്നകന്ന പക്ഷിക്കും...
ചില്ലയിലെങ്ങും സുഗന്ധം പരത്തി മതിയാകാതെ
ഞെട്ടറ്റുവീണ പ്രിയ പൂവിനും,
ചിറകടിച്ചുല്ലസിക്കാൻ അനേകം പകലുകൾ അവസാനിപ്പിച്ച്
കൂടണഞ്ഞ ശലഭത്തിനും,
ഒരു തുള്ളി കണ്ണുനീരിൽ കുതിർന്ന....

# പ്രണാമം



Sheeba Binoy
Babitha Shajahan
Gokul Manoj



Dr. THOMSON JOSEPH
Principal

പ്രിയപ്പെട്ടവരേ,

ന്യൂമാൻ കോളേജ് വിദ്യാർത്ഥി സമൂഹത്തിന്റെ 2019-20 അദ്ധ്യയന വർഷത്തിന്റെ കലാ-ഭാവനാ സൃഷ്ടിയായ 'ഹാഷ് ടാഗ്' ഒരു മാഗസിൻ രൂപത്തിൽ നിങ്ങൾക്കായി അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

ഇതിലെ രചനകൾ വിദ്യാർത്ഥികളുടെ വിവിധങ്ങളായ കഴിവുകളും ഭാവനകളും വിരിയിക്കുന്ന ഒരു ചരിത്ര സൃഷ്ടികൂടിയാണ്. നല്ല പ്രകടനങ്ങൾ കാഴ്ചവെച്ച ഈ വർഷത്തെ പ്രതിഭകളെയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ മാഗസിൻ ഒരു സ്മരണികയായും കലാസൃഷ്ടിയായും ഒരു അഭിമാന സ്രോതസ്സായും നിലകൊള്ളട്ടെ എന്നാശംസിക്കുന്നു.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർക്കെല്ലാം അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.





ന്യൂമാൻ കോളേജ് വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ മാസികയ്ക്ക് കൂട്ടായ്മയുടെ കഥ പറയാനുണ്ട്. അപ്രതീക്ഷിതമായെത്തിയ മഹാമാരിയുടെ അസ്വസ്ഥത തുടരുമ്പോഴും തങ്ങളുടെ സർഗസൃഷ്ടികളെ 'ഹാഷ്ടാഗി'ലൂടെ അനാവൃതമാക്കാൻ യത്നിക്കുന്ന വിദ്യാർത്ഥി സമൂഹത്തിന്റെ നിസ്തുല പരിശ്രമത്തെ അഭിനന്ദിക്കുന്നു. സഹകരിച്ച അധ്യാപകർക്കും വിദ്യാർത്ഥി സമൂഹത്തിനും പ്രത്യേകിച്ച് യൂണിയൻ ഭാരവാഹികൾക്കും വിശിഷ്യാ എഡിറ്റർ മിഥിലാജിനും അഭിമാനിക്കാം.

**Rev. Dr. MANUEL PICHALAKKATTU**
Vice Principal




'ഹാഷ്ടാഗ്' വർത്തമാനകാല അനീതികൾക്കെതിരെ പോരാടുന്നവരോടുള്ള ഐക്യപ്പെടലാണ്.

കോവിഡിന്റെ നിരാശയിൽ ഇരുൾമൂടിയിൽ തളർന്നിരിക്കാതെ പ്രതീക്ഷയുടെ വെളിച്ചത്തിലേക്ക് മനസ്സിനേയും വിദ്യാർത്ഥി സമൂഹത്തെയും നയിക്കുവാനുള്ള ശ്രമങ്ങൾക്ക് ശക്തി പകരാൻ ഈ മാഗസിൻ സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.

നന്മകൾ പൂത്തുലയുന്ന ഒരു പുതുലോകം സൃഷ്ടിക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**Rev.Fr. PAUL KARAKOMBIL**
Bursar




# # ഹാഷ് ടാഗ്

ചുറ്റുപാടിനെ അത്യന്തം നിരീക്ഷിച്ച് തങ്ങളുടേതായ നിലപാട് തൽക്ഷണം പ്രകടിപ്പിക്കുന്നവരാണ് ഇന്നത്തെ വിദ്യാർത്ഥികൾ.

ക്യാമ്പസിന്റെ ചുവരുകൾക്കപ്പുറം അവരുടെ ചിന്തകളും വളർന്നിരിക്കുന്നു. അനീതിക്കെതിരെ ശബ്ദിക്കുവാൻ നാവടക്കുന്നവരുടെ മുന്നിൽ ആർജ്ജവത്തോടെ സംസാരിച്ചവർ വിദ്യാർത്ഥികളാണ്.

രാജ്യം കണ്ട പല വിപ്ലവ സമരങ്ങളുടെയും ഉത്ഭവസ്ഥാനം ക്യാമ്പസുകളായിരുന്നു എന്ന് നാം ഓർക്കണം.

വിമർശനം ജനാധിപത്യത്തിന്റെ മുഖമുദ്രയാണ്. അങ്ങനെയാവുമ്പോൾ ആ ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഞങ്ങൾ ഞങ്ങളുടെ തൂലിക പടവാളാക്കുകയാണ്.

'ഹാഷ്ടാഗ്' അത്തരത്തിൽ പ്രതികരിച്ചവരുടെ... പ്രതിഷേധിച്ചവരുടെ... വിമർശിച്ചവരുടെ... കൂടെയാണ്. അവരോടുള്ള ഐക്യപ്പെടലാണി മാഗസിനും.



**MIDHILAJ PS**
Chief Editor

Scanned with OKEN Scanner



# # ഹാഷ് ടാഗ്

*ചീഫ് എഡിറ്റർ*
മിഥിലാജ് പി.എസ്

*ചീഫ് സ്റ്റാഫ് എഡിറ്റർ*
റവ. ഡോ. മാനുവൽ പിച്ചളക്കാട്ട്

*സ്റ്റാഫ് എഡിറ്റേഴ്സ്*
ഡോ. ബിജിമോൾ തോമസ്
ഡോ. നീരദ മരിയ കുര്യൻ
സിബി മോഹനൻ

*എഡിറ്റോറിയിൽ ബോർഡ് മെമ്പേഴ്സ്*
| ലക്ഷ്മി പ്രിയ എസ് | അംജിത് ഇസ്മായിൽ | ആമിനാ മെഹ്സിൻ |
| ജൂഡിൻ ജോസഫ് | മുനീർ അഹമ്മദ് | വിജയലക്ഷ്മി വി |
| മെൽവിൻ ഷാജി | നജ്മ ഫർസാന | ബാദുഷാ എം റസാഖ് |

*ക്രിയേറ്റീവ് സപ്പോർട്ടേഴ്സ്*
| സംഗീത് ജോസ് | ടി.എം സലീം | ടി.കെ നവാസ് |
| പി.കെ.എ ലത്തീഫ് | സുമയ്യ സുബൈർ | ശ്രീറാം. എസ് |


*ടൈപ്പ് സെറ്റിംഗ്*
ശബീർ ഹൈടെക് / 9947585552

*കവർ & ലേയൗട്ട് ഡിസൈൻ*
അഷ്കർ ചുങ്കം / 9947414647
ഹൈടെക്ക്, ഫറോക്ക് ചുങ്കം, കോഴിക്കോട്
ashkerchungam@gmail.com

*പ്രിന്റിംഗ്*
കൊച്ചിൻ പ്രിന്റ് ഹൗസ്



## പച്ച
## പൂക്കുന്നൊരിടം...
## 'ന്യൂമാൻ'



# അയോധ്യ

Sruthy K.S
PS4

"സാകേതം തേടിപ്പോകയാണു ഞാൻ
ചലിക്കുമീയാഗാശ്വം കണ്ടതില്ലെങ്ങുമേ രാമനെ
ശംഖൊലി. ഒരു ഗർജ്ജനം പോലെ. അയോദ്ധ്യ ഉണർന്നിരിക്കുന്നു."

കടത്തിണ്ണകളിൽ സാമൂഹിക അകലം പാലിച്ചുറങ്ങുന്ന ഭാവിഭാരതത്തെ ചവിട്ടിത്തെറിപ്പിച്ചുകൊണ്ടാണീ യാത്ര. ക്ഷമിക്കുക. സമയവശേഷിക്കുന്നില്ല. തങ്കത്താഴികക്കുടം ആകാശത്തോളമുയരും മുൻപേ എനിക്ക് രാമനെ കണ്ടെത്തിയേ മതിയാകൂ.

യാഗാശ്വമാണു ഞാൻ. രാമനീതിയുടെയല്ല; വിശ്വവിജയത്തിനായുള്ള അശ്വമേധത്തിന്റെ, നിഴൽ വീഴും മണ്ണെല്ലാം സ്വന്തമാക്കാൻ കൊതിച്ച രാജകീയ നീതിയുടെ പതാകാവാഹകൻ. ബലിപീഠത്തിലേക്കെറിയപ്പെടും മുൻപ്, പങ്കുപറ്റി സഖ്യം ചെയ്യും മുൻപ് ലക്ഷ്യം പൂർത്തിയാക്കണം. രാമരാജ്യം....

കാലത്തെയും തോൽപ്പിക്കുവാൻ. ലക്ഷ്യമിനിയും വിദൂരമെന്നോർമപ്പെടുത്തിയ വഴിയോരക്കാഴ്ചകൾ.

പിതൃനീതിയോടെതിരിട്ട ബാല്യം, മണ്ണിൽ തുടങ്ങി മണ്ണിൽ തന്നെ അവസാനിക്കുന്ന ശുദ്ധിപരീക്ഷ, പാദുകങ്ങൾ വാണ സിംഹാസനം ഭരിച്ച മരക്കാലുകൾ, ചതിയെരിഞ്ഞ അരക്കില്ലങ്ങൾ, ചോര വാർത്ത പെരുവിരലുകൾ, വിശക്കുന്നവനു കവിതയെന്ന പോലെ നൽകപ്പെട്ട ധർമ്മം, ഒടുവിലെല്ലാം തുടച്ചുമാച്ച സാഗരരശ്മികൾ - മടങ്ങിപ്പോകണമെന്നു തോന്നി.

പിന്നെയും കണ്ടു. അതിഥിക്കും അമൃതൂട്ടിയ സംസ്കാരശൈലങ്ങൾ. ആ തണൽ പറ്റി വളർന്ന ദുരാചാരവൃക്ഷങ്ങൾ. സ്നേഹത്തിനു വളം നിഷേധിച്ച കുലമഹിമകൾ. വൈധവ്യമേറ്റുവാങ്ങാതെ ചിതയിലെരിഞ്ഞ സംസ്കാരത്തിനൊപ്പം ചേർന്ന ദർശനങ്ങൾ. സഹനം ഐക്യം ചേർത്ത നൂലിൽ തുന്നിയെടുത്ത പുതിയ പ്രഭാതം, ഒരു പകലിന്റെ പോലുമായുസ്സില്ലാതെ ചോരയിലെഴുതിയ അർദ്ധരാത്രിയുടെ വെട്ടിമുറിക്കൽ. പിതാവിനായി പുത്രൻ നേടിയ വെടിയുണ്ടകൾ. മതം മരുന്നാക്കിയ വർഗ്ഗീയതയുടെ ബോധിവൃക്ഷങ്ങൾ... ഇതിലെവിടെ രാമൻ?

ഒരു ഭ്രാന്തന്റെ പകൽക്കിനാവായ ഈ യാത്രയിൽ ലക്ഷ്യം തന്നത് നീയാണ്. ധർമ്മം സൂര്യനായും സ്നേഹം ചന്ദ്രനായും നിന്നെ പരിപാലിച്ചു. നിന്റെ പുത്രൻ അശ്വമേധം 'വിജയിച്ചവ'നാണ്. പാതിവ്രത്യാഗ്നികുണ്ഡത്തിൽ ജ്വലിച്ചവനാണ്. നഷ്ടകാലത്തിൻ വസന്തമായ നിന്നെ ലോകം അയോദ്ധ്യയെന്നു വിളിച്ചു. ശ്മശാനമായിരുന്നു നീ, കന്മഴുവുടച്ച മിനാരങ്ങളുടെ, വലിച്ചു കീറപ്പെട്ട പുരാണങ്ങളുടെ...

> ഒരു ഭ്രാന്തന്റെ പകൽക്കിനാവായ ഈ യാത്രയിൽ ലക്ഷ്യം തന്നത് നീയാണ്. ധർമ്മം സൂര്യനായും സ്നേഹം ചന്ദ്രനായും നിന്നെ പരിപാലിച്ചു. നിന്റെ പുത്രൻ അശ്വമേധം 'വിജയിച്ചവ'നാണ്. പാതിവ്രത്യാഗ്നികുണ്ഡത്തിൽ ജ്വലിച്ചവനാണ്. നഷ്ടകാലത്തിൻ വസന്തമായ നിന്നെ ലോകം അയോദ്ധ്യയെന്നു വിളിച്ചു. ശ്മശാനമായിരുന്നു നീ, കന്മഴുവുടച്ച മിനാരങ്ങളുടെ, വലിച്ചു കീറപ്പെട്ട പുരാണങ്ങളുടെ...

അവർ രാമരാജ്യം പണിയുകയാണ്, ഞാൻ നിന്നും രാമനെ തേടുകയാണ്. സ്വർണസിംഹാസനത്തെക്കാൾ ആരണ്യത്തെ പ്രണയിച്ച, സൗഭാഗ്യങ്ങളെക്കാൾ കർത്തവ്യത്തെ സംരക്ഷിച്ച; ജീവിതത്തെക്കാൾ രാജ്യത്തെ പരിപാലിച്ച എന്റെ ശ്രീരാമചന്ദ്രൻ സ്വർണമാളികകളിൽ വസിക്കുന്നതെപ്രകാരമാണ്?

ഉറങ്ങിക്കിടക്കുന്ന ഈ യുദ്ധകാണ്ഡത്തിൽ, പുതപ്പായ് മൂടാൻ നിശ മാത്രമുള്ളവർക്കരികിലെരിയുന്ന കനലിൽ ഞാൻ രാമനെ കാണുന്നു.

രാജഭക്തിയുടെ തൂലികയിൽ യാഗം സമ്പൂർണ്ണമാണ്. എന്നാൽ തങ്കവിഗ്രഹങ്ങളിലും ആൾദൈവങ്ങളിലും ഈശ്വരനെ കൽപിച്ചവർക്ക് രാമരാജ്യത്തെത്തുവാനാവില്ല. 'അന്യനി'ൽ രാമനെ കാണാത്തവർക്ക് തന്നിലെ 'രാമനെ' കണ്ടെത്താത്തവർക്ക് സ്വന്തം നെഞ്ചകം പിളർന്നുകാട്ടിയ മാരുതിസ്മൃതികൾ വെളിച്ചമാവട്ടെ.

ഒരു മതത്തിനും തളച്ചിടാനാവാത്ത മതേതരതയാണ് ദൈവം.




# പൊളിഞ്ഞു തുടങ്ങിയ ട്രാക്കുകളും പൊളിച്ചെഴുതേണ്ട കായികവും

ASHIK SUBIN
EB4
(Sports Club Secretary)

> സർക്കാരിന് അവരുടെ അഴിമതികളും സ്വജനപക്ഷപാത നിയമനവുമൊക്കെ ഏറ്റം ഭംഗിയായും ആരും ശ്രദ്ധിക്കാതെയും മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കുന്നു എന്നുള്ളതു കൊണ്ട് ഒരു സാധാരണക്കാരനായ മനുഷ്യനോ ഒരു പത്ര പ്രവർത്തകനോ തിരിഞ്ഞു നോക്കാത്ത ഇടങ്ങളായി ഇന്നത്തെ സ്പോർട്സ് മേഖല മാറി പോയിരിക്കുന്നു

മൂന്ന് വർഷം മുൻപ് മുൻ കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് "അഞ്ജു ബോബി ജോർജ്" രാജി വയ്ക്കുമ്പോൾ പറഞ്ഞൊരു കാര്യമുണ്ട് "ഒരു പാർട്ടിയുടെയോ ഒരു ജാതിയുടെയോ ഒരു സമുദായത്തിന്റെയോ നിലപാടുകൾ നോക്കാതെയാണ് സ്കൂൾസ് നാഷണൽസ് കേരളത്തിലേക്ക് കൊണ്ടുവന്നത് പക്ഷേ ഞങ്ങൾക്ക് തെറ്റി പോയിരിക്കുന്നു എല്ലാം ഏതെങ്കിലും വ്യക്തികൾക്കോ പ്രസ്ഥാനത്തിനോ വേണ്ടി കടം കൊണ്ടിരിക്കുന്നു, സുതാര്യമായ പ്രവർത്തനം സാധ്യമല്ല എന്ന് മനസ്സിലാക്കുന്നത് കൊണ്ടാണ് ഈ രാജി" നാം മനസ്സിലാക്കേണ്ടതും ചിന്തിക്കേണ്ടതുമായ വസ്തുതകളുടെ ആരംഭം ഇവിടെ നിന്ന് തന്നെയാണ് എന്തുകൊണ്ടാണ് കേരളത്തിൽ പോലും സുതാര്യമായ സ്പോർട്സ് മേഖല നിലനിൽക്കാത്തത്? സർക്കാരിന് അവരുടെ അഴിമതികളും സ്വജനപക്ഷപാത നിയമനവുമൊക്കെ ഏറ്റം ഭംഗിയായും ആരും ശ്രദ്ധിക്കാതെയും മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കുന്നു എന്നുള്ളതു കൊണ്ട് ഒരു സാധാരണക്കാരനായ മനുഷ്യനോ ഒരു പത്ര പ്രവർത്തകനോ തിരിഞ്ഞു നോക്കാത്ത ഇടങ്ങളായി ഇന്നത്തെ സ്പോർട്സ് മേഖല മാറി പോയിരിക്കുന്നു താനോ തനിക്ക് വേണ്ടപ്പെട്ടവരോ ഉണ്ടെ

[illegible]


നടത്തപ്പെടുന്ന സ്പോർട്സ് മീറ്റുകളുടെ സുരക്ഷിതാവസ്ഥയെ പോലും ചോദ്യം ചെയ്യപ്പെടുന്ന മരണങ്ങൾ സംഭവിച്ചിട്ട് പോലും ഒരു ദിവസത്തെ ചാനൽ ചർച്ചക്കപ്പുറം അവ വാർത്തയായിരുന്നോ? സർക്കാർ സംവിധാനങ്ങൾ അവയെപ്പറ്റി വിലയിരുത്തലുകൾ നടത്തി മാറ്റങ്ങൾ കൊണ്ടുവരാൻ തയ്യാറായിരുന്നോ? എല്ലാം ചിന്തിക്കേണ്ടതും വിലയിരുത്തേണ്ടതും ആയ വസ്തുത തന്നെയാണ്.

കലാലയങ്ങളിലെ സ്പോർട്സ് ദിനങ്ങൾ കേവലം തട്ടിക്കൂട്ടലുകളിലേക്ക് വഴിമാറ്റപ്പെട്ട ഒരു കാലഘട്ടത്തിലൂടെ കടന്ന് പോയപ്പോൾ, മാറിമാറി വരുന്ന യൂണിയൻ കാലഘട്ടങ്ങളിൽ ശ്രദ്ധിക്കപ്പെടാതെ പോയപ്പോഴും കൂടുതൽ പങ്കാളിത്തവും സുതാര്യതയും കൊണ്ട് ഈ വർഷം കലാലയത്തിലെ സ്പോർട്സ് ദിനങ്ങൾ ഗുണമർഹിക്കുന്നവയും ആയിരുന്നു. പാഠകാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന കലാലയ നിലവാരത്തിൽ നിന്നും പാഠനോത്തരോടൊപ്പം കായികത്തിനും പ്രാധാന്യം നൽകുന്ന രീതിയാണ് ഉരുത്തിരിയേണ്ടത്. സ്വന്തം കലാലയത്തിൽ ഗ്രൗണ്ടിലിറങ്ങി ഓടി വിയർക്കാൻ മൂന്ന് വർഷത്തെ ബിരുദ കാലയളവിൽ എത്ര പേർക്കാണ് സാധിക്കാതെ പോവുന്നത്. പുസ്തകത്താളുകളിൽ നിന്ന് അവർക്ക് സമയം കിട്ടുന്നേയില്ലായിരിക്കാം.

മാറേണ്ടത് നയങ്ങളാണ്. ഉരുത്തിരിയേണ്ടത് തിരുമാനങ്ങൾ ആണ്. മന്ത്രിക്കസേരയുടെ ചൂടറിഞ്ഞ മന്ത്രി മുതൽ ഇങ്ങ് താഴെക്ക് ഒരു കായികാധ്യാപകൻ വരെ മാറണം. കായിക മേഖലയുടെ നിലവാര വളർച്ചയ്ക്കും, അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും കായിക മൂലധനം കൃത്യമായി വിനിയോഗിക്കുകയും, കായിക മേഖലകളിലെ അഴിമതികളും അസഹിഷ്ണുതയും കണ്ടുപിടിക്കാൻ പ്രത്യേക സംവിധാനങ്ങൾ നിലവിൽ വരുകയും വേണം. കലാലയത്തിലെ കായിക ദിനങ്ങൾ ഒരു ദിവസം എന്നതിൽ നിന്നും ഒന്നിൽ കൂടുതൽ ആയി പരിഗണിക്കുകയും, കായിക താരങ്ങൾക്ക് പരിഗണനയും, പരിരക്ഷയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് തന്നെ ഉറപ്പ് വരുത്തേണ്ടതുമാണ്. മാറുന്ന കാലത്തിൽ പുറന്തള്ളപ്പെടുന്ന കായിക മേഖലയെ ഉദ്ധരിക്കുവാൻ പുത്തൻ പാക്കേജുകളും, നശിച്ചു കൊണ്ടിരിക്കുന്ന ഭരണ സംവിധാനങ്ങളെ പുനഃ ക്രമീകരിക്കുകയും വേണമെന്നതാണ് വസ്തുത.



**പൊട്ടിപ്പൊളിഞ്ഞ ട്രാക്കുകൾക്കു മേൽ ഓടിതളരുന്ന കായിക താരങ്ങളെ സൃഷ്ടിക്കുവാനും, നാളെ ഇന്ത്യയെ തന്നെയും പ്രതിനിധീകരിക്കുന്ന മെഡലുകൾ വാരിക്കൂട്ടുന്ന ഒരു കായിക മേഖലയെ തന്നെ സൃഷ്ടിക്കുവാനുമാണ് നാം സ്വപ്നം കാണേണ്ടത്. അതിന് ചിലപ്പോൾ ഈ ഭരണ സംവിധാനങ്ങളും നിലപാടുകളും വരെ മാറി ചിന്തിക്കേണ്ടതായും വന്നേക്കാം.**




പൊട്ടിപ്പൊളിഞ്ഞ ട്രാക്കുകൾക്കു മേൽ ഓടിതളരുന്ന കായിക താരങ്ങളെ സൃഷ്ടിക്കുവാനും, നാളെ ഇന്ത്യയെ തന്നെയും പ്രതിനിധീകരിക്കുന്ന മെഡലുകൾ വാരിക്കൂട്ടുന്ന ഒരു കായിക മേഖലയെ തന്നെ സൃഷ്ടിക്കുവാനുമാണ് നാം സ്വപ്നം കാണേണ്ടത്. അതിന് ചിലപ്പോൾ ഈ ഭരണ സംവിധാനങ്ങളും നിലപാടുകളും വരെ മാറി ചിന്തിക്കേണ്ടതായും വന്നേക്കാം.



# प्रजातंत्र

प्रजातंत्र का अर्थ है प्रजा अर्थात जनता द्वारा परिचालित सासन व्यवस्था। वैसे तो अब तक प्रजातंत्र की कई परिभाषाएँ दी चुकी है, परंतु उनमे अब्राहम लिंकन द्वारा दी गई परिभाषा सर्वाधिक मान्य एंव प्रचालित है। उनके अनुसार - प्रचातंत्र जनता का, जनता के लिए, जनता द्वारा भासन है। इसको स्वीकारने का कारण लिंकन ने यह बताया। क्योंकि मैं गुलाम नहीं होना चाहता इसलिए मुझे शासक भी होना नहीं चाहिए। यही विचार मुझे प्रचातंत्र की ओर अग्रसर करता है।

Greeshma Mathew
(PS4)

प्रजातंत्र की आधुनिक स्थिति का विकास होने में हज़ारों साल लगा गए, लेकिन प्रजातंत्र एक शक्तिशाली व्यवस्था के रूप मे उभर् चुका है। इसके कई लाभ ऍव हानियाँ भी है।

जवाहरलाल नेहरु के इस कथन से हमें सीख लेने की आवश्यकता है "प्रजातंत्र और समाजवाद लक्ष्य पाने के साधन है, स्वंय मे लक्ष्य नहीं।"

प्रजातंत्र की सफलता केलिए जनता को सजग ऍव सचेत रहकर अपने अधिकारों का सदुपयोग करते हुए अपने कर्तव्यों का भी पूरी निष्टा से पालन् करना चाहिए। भगत सिंह ने कहा था

"क्रांति कि तलवार विचारों
की शान से तेज़ होती है।"

■





# ഒറ്റച്ചിലമ്പ്

ANJUMOL JAMES
HS6

"Now I'm closing this"

സഹിക്കും തോറും ശക്തി കുറഞ്ഞുവരികയാണ്. ഉടൽ മാത്രമായുള്ള ജീവിതം വെറുത്തു. നഷ്ടങ്ങൾക്കു കണക്കു ചോദിച്ച് ഒറ്റച്ചിലമ്പിടാൻ, ചുട്ടെരിക്കാൻ കഴിഞ്ഞില്ലല്ലോ. കഴിയില്ല. ആത്മാവില്ലാത്തവൾക്കതിനു സാധിക്കില്ല.

മുത്തശ്ശിമുഖത്തു കണ്ട നിലാവിനോളം തിളങ്ങിയ ബാല്യം. ആറു വയസ്സിന്റെ അനാഥത്വം. ആശ്രയത്തിന്റെ രൂപമണിഞ്ഞ പതിനാലു

വർഷങ്ങൾ. പെട്ടെന്നൊരു ദിനം താലിച്ചരടായി തേടി വന്ന സനാഥത്വം. അതിന് 'അടിമത്തം' എന്ന അർത്ഥം ജീവിതം നൽകി.

ഒന്നും നേടാതെ, ഒന്നിനും നൽകാതെ, ഒന്നിനാലും മുറിപ്പെടാതെ ധൂളീപടലമായി മണ്ണിൽ ലയിക്കാൻ, അത്ര എളുപ്പമാവുമോ?

ഒരു പെണ്ണ് ബാലികയിൽ നിന്ന് എത്ര വേഗമാണ് കന്യകയാവുന്നത്, ഭാര്യയാവുന്നത്, ഒരുടൽ മാത്രമാകുന്നത്, കാഴ്ചവസ്തുവും പണയപ്പണ്ടവും മദ്യത്തിന് പങ്ക് വെക്കുന്ന സൗഹൃദവും, പിന്നെ മനുഷ്യക്കച്ചവടത്തിലെ വില പേശലും. ഒരഗ്നിക്കും ശുദ്ധീകരിക്കാനാവാതെ. ഒരാഴിയിലും കെടാത്ത അഗ്നികുണ്ഡം.

എങ്ങു നിന്നോ വന്ന നിശ്ശബ്ദത എന്നെ മൂടി. ഭയത്തിന്റെ ചുഴികളിലേക്ക് വീണ്ടും വിലച്ചെറിയപ്പെട്ടപ്പോൾ ആദ്യമായ് ഞാനവളെ കണ്ടു. കാലിലെ ഒറ്റച്ചിലമ്പ്, ആടിയുലയുന്ന മുടിയിഴകൾ, സംഹാരം ഉടലായ് രൂപം പ്രാപിച്ചതുപോലെ. അവൾക്കനേകം മുഖങ്ങളുണ്ടായിരുന്നു. ആ മുഖങ്ങളൊന്നിച്ചു വിളിച്ചുപറഞ്ഞു. ഇടിമുഴക്കം പോലെ.

ഒരിക്കൽ കൊതിച്ച സനാഥത്വം എനിക്കു തന്നത് ദുഃസ്വപ്നങ്ങളുടെ രാത്രികളും ഭയത്തിന്റെ ഓർമ്മകളുമാണ്. എങ്കിലും അയാൾ സ്നേഹമുള്ളവനാണ്. ഓർമ്മകളെന്നെ കുത്തിനോവിക്കാതിരിക്കാൻ കൃത്യമായി സിറിഞ്ചുകളെത്തിച്ചിരുന്നു. ഭർത്താവെന്നാൽ ശരീരത്തിനും ഉടമ. എന്നാൽ മനസ്സ്, ഓർമ്മകളുടെ മേച്ചിൽപുറങ്ങളെവിടെയോ ഒളിക്കാനൊരു മറ തേടിയലഞ്ഞു. പാതിവഴിയിലുപേക്ഷിച്ച പഴന്തുണിക്കെട്ടു മാത്രമായി മുറിയുടെ മൂലയിൽ ഇരുട്ടിലൊളിച്ചപ്പോൾ കാതടപ്പിക്കുന്ന ശബ്ദം. കാലിലൊറ്റച്ചിലമ്പുമായവൾ ഇരുട്ടിൽ നിന്നും വന്നു. രാവിന്റെ വേദനകൾക്ക്, പകലിന്റെ ഒറ്റപ്പെടലുകൾക്ക് കൂട്ടായി എന്തൊക്കെയോ പുലമ്പി കൊണ്ടിരുന്നു. ഭ്രാന്തിയെന്നെഴുതിത്തള്ളിയ കുടുസ്സുമുറിയും ചവിട്ടിത്തുറന്ന് ബന്ധനങ്ങളെ തകർത്തെറിഞ്ഞ് കണ്ണിവിട്ട ചങ്ങലയുമായി നഗരമദ്ധ്യത്തിലേക്കിറങ്ങിച്ചെല്ലാൻ, പകലിന്റെ മാന്യത രാവ് വലിച്ചുകീറുമ്പോൾ ചുറ്റുമുള്ള കണ്ണുകളുടെ അലങ്കാരങ്ങളെന്നെ ഭയപ്പെടുത്തുന്നില്ല. എങ്ങും മുഴങ്ങുന്ന ചിലമ്പൊലികൾ മാത്രം.

"മരണമെന്ന അനുഗ്രഹത്തിനെന്നെ നീ സജ്ജയാക്കി. നിനക്കു ഞാനെങ്ങനെ നന്ദി പറയും?"

എങ്ങു നിന്നോ വന്ന നിശ്ശബ്ദത എന്നെ മൂടി. ഭയത്തിന്റെ ചുഴികളിലേക്ക് വീണ്ടും വിലച്ചെറിയപ്പെട്ടപ്പോൾ ആദ്യമായ് ഞാനവളെ കണ്ടു. കാലിലെ ഒറ്റച്ചിലമ്പ്, ആടിയുലയുന്ന മുടിയിഴകൾ, സംഹാരം ഉടലായ് രൂപം പ്രാപിച്ചതുപോലെ. അവൾക്കനേകം മുഖങ്ങളുണ്ടായിരുന്നു. ആ മുഖങ്ങളൊന്നിച്ചു വിളിച്ചുപറഞ്ഞു. ഇടിമുഴക്കം പോലെ.

"നിന്നെ ക്ഷണിച്ചത് മരണം വരിക്കാനല്ല; നൽകാനാണ്."

ആ കണ്ണുകളിൽ കത്തിയമരുന്ന ഒരു നഗരം തന്നെ കണ്ടു. അവൾ വെട്ടിവീഴ്ത്തിയ പുരുഷരൂപങ്ങളിൽ എന്നിലെ സ്നേഹവും പ്രതീക്ഷയും തച്ചുടച്ച ആ മുഖം വ്യക്തമായിത്തന്നെ ഞാൻ കണ്ടു. പാതിയിൽ നിലച്ച ആഘോഷത്തിന്റെ ബാക്കിപത്രം ചിതറിത്തെറിച്ച മദ്യക്കുപ്പികൾ. കണ്ണുകളിൽ കത്തിയെരിയുന്ന മാളിക. പ്രതികാരനൃത്തമാടും പോലെ നാലു ഭാഗവും വിഴുങ്ങുന്ന തീനാളങ്ങൾ. ഇപ്പോൾ ചിലമ്പിന്റെ ശബ്ദമില്ല. പിന്നോട്ടു വലിക്കുന്ന പൊട്ടിയ ചങ്ങലയുടെ സീൽക്കാരം മാത്രം.

മുന്നോട്ടു നടക്കും തോറും രാത്രി എന്റേതായി മാറുന്നു. എവിടുന്നോ നേർത്ത തേങ്ങൽ, യാചന. കാലിലെ ചങ്ങല വീണ്ടും ചിലമ്പായി മാറിയിരുന്നു.

ഭ്രാന്തെന്ന നീതി തലനാരിഴ കീറി പരിശോധിച്ച വിചാരണകൾ. കാരിരുമ്പിന്റെ സുരക്ഷിതത്വത്തിൽ നിയമമെന്നെ തളച്ചു. ഇപ്പോൾ ചങ്ങലയുടെ സീൽക്കാരമില്ല. എങ്കിലും എല്ലാ രാത്രികളിലും ആ ഒറ്റച്ചിലമ്പിങ്ങനെ മന്ത്രിക്കും:

"ശ്രീകോവിലിലിരിക്കുമ്പോൾ, രൂപക്കൂട്ടിലമരുമ്പോൾ, സന്യാസിനിയാവുമ്പോൾ, ചിലമ്പണിയുമ്പോൾ, അപ്പോൾ മാത്രം ഒരു പെണ്ണിവിടെ ആരാധിക്കപ്പെടുന്നു. അല്ലാത്തപ്പോഴെല്ലാം അവൾ വെറുമൊരുടലാണ്; ചിലമ്പിനു പകരം ചങ്ങലയണിയിച്ച ഉടൽ."

■






# സ്നേഹം ഭരിക്കുന്ന ഹൃദയങ്ങൾ

Alfiya Jalal
KS6

എന്റെ കലാലയത്തിലേക്ക് ഒരു പുഞ്ചിരി വാങ്ങാതെ കയറി ചെല്ലാൻ കഴിയില്ല. അത് എന്താണെന്നല്ലേ ... പറയാം.

കലാലയ മുറ്റത്തേക്ക് കടന്നു ചെല്ലുമ്പോൾ ആദ്യം കാണുന്ന നല്ല പഴുത്ത് തുടുത്ത് കിടക്കുന്ന ഞാവൽ പഴങ്ങളുള്ള ആ മരത്തോട് നമസ്കാരം പറഞ്ഞു കൂട്ടുകാരുമൊത്ത് ബഡായി പറഞ്ഞു നടന്നു നീങ്ങുമ്പോൾ, ആ കലാലയത്തിന്റെ ഭംഗി ദിനംതോറും കൂടി വരുന്നതായി തോന്നും. ഒന്നാലോചിച്ചാൽ, അത് വെറും തോന്നലല്ല യാഥാർത്ഥ്യമാണ്. ആ മുറ്റത്തേക്ക് പ്രവേശിക്കുമ്പോൾ, എന്തെന്നില്ലാത്ത ഒരു പോസിറ്റീവ് എനർജി ആണ്. അവിടേക്ക് ചെല്ലുന്ന ഓരോ ദിവസവും പുത്തൻ പ്രതീക്ഷകളുടെ വാതായനങ്ങളാണ് ഓരോ വിദ്യാർത്ഥിക്ക് മുന്നിലേക്കും തുറന്നിടുന്നത്.



വെറും പുസ്തകങ്ങൾക്കും ലാബുകൾക്കും അപ്പുറത്തേക്ക് ഒരു വിദ്യാർത്ഥിയെ ആ കലാലയത്തിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്നത് അവിടുത്തെ ചില ചിരിക്കുന്ന മുഖങ്ങൾ ആണ്. അത് കാമുകിയുടെ കള്ള ചിരിയോ, കൂട്ടുകാരുടെ നിഷ്കളങ്കമായ കളിയാക്കി ചിരിയോ അല്ല. മറിച്ച് ഈ കലാലയത്തെ സ്വന്തം വീടുപോലെ കണ്ട് പരിചരിക്കുന്ന ചില ചേട്ടന്മാരുടെയും ചേച്ചിമാരുടെയും മുഖങ്ങളാണ്, അവരുടെ വിടർന്ന പുഞ്ചിരികളാണ്.


ഈ കലാലയത്തെ സുന്ദരമാക്കുന്ന ചില മുഖങ്ങളാണവ. അവർ കേവലം അടിച്ചുവാരുന്നവരോ, കാവൽ നിൽക്കുന്നവരോ, ഭക്ഷണം വിളമ്പുന്നവരോ, സ്റ്റോറിൽ കച്ചവടം നടത്തുന്നവരോ , ഓഫീസ് പരിചരിക്കുന്നവരോ അല്ല, മറിച്ച് , ഈ കലാലയത്തെ ഉത്തേജിപ്പിച്ചു നിർത്തുന്ന പേസ്മേക്കറുകളാണ്. കലാലയത്തിന്റെ ഹൃദയമിടിപ്പുകളാണ്.

വെറും പുസ്തകങ്ങൾക്കും ലാബുകളും അപ്പുറത്തേക്ക് ഒരു വിദ്യാർത്ഥിയെ ആ കലാലയത്തിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്നത് അവിടുത്തെ ചില ചിരിക്കുന്ന മുഖങ്ങൾ ആണ്. അത് കാമുകിയുടെ കള്ള ചിരിയോ, കൂട്ടുകാരുടെ നിഷ്കളങ്കമായ കളിയാക്കി ചിരിയോ അല്ല. മറിച്ച് ഈ കലാലയത്തെ സ്വന്തം വീടുപോലെ കണ്ട് പരിചരിക്കുന്ന ചില ചേട്ടന്മാരുടെയും ചേച്ചിമാരുടെയും മുഖങ്ങളാണ്, അവരുടെ വിടർന്ന പുഞ്ചിരികളാണ്.

മറ്റുള്ളവർക്ക് അവർ വെറും ജോലിക്കാർ ആയിരിക്കും. പക്ഷെ ഞങ്ങൾ വിദ്യാർത്ഥികൾക്ക് അതിലുമൊക്കെ അപ്പുറത്ത് ആരൊക്കെയോ ആണവർ. വീട്ടിലെ വിശേഷങ്ങൾ പറയാനും, പരീക്ഷയുടെയും ക്ലാസ്സിലെയും വിശേഷങ്ങൾ പങ്കുവെക്കാനും, പിറന്നാള് വന്നാൽ മിഠായി കൊണ്ടുപോയി കൊടുക്കാനും ഒക്കെ... അത്രയധികം ഹൃദയത്തോട് ചേർന്നു നിൽക്കുന്നവർ. അവരുടെ മുഖത്തെ നിഷ്കളങ്കമായ ആ ചിരിയും 'പിള്ളേരെ' 'മോനെ' 'മോളെ' എന്നുള്ള സ്നേഹത്തോടെയുള്ള ആ വിളിയുമൊക്കെ മറ്റെവിടുന്നു കിട്ടാനാ!

ഒരു വിദ്യാർഥി രാവിലെ കോളേജിലേക്ക് വരുന്നത് നൂറു കൂട്ടം കാര്യങ്ങൾ ആലോചിച്ചു ടെൻഷനടിച്ച് കൊണ്ടായിരിക്കും. അന്നേ ദിവസത്തെ പരീക്ഷയുടെയോ, ലാബിന്റെയോ അസൈൻമെന്റിന്റെയോ ഒക്കെ കാര്യം ആലോചിച്ച് തല പുണ്ണാക്കി അങ്ങോട്ടേക്ക് കടക്കുമ്പോൾ ഗേറ്റിന്റെ ഒരറ്റത്ത് ചിരിച്ചുകൊണ്ട് നമ്മെ സ്വീകരിക്കാൻ അവിടെ നിൽപ്പുണ്ടാവും രണ്ട് ചേട്ടന്മാർ. രാവും പകലും കലാലയത്തിനു കാവലാകുന്നവർ. അവരുടെ ആ തുറന്ന പുഞ്ചിരി മതി , മറ്റെന്ത് ടെൻഷനും മറക്കാൻ. പക്ഷെ ചില വിദ്യാർഥികളെങ്കിലും ആ പുഞ്ചിരിയെ അവഗണിച്ചു കടന്നുപോകുന്നത് കാണാം.

ഒരു കലാലയത്തെ ഒരു ക്ഷേത്രത്തോട് ഉപമിച്ചു നോക്കൂ ...ആ ക്ഷേത്രത്തെ ശുദ്ധിയാക്കാതെ അവിടെ എത്ര വലിയ പൂജ നടത്തിയാലും അതിനു വലിയ ഫലമൊന്നും ഉണ്ടാവില്ല.



**ഒരു കലാലയത്തെ ഒരു ക്ഷേത്രത്തോട് ഉപമിച്ചു നോക്കു...ആ ക്ഷേത്രത്തെ ശുദ്ധിയാക്കാതെ അവിടെ എത്ര വലിയ പൂജ നടത്തിയാലും അതിനു വലിയ ഫലമൊന്നും ഉണ്ടാവില്ല. കലാലയവും ദൈവീകമായൊരിടമാണ്. അറിവ് പകരുന്ന സരസ്വതീക്ഷേത്രമാണ്. അവിടം വൃത്തിയായും ശുദ്ധമായും പരിപാലിച്ചാലേ അധ്യാപകർക്കും കുട്ടികൾക്കും ആ ദൈവപ്രഭ ലഭിക്കുകയുള്ളൂ.**

കലാലയവും ദൈവീകമായൊരിടമാണ്.അറിവ് പകരുന്ന സരസ്വതീക്ഷേത്രമാണ്. അവിടം വൃത്തിയായും ശുദ്ധമായും പരിപാലിച്ചാലേ അധ്യാപകർക്കും കുട്ടികൾക്കും ആ ദൈവപ്രഭ ലഭിക്കുകയുള്ളൂ. നമ്മളൊക്കെ വലിച്ചെറിയുന്ന ഒരു ചെറിയ മിഠായിപ്പൊതി ആണെങ്കിലും, ഒരു കരിയില ആണെങ്കിലും അത് മാറ്റികളഞ്ഞ് വെറും കലാലയത്തിനും അപ്പുറത്തേക്ക് ആ കെട്ടിടത്തെ മാറ്റുന്നതിൽ നിർണായക പങ്കുവഹിക്കുന്നവർ. പ്രിയപ്പെട്ട ചേച്ചിമാർ.

പിന്നെ, നമ്മളൊക്കെ അല്പം രുചി കുറവാണെന്നു പറഞ്ഞു കുറ്റം പറയുമെങ്കിലും കാന്റീനിൽ നിന്നു കഴിക്കുന്ന ഏതൊരു ഭക്ഷണവും സ്നേഹത്തോടെയാണ് അവിടുള്ള ചേച്ചിമാർ നമുക്ക് വിളമ്പി തരുന്നത്. എന്തൊക്കെ പറഞ്ഞാലും വീട്ടിൽ നിന്ന് അമ്മ തന്നു വിടുന്ന ഭക്ഷണം അല്പമൊന്നു കളഞ്ഞാലും, കാന്റീനിൽ നിന്ന് വാങ്ങുന്ന ഭക്ഷണം ആരും തന്നെ കളയാറില്ല എന്നതാണ് സത്യം.




**ഒന്നാലോചിച്ചാൽ ഇവരും നമുക്ക് അധ്യാപകർ തന്നെ. പുസ്തകങ്ങൾക്കും അപ്പുറം ഒരുപാട് കാര്യങ്ങൾ പകർന്നു തരുന്നവർ.**

കാന്റീനിന്റെ തൊട്ടപ്പുറത്ത് സ്റ്റോർ നടത്തുന്ന ബഷീറണ്ണൻ... എപ്പൊ കാന്റീനിൽ നിന്ന് ഭക്ഷണം കഴിച്ചിറങ്ങിയാലും അണ്ണന്റെ കടേന്ന് ഒരു തേൻമുട്ടായിയോ പോപ്പിൻസോ കഴിച്ചാലെ ആ കഴിച്ച ഭക്ഷണം ദഹിക്കൂ... അത് ന്യൂമാനിയൻസിന്റെ ഒരു ബേസിക് തിയറിയാണ്. അത് മാത്രമല്ല, അണ്ണൻ കടയിൽ തിരക്കുള്ള സമയത്ത് സാധനങ്ങൾ എടുത്തു തരുന്നത് രസമുള്ള ഒരു കാഴ്ചയാണ്. ചെറിയ മൂളിപ്പാട്ടും ഒക്കെ പാടി , "ആ...അവിടെ എന്താ വേണ്ടേ?? ഇവിടെ എന്തായിരുന്നു പറഞ്ഞേ?? " എന്നൊക്കെ ചോദിച്ചു അങ്ങനങ്ങനെ....

തിരക്കില്ലാത്ത സമയമാണെങ്കിൽ അല്പം കുശലം ചോദിച്ചിട്ടേ അണ്ണൻ വിടൂ.

ഒന്നാലോചിച്ചാൽ ഇവരും നമുക്ക് അധ്യാപകർ തന്നെ. പുസ്തകങ്ങൾക്കും അപ്പുറം



ഒരുപാട് കാര്യങ്ങൾ പകർന്നു തരുന്നവർ.

# Film Review

# തമാശ


Direction/ writer: Ashraf Hamsa
Dop: Sameer Thahir
Music: Shahbaz Aman, Rex Vijayan

CAMERAMAN

Krishnanunni, B
LS6

How far will you run because of the fear of how you look? The protagonist, Sreenivasan, portrayed by Vinay Fort is a college lecturer, has troubles accepting his appearance. A shy, and meek character who is forced to settle with whatever he has. He hopes to find the love of his life, but the story takes him through a series of events which augments the inferiority complex in him deeper and more concrete.

Then he meets Chinnu, an active vibrant & broad minded young girl cherishes inner beauty. The two discover their friendship and the story unfolds with some interesting happenings, and at one point, they become victim of online bullying. A photo of their's becomes the topic of ridicule and this creates a crack in their bond. But they wade through the tough-waters-and-in-the-end find a life they've both been waiting for.




Personally I wasn't in much favour of the film, but I regret missing the theatre experience! The not so beautiful people in the story find beauty in each other and take life into their own hands and write the rest of it with a flair of romance and an air of friendship. They are made fun of their appearances and are showered with pieces of advices to improve their looks. Even the people who meet them for the first time are more concerned about looks! This film points a finger at those who set the 'standards' in society; but let me ask, what is the use of standards without morality? How can you judge a person merely based on looks?


A subtle story with sprinkled with love and romance, even by the supporting cast, paints a realistic picture of everyday lives of common folk. There's nothing extra ordinary in love, but love makes even the ordinary story worth experiencing. A must watch for those who wish to seek a feel good experience.



# हिन्दुस्तान


Amnes Mon Baby
ZS4

एकता में बनें समाज
और सामाजों की
एकता से बने राष्ट्र
वही है हमारा हिन्दुस्तान
जहाँ सबको खुशियाँ मिलती सहर्ष
ऐसा देश है हमारा भारतवर्ष
जहाँ दिन का पहला काम बडों का
चरण स्पर्श से हो
वह देरा और कोई नहीं
हमारा हिन्दुस्तान
दुशमनों का भी करते है
झुक के प्रणाम
इसलिए सबसे महान है हमारा
हिन्दुस्तान
भारत कहो या हिन्दुस्तान
इसमें बसती है हमा सबकी जान ।






ബാദുഷ എം. റസാഖ്
ZS6



# കാക്ക

മണ്ണിലുള്ളതേതിനെയും ജാതി
തിരിക്കുന്ന തിരക്കിനിടയിൽ
വിണ്ണിലൂടെ പറക്കുന്നതി-
നിടയിലെന്നെയും
പിടിച്ചു ചിലർ
എന്റെ പേര്
കാക്കയെന്നെഴുതി.
ജാതി ചോദിച്ചപ്പോൾ
പാപമോക്ഷത്തിനു മുങ്ങി
പൊങ്ങാറുള്ള നദികളിലൊക്കെയും
ദേഹം നനക്കുകയും ദാഹമകറ്റുകയും
ചെയ്യുന്ന,
പള്ളിമിനാരത്തിലെത്തുന്ന
കുരിശിന്റെ ചാരെയുമെത്തുന്ന,
ജാതി മതമേതുമില്ലാത്ത
എന്നെയും
ജാതിമുദ്ര പതിപ്പിച്ചു പുറത്താക്കാനുള്ള
ശ്രമത്തിനിടയിൽ,
മതേതരാത്മാവിന്റെ മോഷത്തിന്
ബലിയർപ്പിക്കുന്ന കൂട്ടത്തിൽ ഉച്ചത്തിൽ
കൈകൊട്ടിയെനിക്കു വേണ്ടിയും
ശബ്ദമുയർത്തുന്നുണ്ടല്ലോ ചിലരെങ്കിലും...




എന്തെല്ലാം ത്യാഗങ്ങൾ സഹിച്ച്, എത്രമാത്രം പ്രാക്ടീസ് ചെയ്തു എന്നതിലും അപ്പുറം വേദിയിൽ ഓരോ മത്സരാർത്ഥിക്കും ലഭിക്കുന്ന ആ സമയം ഏറ്റവും ഭംഗിയായി ഉപയോഗിക്കുന്നവരാണ് ഒന്നാമതാവുക. നല്ല കാര്യം തന്നെ. അതു തന്നെയാണ് വേണ്ടതും. പക്ഷെ പലപ്പോഴും നടപ്പിലാക്കുന്നത് ഇതൊന്നുമല്ല എന്നതാണ് വേദനിപ്പിക്കുന്ന സത്യം.

Sandra T Santhosh
KFS6

# കലോത്സവങ്ങളിലെ കലാപങ്ങൾ

ഗംഭീരമായ തലക്കെട്ടൊക്കെ കണ്ട് 'ഹാ...ന്നാപ്പിന്നെ ഇതൊന്ന് വായിച്ചേക്കാം...' ന്ന് കരുതി ഇങ്ങോട്ടേയ്ക്ക് വന്നവരോട്, ഒരു ഡിസ്ക്ലെയ്മർ എന്ന നിലയ്ക്ക് ഒരൊറ്റ കാര്യം പറഞ്ഞോട്ടെ... ഈ ലേഖനത്തിലെ കഥയും കഥാപാത്രങ്ങളും തികച്ചും സാങ്കൽപികം മാത്രമാണ്. ഇതിലെ സന്ദർഭങ്ങളോ മറ്റോ നിങ്ങക്ക് മറ്റ് എന്തിനോടെങ്കിലും ഉപമിക്കാൻ തോന്നുന്നുവെങ്കിൽ അതങ്ങ് മനസ്സില് തന്നെ ഇരുന്നോട്ടെ... അപ്പൊ തൊടങ്ങാണ് ട്ടോ... ഇനി ലേശം സീരിയസ് ആയേക്കാം.


ഒരു വിദ്യാർത്ഥിയുടെ കലാപരമായും സാഹിത്യപരമായും ഉള്ള കഴിവുകളെ പരിപോഷിപ്പിക്കുക. അവർക്ക് വേദികൾ നൽകുക എന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ് ഏതൊരു കലോത്സവവും നടക്കുന്നത്. ക്ലാസ്മുറികളുടെ ചുവരുകൾക്കും എടുത്താൽ പൊങ്ങാത്തത്ര ഭാരമുള്ള പുസ്തകങ്ങൾക്കും ഇടയിൽ ഒരു ബ്ലാക്ക് & വൈറ്റ് അവാർഡ് പടം പോലെ ഒട്ടും നിറമില്ലാതെ നീങ്ങുന്ന വിദ്യാർത്ഥി ജീവിതങ്ങൾക്ക് നാളെ തിരിഞ്ഞു നോക്കുമ്പോൾ ഓർക്കാനാഗ്രഹിക്കുന്ന ഒരുപിടി നല്ല ഓർമ്മകൾ സമ്മാനിക്കാൻ കലോത്സവദിനങ്ങൾക്ക് സാധിക്കുന്നു. പ്രത്യേകിച്ച് യൂണിവേഴ്സിറ്റി കലോത്സവങ്ങൾക്ക്. കലോത്സവങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ഇതൊക്കെ തന്നെയാണെങ്കിലും പലപ്പോഴും പല വിദ്യാർത്ഥികൾക്കും കലോത്സവങ്ങൾ ദുരനുഭവങ്ങളാണ് സമ്മാനിക്കുന്നത്.

ഒരുപാട് ത്യാഗങ്ങൾ സഹിച്ചും മറ്റും ഒരുപാട് അധ്വാനിച്ചിട്ടാണ് ഒരു കലാകാരൻ അഞ്ചു മിനിട്ടും പത്തു മിനിട്ടും ഒരു വേദിയിൽ വന്ന് അത് അവതരിപ്പിക്കുന്നത്. പല ദിവസങ്ങളിലും രാത്രി കോളേജിലെ ബെഞ്ചിൽ കിടന്നുറങ്ങിയിട്ടുണ്ടാകും, പല നേരങ്ങളിലെയും ഭക്ഷണം വേണ്ടാന്ന് വെച്ചിട്ടുണ്ടാകും, അസൈൻമെന്റും റെക്കോർഡുമൊക്കെ കൃത്യസമയത്ത് വെക്കാൻ പറ്റാത്തതു കൊണ്ട് ഇന്റേണൽ മാർക്ക് അധ്യാപകർ കൊടുക്കാത്തവരുണ്ടാകും, പ്രാക്ടീസ് മുടക്കാതിരിക്കാൻ വേണ്ടി പല പരിപാടികളിൽ നിന്നും ഒഴിഞ്ഞു നിന്നിട്ടുണ്ടാകാം. ഇതെല്ലാം വേദിയിൽ അവർക്കു ലഭിക്കുന്ന ആ പത്ത് മിനിട്ടിനു വേണ്ടി മാത്രമാണ് അവർ ചെയ്യുന്നത്.

പക്ഷെ എന്തെല്ലാം ത്യാഗങ്ങൾ സഹിച്ച്, എത്രമാത്രം പ്രാക്ടീസ് ചെയ്തു എന്നതിലും അപ്പുറം വേദിയിൽ ഓരോ മത്സരാർത്ഥിക്കും ലഭിക്കുന്ന ആ സമയം ഏറ്റവും ഭംഗിയായി ഉപയോഗിക്കുന്നവരാണ് ഒന്നാമതാവുക. നല്ല കാര്യം തന്നെ. അതു തന്നെയാണ് വേണ്ടതും. പക്ഷെ പലപ്പോഴും നടപ്പിലാക്കുന്നത് ഇതൊന്നുമല്ല എന്നതാണ് വേദനിപ്പിക്കുന്ന സത്യം.


“ പലപ്പോഴും അർഹരായവരിലേക്ക് അവർക്ക് അർഹതപ്പെട്ട സ്ഥാനങ്ങൾ എത്താതെ പോകുന്നു. ആദ്യ മൂന്നു സ്ഥാനങ്ങൾ തങ്ങളുടെ കുത്തകയാക്കി പിടിച്ചു വെയ്ക്കുന്ന കോളേജുകൾ, അവർക്കൊപ്പം സ്ഥാനം പങ്കിടാൻ മറ്റുള്ളവർക്ക് ഭാഗ്യം ലഭിച്ചാലായി!!

പലപ്പോഴും അർഹരായവരിലേക്ക് അവർക്ക് അർഹതപ്പെട്ട സ്ഥാനങ്ങൾ എത്താതെ പോകുന്നു. ആദ്യ മൂന്നു സ്ഥാനങ്ങൾ തങ്ങളുടെ കുത്തകയാക്കി പിടിച്ചു വെയ്ക്കുന്ന കോളേജുകൾ, അവർക്കൊപ്പം സ്ഥാനം പങ്കിടാൻ മറ്റുള്ളവർക്ക് ഭാഗ്യം ലഭിച്ചാലായി!! പിന്നെ ഇവിടെ എടുത്തു പറയേണ്ട ഒരു കാര്യമുണ്ട്. 'വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും' എന്നുള്ള തുരുമ്പെടുത്ത ഒരു നിയമം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ എന്തുകൊണ്ട് കൊടുത്തു മറ്റുള്ളവരിൽ നിന്ന് എന്ത് കൂടുതലാണ് ഇവർ ചെയ്തത് എന്ന് എവിടെയും ബോധിപ്പിക്കേണ്ട ആവശ്യകത അവർക്കില്ല. മാത്രവുമല്ല, മാർക്കിട്ടിട്ട് അവരങ്ങ് പോകും അവരുടെ തീരുമാനം തന്നെയാണോ



മൈക്കിലൂടെ സംഘാടകർ ഫലപ്രഖ്യാപനമായി പറയുന്നത് എന്ന് ദൈവത്തിന് മാത്രമേ അറിയൂ... അവിടെയും ഒരു തിരിമറി നടക്കാനുള്ള സാധ്യതയും നമുക്ക് തള്ളിക്കളയാൻ സാധിക്കില്ല.

യൂണിവേഴ്സിറ്റി കലോത്സവങ്ങളിലെ രാഷ്ട്രീയത്തെ കുറിച്ചും ചർച്ച ചെയ്യാതെ പോകുന്നത് ശരിയല്ല. എന്ന് തോന്നിയതു കൊണ്ട് പറയട്ടെ... കലോത്സവത്തിൽ ഒരു കോളേജിന്റെ പോയിന്റും അവരുടെ സ്ഥാനവും ഒരിക്കലും ആ യൂണിയന്റെ മിടുക്കായി കാണരുത്. പങ്കെടുക്കുന്ന കാലാകാരന്മാരുടെ വിയർപ്പിന്റെ വിലയാണത്. ഒരിക്കലും *** ഭരിക്കുന്നത് കാരണമാണ് നമുക്കൊന്നും കിട്ടാത്തത് *** ആയിരുന്നു യൂണിയനെങ്കിൽ കിട്ടിയേനെ എന്നുള്ള ഒരു ചിന്താഗതി ശരിയല്ല. കലയിൽ രാഷ്ട്രീയം കലർത്തുന്നതിനോടും കലർത്തുന്നവരോടും പണ്ടേ വിയോജിപ്പാണ് എനിക്ക്. പിന്നെ, രാഷ്ട്രീയപരമായി സ്വാധീനം ചെലുത്തി അധികാര ദുർവിനിയോഗം നടത്തി സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി തിരിമറി നടത്തുന്നവരും ഉണ്ടാകാം. ആരെയും എടുത്ത് പറഞ്ഞ് വിമർശിക്കാൻ താത്പര്യപ്പെടുന്നില്ലാത്തതു കൊണ്ട് അതിനെ പറ്റി അധികം പറയുന്നില്ല.





> യൂണിവേഴ്സിറ്റി കലോത്സവങ്ങളിലെ രാഷ്ട്രീയത്തെ കുറിച്ചും ചർച്ച ചെയ്യാതെ പോകുന്നത് ശരിയല്ല, എന്ന് തോന്നിയതു കൊണ്ട് പറയട്ടെ... കലോത്സവത്തിൽ ഒരു കോളേജിന്റെ പോയിന്റും അവരുടെ സ്ഥാനവും ഒരിക്കലും ആ യൂണിയന്റെ മിടുക്കായി കാണരുത്.

ഇവിടെ ചിന്തിക്കേണ്ട മറ്റൊരു കാര്യം കലാകാരന്മാരുടെ മത്സരമാണെങ്കിലും അതിലും വലിയ മത്സരം നടക്കുന്നത് പരിശീലനം നൽകുന്ന അധ്യാപകർ തമ്മിലാണ് എന്നുള്ളതാണ്. ആത്മാർത്ഥമായി പരിശീലനം നൽകി തന്റെ കുട്ടികളെ ഒന്നാമതെത്തിക്കുക എന്ന ഉദ്ദേശത്തിൽ മാത്രം പരിശീലിപ്പിക്കുന്ന അധ്യാപകരുണ്ട്. അതിനു നേർവിപരീതമെന്നോണം എന്ത് ചെയ്തിട്ടാണെങ്കിലും ഒന്നാം സ്ഥാനം വാങ്ങി കൊടുക്കുക എന്ന ദുരുദ്ദേശത്തിൽ പരിശീലനം നൽകുന്ന അധ്യാപകരും ഉണ്ട്. ഇക്കൂട്ടർക്ക് കുട്ടികളുടെ കലയെ പരിപോഷിപ്പിക്കുക എന്ന ഉദ്ദേശത്തിനും മേലെയാണ് അവരുടെ പേരും പ്രശസ്തിയും, അതേപോലെ തന്നെ അവരുടെ മാർക്കറ്റിംഗും.

അപ്പോ പറഞ്ഞു വന്നത് എന്തെന്നാൽ, കലയെ കലയായി കാണാൻ പഠിക്കുക. കലാകാരന്മാരെയും അവരുടെ കഴിവുകളെയും ബഹുമാനി



> ആത്മാർത്ഥമായി പരിശീലനം നൽകി തന്റെ കുട്ടികളെ ഒന്നാമതെത്തിക്കുക എന്ന ഉദ്ദേശത്തിൽ മാത്രം പരിശീലിപ്പിക്കുന്ന അധ്യാപകരുണ്ട്. അതിനു നേർവിപരീതമെന്നോണം എന്ത് ചെയ്തിട്ടാണെങ്കിലും ഒന്നാം സ്ഥാനം വാങ്ങി കൊടുക്കുക എന്ന ദുരുദ്ദേശത്തിൽ പരിശീലനം നൽകുന്ന അധ്യാപകരും ഉണ്ട്. ഇക്കൂട്ടർക്ക് കുട്ടികളുടെ കലയെ പരിപോഷിപ്പിക്കുക എന്ന ഉദ്ദേശത്തിനും മേലെയാണ് അവരുടെ പേരും പ്രശസ്തിയും, അതേപോലെ തന്നെ അവരുടെ മാർക്കറ്റിംഗും.




ക്കുക. ദൈവം നേരിട്ട് അനുഗ്രഹിച്ച് ഈ ഭൂമിയിലേക്ക് അയക്കുന്നവരാണവർ. കലോത്സവ വേദികൾ കലാകാരന്മാരുടെ കണ്ണീരു വീഴുന്ന കലാപഭൂമികൾ ആയി മാറാത്ത നാളെയുടെ ദിനങ്ങൾക്കായി ശുഭപ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം.

# നാഷണൽ സർവീസ് സ്കീം എന്ന വേദിയുടെ പ്രസക്തി

ARUN TOMY
ELS6

ഞാൻ ന്യൂമാൻ കോളേജിലെ എൻ.എസ്.എസ് വോളന്റിയർ ആയിരുന്നു എന്നതിനപ്പുറം ഇപ്പോഴും വോളന്റിയർ ആണ് എന്ന വികാരം ഉള്ളിൽ തന്നെ എന്നും ഉണ്ടാകും" എന്ന് സീനിയേർസ് പറഞ്ഞു പഠിപ്പിച്ചപ്പോൾ പുച്ഛരിച്ചു ചിരിച്ചവരിലെ മുൻനിരയിൽ നിന്നും ഇപ്പോൾ എൻ.എസ്.എസ് കാലഘട്ടത്തിലെ ഒരുപിടി നല്ല ഓർമ്മകളെ, കോളേജുകാല ഓർമകളോട് ചേർത്തുവയ്ക്കുന്ന മുൻവിദ്യാർത്ഥിയായി പടി ഇറങ്ങുമ്പോൾ കഴിഞ്ഞു പോയ മൂന്ന് വർഷങ്ങളും കൺമുമ്പിൽ കാണാൻ സാധിക്കും.


2017 ബാച്ചിൽ ന്യൂമാനിൽ വന്ന എനിക്ക് നാഷണൽ സർവീസ് സ്കീമിനെ പറ്റി വലിയ അറിവ് ഒന്നുമില്ലായിരുന്നു. മറ്റെല്ലാവരെയും പോലെ തന്നെ പരിചയങ്ങൾ നേടാൻ, സൗഹൃദങ്ങൾ പ്രതീക്ഷിച്ചു മാത്രമായിരുന്നു നാഷണൽ സർവീസ് സ്കീമിൽ ഞാൻ ചേർന്നത്. പൊതുവെ പാഠ്യേതര വിഷയങ്ങളിൽ തല്പരനായിരുന്ന ഞാൻ നാഷണൽ സർവീസ് സ്കീമിന്റെ ഭാഗമായി നടത്തിയ എല്ലാ പരിപാടികളിലും പങ്കെടുത്തു പോന്നു. ക്ലാസുകൾ കട്ട് ചെയ്യുന്നതിനപ്പുറം നാഷണൽ സർവീസ് സ്കീമിനോട് സ്നേഹവും ഉത്തരവാദിത്തവും തോന്നാൻ കാരണങ്ങൾ പിന്നീട് അനവധി ആയിരുന്നു.

2017 കാലഘട്ടത്തിൽ കേരളം സാക്ഷിയായ വൻ ദുരന്തമായിരുന്നു ഓഖി ചുഴലിക്കാറ്റ്. ദുരന്തങ്ങളെ പറ്റി വാർത്തകൾ അനവധി ഞാൻ കണ്ടിട്ടുണ്ട്, ദുരന്തമുഖങ്ങളിൽ ഓടിനടക്കുന്ന രക്ഷാപ്രവർത്തകരെയും അവരുടെ സാഹസങ്ങളും കണ്ടിട്ടുണ്ട്. അന്ന് ന്യൂമാൻ കോളേജിലെ നാഷണൽ സർവീസ് സ്കീം, കോളേജിലെ എൻ.സി.സി യൂണിറ്റിനോടൊപ്പം സഹായപ്രവർത്തനത്തിന് പോകുന്നുണ്ടെന്ന് അറിയിച്ചപ്പോൾ, ഏതൊരു പതിനെട്ടുകാരനെയും പോലെ ആവേശമായിരുന്നു. പിന്നീട് ചെല്ലാനം തീരപ്രദേശത്തു ചെന്നുകഴിഞ്ഞാണ് ആവേശം അല്ല നാഷണൽ സർവീസ് സ്കീം, മറിച്ച് സമൂഹത്തിന്റെ ആവശ്യമാണ് എന്ന് തിരിച്ചറിഞ്ഞത്. ഒരു ആയുസിന്റെ അദ്ധ്വാനം കൊണ്ട് കെട്ടിപ്പടുത്ത വീടും കുടുംബവും ശിഥിലമാക്കി കളഞ്ഞ ആ കടൽതീരത്തെ വീടുകൾക്കൊപ്പം നിന്നപ്പോൾ, കോളേജിൽ നിന്നും ശേഖരിച്ച ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തപ്പോൾ, അവരുടെ കണ്ണുകളിലെ നിസ്സഹായാവസ്ഥ ആയിരുന്നു എൻ.എസ്.എസിൽ തുടരാനും പ്രവർത്തിക്കാനും എന്റെ പ്രചോദനം. ഒരു പക്ഷേ, ഒരോ എൻ.എസ്.എസ്.കാരനും അവനെ സമൂഹത്തിനു ആവശ്യമുണ്ടെന്ന്



മനസ്സിലാക്കിപ്പിക്കുന്ന ചിത്രം. താല്കാലിക സുഖം തേടി മദ്യവും മയക്കുമരുന്നും അന്വേഷിക്കുന്നവർ കാണേണ്ടത് അച്ഛനെയും അമ്മയെയും മകനെയും ഭർത്താവിനെയും നഷ്ടപ്പെട്ടവർ ഭക്ഷണധാന്യങ്ങൾ കിട്ടിയപ്പോൾ നിറകണ്ണുകളോടെ സ്വീകരിക്കുന്ന കാഴ്ചയാണ്. കേവലം ഹാഷ്ടാഗുകളിലൂടെ സഹതാപം അറിയിക്കുന്ന യുവാക്കളിൽ നിന്നും മാറി നിന്നു എനിക്ക് പ്രവർത്തിക്കാൻ ആയതിൽ ഞാൻ കണ്ടെത്തിയ അഭിമാനം ആയിരുന്നു എൻ.എസ്.എസ് എനിക്ക് സമ്മാനിച്ചത്.

ഒന്നാം വർഷത്തിൽ ചെല്ലാനം ഒരു പാഠമായപ്പോൾ, ഞാൻ പോലുമറിയാതെ സമ്പാദിച്ച സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിലെ പ്രമുഖരും സന്നദ്ധപ്രവർത്തകരും ഇന്നും സൗഹൃദം സൂക്ഷിക്കുന്നു. കോളേജിലെ എൻ.സി.സി യൂണിറ്റിനോട് അന്ന് തുടങ്ങിയ സൗഹൃദം ഇന്നും അതുപോലെ തന്നെ സൂക്ഷിക്കാനാവുന്നു. താലൂക്ക്, ജില്ലാതല പരിപാടികൾ, ബോധവത്കരണ പരിപാടികൾ, കലാസാംസ്കാരിക പരിപാടികൾ എന്നിവകളിലെല്ലാം ന്യൂമാൻ എൻ.എസ്.എസ് കൈവരിച്ച വിജയങ്ങളിൽ കലാകാരൻമാർക്കൊപ്പം വളർന്നു വന്ന സംഘാടകരിൽ



ഒരാൾ ആവാൻ കഴിഞ്ഞതും മറ്റൊരു നേട്ടമാണെന്ന് പറയാതെ വയ്യ. അന്താരാഷ്ട്ര തലത്തിലും, കേന്ദ്ര സർക്കാർ തലത്തിലും, സർവകലാശാല തലത്തിലും എൻ.എസ്.എസ്സിന് കിട്ടുന്ന പ്രാധാന്യം വളരെ വലുതാണ്. അതുകൊണ്ട് തന്നെയാണല്ലോ പലവിധ ക്യാമ്പുകളും സ്റ്റഡി ടൂറുകളും പല കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി സൗജന്യമായി ഒരുക്കുന്നത്. ഈ ക്യാമ്പുകളിൽ അന്താരാഷ്ട്ര ക്യാമ്പുകൾ, ദേശീയ തലത്തിലുള്ള സാഹസിക- കൾച്ചറൽ എക്സ്ചേഞ്ച് ക്യാമ്പുകൾ, ലീഡർഷിപ് ക്യാമ്പുകൾ, റിപ്പബ്ലിക്ക് ദിന പരേഡിനുള്ള ക്യാമ്പുകൾ, അങ്ങനെ പലവിധ ക്യാമ്പുകൾ ഇതിൽ ഉൾപ്പെടുന്നു.


ഒരു ശരാശരി മലയാളി കോളേജ് വിദ്യാർത്ഥിയുടെ സ്വപ്നലക്ഷ്യസ്ഥാനമായ ഹിമാചലിലെ മണാലിയിലും എന്നെ എത്തിച്ച എൻ.എസ്.എസ്. എന്ന വേദി എന്നെ പോലുള്ള ഒട്ടനവധി വിദ്യാർത്ഥികൾക്ക് നട്ടെല്ല് ആയിമാറി എന്നതിൽ സംശയമില്ല. മണാലിയിലെ അസ്ഥികോച്ചുന്ന കൊടും തണുപ്പിൽ ഒരോ ടാസ്കുകളിലൂടെ പരിചയസമ്പത്തുള്ള സാഹസിക വിദഗ്ധർ ഞങ്ങളെ ദുരന്തമുഖങ്ങളിലും ആത്മധൈര്യം മുറുകെ പിടിക്കുവാൻ സജ്ജരാക്കി. ചുരുങ്ങിയ പത്തു ദിവസങ്ങൾ കൊണ്ട് ഇതരസംസ്ഥാനങ്ങളിലെ വിദ്യാർത്ഥി സുഹൃത്തുക്കളിൽ നിന്നും സൗഹൃദവലയം നേടി എന്നതും ശ്രദ്ധേയമാണ്. ഏതൊരു കഠിന പ്രതിസന്ധിയെയും അഭിമുഖീകരിക്കാനുള്ള ധൈര്യമാണ് ഈ വേദി നൽകുന്നതെന്ന് സധൈര്യം ഏതു എൻ.എസ്.എസ്സുകാരനും പറയും. ഒരു വേദി കൈകാര്യം ചെയ്യുന്നതിലെ കാര്യങ്ങൾ, രീതികൾ, അടിസ്ഥാന ആവശ്യങ്ങൾ, ഇതിനു ആവശ്യം വരുന്ന കമ്പ്യൂട്ടർ, ഡിജിറ്റൽ ഉൽപന്നങ്ങളെ പറ്റിയുള്ള അറിവ്, അവ കൈകാര്യം ചെയ്യുവാനുള്ള പരിശീലനം എന്നിവയെല്ലാം പൂർണമായി എൻ.എസ്.എസ്സിൽ പ്രവർത്തിക്കുന്ന എല്ലാ വോളന്റിയേഴ്സിനും പരിചയപ്പെടുത്തി അതിൽ നൈപുണ്യനാക്കുന്നതിലുള്ള സീനിയേർസിന്റെ പങ്കും ചെറുതല്ല. ആളുകളോട് ഇടപെടേണ്ടുന്ന രീതി, സംസാരരീതി എന്നിവയെല്ലാം തിരുത്തി ഉപദേശിച്ചു പോരുന്നു. 2018, 2019 വർഷങ്ങളിലെ പ്രളയകാലത്തും എൻ.എസ്.എസ്.കാരുടെ പ്രവർത്തനം വീണ്ടും അവരുടെ സമൂഹത്തോടുള്ള പ്രതിബദ്ധതയെ ഉയർത്തികാട്ടുന്നു. വയനാട്, ആലപ്പുഴ, ആലുവ, ഇടുക്കി തുടങ്ങി അനവധി സ്ഥലങ്ങളിലേക്ക് സഹായമെത്തിച്ചപ്പോൾ പ്രദേശവാസികളുടെ




നന്ദി വാക്കുകളിൽ വോളന്റിയർസിന്റെയും ക... നിറഞ്ഞിരുന്നു. പ്രളയക്കെടുതികൾക്കിടയിലും കാലാവസ്ഥയെ അവഗണിച്ചു ന്യൂമാനിൽ നിന്ന് ജൂനിയേർസും സീനിയേർസും ഒരേപോലെ ഒന്നായി നിന്ന് ഒരു പ്രദേശത്തെ അഞ്ചു വീടുകൾ പൂർണസ്ഥിതിയിലേക്കാളും നന്നായി തിരിച്ചു നൽകിയതും ഇന്നലെ എന്ന പോലെ ഓർക്കുന്നു.

ഇതു പോലുള്ള അനവധി സ്ഥലങ്ങളിലും സന്ദർഭങ്ങളിലും സമൂഹം കാഴ്ചക്കാരായി നിൽക്കുമ്പോൾ, ഞങ്ങളുടെ ജൂനിയേർസ് മുൻകൈ എടുത്തു സന്നദ്ധപ്രവർത്തനത്തിൽ പങ്കാളികളായതിലും ഏതൊരു വോളന്റിയർ സെക്രട്ടറിയെയും പോലെ തന്നെ ഞാനും അഭിമാനിക്കുന്നു. പാവപ്പെട്ട കുട്ടികൾക്ക് സഹായമെത്തിക്കുന്നതിലും, സഹായാഭ്യർത്ഥന ഇരുചെവി അറിയാതെ നിറവേറ്റുന്നതിലും ന്യൂമാനിലെ എൻ.എസ്.എസ് കുട്ടികൾ വഹിച്ച പങ്ക് പ്രശംസാർഹമാണ് എന്ന...

2020 ൽ നടന്ന ദുരന്തങ്ങളും പ്രതിസന്ധികളും ദിവസേന നവമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. ട്രോൾ ഗ്രൂപ്പുകളും പേജുകളും ശക്തിയാർജ്ജിച്ചു വരുന്നു, ഒപ്പം കലകളും കലാപ്രതിഭകളും വിരിഞ്ഞു വരുന്നു. ഓൺലൈനിലും ക്യാമ്പ് രൂപേണ കാര്യപരിപാടികൾ നടത്തി എൻ.എസ്.എസ് പ്രവർത്തിക്കുന്നത് കാണുമ്പോൾ മനസ്സിൽ ഉച്ചത്തിൽ ഒരു ഐക്യം വിളി ഉയരുന്നു - എൻ.എസ്.എസ് ഐക്യം!





തിലുപരി ആ കുട്ടികൾ നമ്മുടെ സമൂഹത്തിന് അഭിമാനമാണ്. കോളേജിലെ ഏതൊരു ആവശ്യത്തിനും പെട്ടെന്ന് സമീപിക്കാൻ കഴിയുന്ന ആളുകളായി എൻ.എസ്.എസ്സിന്റെ പ്രോഗ്രാം ഓഫീസേഴ്സിനെയും വോളന്റിയർ സെക്രട്ടറിയെയും വോളന്റിയേർസിനെയും കോളേജ് പല സന്ദർഭങ്ങളിലും അംഗീകരിച്ചതാണ്.

2020-ൽ ഡിഗ്രി പൂർത്തിയാക്കി കോളേജ് വിടുമ്പോൾ ഏത് പ്രശ്നവും നേരിടാനുള്ള ധൈര്യവും, സഹായത്തിന് ഒരു പറ്റം സുഹൃത്തുക്കളും അധ്യാപകരും കൂടെ ഉണ്ട് എന്ന ആത്മവിശ്വാസവും ഏതൊരു എൻ.എസ്.എസ്.കാരനും ഉണ്ട്. ന്യൂമാൻ കോളേജിൽ നിന്ന് നേടിയ ഒട്ടനവധി നേട്ടങ്ങൾക്കും, സർവകലാശാല മികച്ച വോളന്റിയർ പുരസ്കാരത്തിന് കാരണമായ ന്യൂമാനിന്റെ എൻ.എസ്.എസ് വോളന്റിയർ, എൻ.എസ്.എസ് വോളന്റിയർ സെക്രട്ടറി എന്ന പദവികൾ നൽകി അവസരം നൽകിയ ന്യൂമാൻ എൻ.എസ്.എസ്.നെയും, കോളേജ് പ്രിൻസിപ്പൾ ആയിരുന്ന വിൻസെന്റ് അച്ചനെയും, നിലവിലെ പ്രിൻസിപ്പൾ ഡോ. തോംസൺ സാറിനെയും, വൈസ് പ്രിൻസിപ്പാൾ ഡോ. മാനുവൽ പിച്ചളക്കാട്ട് അച്ചനെയും, പ്രോഗ്രാം ഓഫീസേർസ് ആയിരുന്ന ഡോ. സജു സാറിനെയും, ഡോ. നാൻസി മിസ്സിനെയും, നിലവിലെ ഓഫീസേർസ് ആയ പ്രൊഫ. ജിതിൻ സാറിനെയും, ഡോ. നീരദ മിസ്സിനെയും സുഹൃത്ത് വോളന്റിയേർസിനെയും ഒരുപാട് നന്ദിയോടെ ഓർക്കുന്നു.

2020 ൽ നടന്ന ദുരന്തങ്ങളും പ്രതിസന്ധികളും ദിവസേന നവമാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. ട്രോൾ ഗ്രൂപ്പുകളും പേജുകളും ശക്തിയാർജ്ജിച്ചു വരുന്നു, ഒപ്പം കലകളും കലാപ്രതിഭകളും വിരിഞ്ഞു വരുന്നു. ഓൺലൈനിലും ക്യാമ്പ് രൂപേണ കാര്യപരിപാടികൾ നടത്തി എൻ.എസ്.എസ് പ്രവർത്തിക്കുന്നത് കാണുമ്പോൾ മനസ്സിൽ ഉച്ചത്തിൽ ഒരു ഐക്യം വിളി ഉയരുന്നു - എൻ.എസ്.എസ് ഐക്യം!

"ഒരു ശരാശരി മലയാളി കോളേജ് വിദ്യാർത്ഥിയുടെ സ്വപ്നലക്ഷ്യസ്ഥാനമായ ഹിമാചലിലെ മണാലിയിലും എന്നെ എത്തിച്ച എൻ.എസ്.എസ്. എന്ന വേദി എന്നെ പോലുള്ള ഒട്ടനവധി വിദ്യാർത്ഥികൾക്ക് നട്ടെല്ല് ആയിമാറി എന്നതിൽ സംശയമില്ല. മണാലിയിലെ അസ്ഥികോച്ചുന്ന കൊടും തണുപ്പിൽ ഒരോ ടാസ്കുകളിലൂടെ പരിചയസമ്പത്തുള്ള സാഹസിക വിദഗ്ധർ ഞങ്ങളെ സജ്ജരാക്കി എന്നതും ശ്രദ്ധേയമാണ്.



# Wistful Woman Freedom...!

Roshni B. Karimbani
LS4

We mark with red letters the International Women's Day, each and every year on 8th March. That day, most of us eagerly put up statuses and likes on social media glorifying women and the need for women empowerment. Each one of us are glad and concerned about the emancipation of women that whole day. But, should it get limited to that single day? We should have serious contemplations in this regard. The need for invulnerability as well as enfranchisement of women is at its zenith for the time being. And, the matter should be dealt with great cognizance and astuteness of thought, I firmly believe.

Foremost, women's safety, both physical and mental, must be concerned. In our society, violence and atrocities against women and female children are increasing at an alarming rate. The status of women's safety is far below par in our country when compared to Western nations. There is not even a single day, without the reports of women and female children being abused. Then comes the societal status of women. In India, especially in the northern states, women are under-educated and they are not even aware about the importance of being educated. What's more, they are marginalised and differentiated at multiple levels by the patriarchal social setup, leading them to sustain a precarious and predicamental existence.

According to reports, in India on an average of 90 cases are reported daily. This is the average of the total reported cases. There are other cases which are left unreported by women lest they would have to suffer further. The Nirbhaya case, which affrighted the whole country, and sparked nation wide protests, was granted justice after seven long years of legal battle. This shows how ridiculous our system is. The Kathua case where an 8 - year old girl, was brutally raped and murdered inside a temple, had broken further, the conscience of our nation which exalts its culture every now and then. If we have a look into the records, many more cases are there which are kept unseen and unheard.

Similar instances can be found in Kerala as well. The cases of late Jisha and late Soumya are some among them that stand out.

There isn't an end to all these hitherto. But, there should be. What Government and other social mechanisms can do is at the secondary level. At the primary level, it is the individual who has to undergo paradigm shifts in the treatment and perception we have for women. It is high time for us to teach ourselves not to consider, but to understand our female counterparts as our equals, whosoever they may be. It is high time for us to teach our sons to understand that they have no superiority over their sisters. It is high time for us to teach our daughters that they are no less than their brothers. And, It is high time for us to understand that men and women are the same in existence, though they have some differences in their physiology and psychology!

# രാജാളിപ്പക്ഷിയുടെ ഇന്ത്യ

കഴിഞ്ഞ 2019 ഡിസംബർ മാസം 14ാം തിയ്യതി മുതൽ ഉത്തരേന്ത്യയിലെ രാജ്യസ്നേഹികൾക്ക് ഉറക്കമില്ലായിരുന്നു. കോച്ചുന്ന തണുപ്പിൽ കയ്യിൽ കരിവളയണിഞ്ഞ് പിഞ്ചുകുഞ്ഞിനേയുമേന്തി ഷാഹിൻ ബാഗിന്റെ തെരുവോരങ്ങളിൽ അവർ തടിച്ചുകൂടി. എന്റെ രാജ്യത്തെ മതത്തിന്റെ പേരിൽ ഭിന്നിക്കുവാൻ ആർക്കും സാധ്യമല്ലെന്ന് അവർ വിളിച്ചു പറഞ്ഞു.


*"തു ഷാഹിൻ ഹേ പർവ്വാസ് ഹേ*
*കാം തേരാ*
*തേരാ തേരേ സാംനേ ആസ്മാൻ*
*ഹേ ഓർ ഭീ".*

"നീ രാജാളിപക്ഷിയാണ്, പറക്കലാണ് നിന്റെ ധർമ്മം. നിനക്കിനിയും പറന്നുയരാൻ ആകാശങ്ങളുണ്ട്".

അല്ലാമാ ഇഖ്ബാലിന്റെ ഈ സൈദ്ധാന്തിക വരികൾ ശാഹിൻ ബാഗിന്റെ തെരുവോരങ്ങളിൽ അലയടിച്ചു. ഒരു പായ്ക്കറ്റ് ഉപ്പ് പോലും മേടിക്കാൻ പുറത്തിറങ്ങാത്ത സ്ത്രീകൾ ഈ രാജ്യം കണ്ട ഭീതികരമാം തണുപ്പിനെ പോലും വകവെയ്ക്കാതെ ഫാസിസ്റ്റ് ഭരണക്കൂടത്തിനെതിരെ ശബ്ദമുയർത്തി. പിറന്ന മണ്ണിൽ ജീവിക്കാൻ അടിയാധാരം ചോദിക്കുന്നവരോട് "ആദ്യം നിങ്ങളുടേത്" എന്ന് ഉറച്ച സ്വരത്തിൽ ഒന്നായി അവർ വിളിച്ചു പറഞ്ഞു.

ഈ രാജ്യത്തെ ഒരു വർഗ്ഗീയവാദിയുടെ മുന്നിലും അടിയറവു വെയ്ക്കാൻ ചോരത്തിളപ്പുള്ള ഒരു രാജ്യസ്നേഹിക്കും കഴിയില്ല. പാർലമെന്റിലെ കസേരകളുടെ എണ്ണം നോക്കിയിട്ട് ഈ നാടിനെ ഭിന്നിച്ചുഭരിക്കുക എന്ന നാസിസ നിലപാട് നിങ്ങൾ എടുത്താൽ എല്ലാം കയ്യും കെട്ടി നോക്കിയിരിക്കാൻ ഇന്ത്യയിലെ 135 കോടിയോളം വരുന്ന ജനതക്കാവില്ല. വർഗ്ഗീയ വിഷവിത്തുകൾ പാകി.. കലാപഭൂമിയാക്കാൻ ശ്രമിക്കുന്നവർ ഇവിടുത്തെ മഹനീയ പാരമ്പര്യത്തെ.. പോരാട്ടം നിറഞ്ഞ ഗതകാലത്തെ.. സുന്ദരമായ ജനാധിപത്യത്തെ... ക്കുറിച്ചോന്നോർക്കണം..... ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയിലെ അഭിഭാഷകനും മുതിർന്ന രാജ്യസഭാ അംഗവുമായ കപിൽ സിബൽ ഒരിക്കൽ പാർലമെന്റിന്റെ അകത്തളത്തിൽ ഉച്ചത്തിൽ സംസാരിച്ചു കൊണ്ട് പറഞ്ഞു. "രണ്ട് ദിനോസറുകൾ മാത്രം ഭരിക്കുന്ന ഒരു ജുറാസിക് റിപ്പബ്ലിക് അല്ല ഇന്ത്യ". അതെ ഇവിടെ ഉണ്ട് ഈ രാജ്യത്തെ അതിന്റെ ഓജസ്സോടും തേജസ്സോടും കൂടി പരിപാലിക്കുന്നവർ. അവരുടെ കരങ്ങൾക്ക് ശക്തി പകരുക എന്നതാണ് ഓരോ പൗരന്റെയും ധർമ്മം.

പറയാൻ പോലും ഒരു ചരിത്ര നായകർ ഇല്ലാത്ത നിങ്ങൾ ഇന്ന്



പാർലമെന്റിന്റെ അകത്തളത്തിൽ വന്ദ്യനായ ഗാന്ധിജിയുടെ പുഞ്ചിരി നിറഞ്ഞ ചിത്രം തൂക്കിയ ചുവരിനെതിരെ നിങ്ങൾ അയാളെ പ്രതിഷ്ഠിച്ചു. ഈ രാജ്യത്തിനായി രാവും പകലും ഊണും ഉറക്കവുമില്ലാതെ പണിയെടുത്ത് ആ മഹാത്മാവിനോട് പുറംതിരിഞ്ഞല്ലേ നിങ്ങളത് ചെയ്തത്.... അല്ലെങ്കിലും ഈ രാജ്യത്തോട്... ഈ രാജ്യത്തിന്റെ പൈതൃകത്തോട്... ഈ രാജ്യത്തെ ജനാധിപത്യ സംവിധാനങ്ങളോട്... ഈ രാജ്യത്തെ പൗരന്മാരോട് പുറംതിരിഞ്ഞ നിങ്ങൾക്കത് ചെയ്യുവാനാകൂ....

ചരിത്രത്തെ പുനർനിർമിക്കാൻ ശ്രമിക്കുകയാണോ?.. അഞ്ചോ ആറോ തവണ ഈ രാജ്യത്തെ ഒറ്റിക്കൊടുക്കാൻ വെള്ളക്കാരന്റെ ഷൂ നക്കിയ ഭീരു എങ്ങിനെ ധീരനായി? ആൻഡമാനിലെ ജയിലറകൾക്ക് ആ സത്യങ്ങളെ മൂടി വെയ്ക്കാനാവില്ല.

പാർലമെന്റിന്റെ അകത്തളത്തിൽ വന്ദ്യനായ ഗാന്ധിജിയുടെ പുഞ്ചിരി നിറഞ്ഞ ചിത്രം തൂക്കിയ ചുവരിനെതിരെ നിങ്ങൾ അയാളെ പ്രതിഷ്ഠിച്ചു. ഈ രാജ്യത്തിനായി രാവും പകലും ഊണും ഉറക്കവുമില്ലാതെ പണിയെടുത്ത് ആ മഹാത്മാവിനോട് പുറംതിരിഞ്ഞല്ലേ നിങ്ങളത് ചെയ്തത്... അല്ലെങ്കിലും ഈ രാജ്യത്തോട്... ഈ രാജ്യത്തിന്റെ പൈതൃകത്തോട്... ഈ രാജ്യത്തെ ജനാധിപത്യ സംവിധാനങ്ങളോട്... ഈ രാജ്യത്തെ പൗരന്മാരോട് പുറംതിരിഞ്ഞ നിങ്ങൾക്കത് ചെയ്യുവാനാകൂ...

ഫാസിസ്റ്റ് ഭരണകൂടത്തിന് ഓശാന പാടുന്ന ചാനൽ റിപ്പോർട്ടർമാർ ആയിരം പേരുണ്ടായാലും ഈ രാജ്യത്തെ ഒറ്റ് കൊടുക്കാൻ ഇവിടുത്തെ പൗരബോധമുള്ള തലമുറക്കാവില്ല. അവർക്ക് വഴികാട്ടി തന്നത് സ്വന്തം ജീവൻ പോലും ഫാസിസ്റ്റ് ഭരണകൂടത്തിനെതിരെ സംസാരിച്ചു എന്നതിന്റെ പേരിൽ നിഷ്കരുണം കൊലചെയ്യപ്പെട്ട ഗൗരി ലങ്കേഷും ഗോവിന്ദ് പൻസാരെയും കൽബുർഗിയും പോലുള്ള അനവധി നിരവധി മാധ്യമ പ്രവർത്തകരും എഴുത്തുകാരുമാണ്. നിങ്ങൾക്കെതിരെ കത്തയച്ച മുപ്പതോളം വരുന്ന സാഹിത്യകാരന്മാർക്കെതിരെ അകാരണമായി കേസെടുത്തു. എന്നാൽ അവർക്കനുകൂലമായി ഈ നാടും ഒത്തുചേർന്നു. അങ്ങനെ ഉയർത്തുന്ന കരങ്ങളൊക്കെയും വെട്ടി മാറ്റാൻ ശ്രമിച്ചാൽ എത്ര നാൾ അത് തുടരാനാകും.

ഷാഹിൻ ബാഗിലെ കരങ്ങൾ തളരുകയില്ല. അത് നീതിക്ക് വേണ്ടിയാണ്... നന്മക്ക് വേണ്ടിയാണ്... ഈ കേരളത്തിൽ കോഴിക്കോട് കടപ്പുറത്ത് നാം ഒരു പ്രതീകാത്മക ഷാഹിൻ ബാഗ് പടുത്തുയർത്തി. ലോകം വിറങ്ങലിച്ച ആ മഹാമാരിക്ക് മുന്നിൽ അത്തരത്തിലൊരു ഒത്തുകൂടലേ നമുക്കാവാതേ പോയുള്ളൂ... എന്നാൽ പ്രതിഷേധത്തിന്റെ തീജ്വാലകൾ കുറച്ചുകൂടി പ്രോജ്വലമായി കത്തുന്നു... ഒരിക്കൽ അത് ആളിപ്പടരും..... ഈ നാടിന്റെ വീണ്ടെടുപ്പിനായി...

- മാഗസിൻ കമ്മിറ്റി






# മിഥ്യ

പെയ്തൊഴിഞ്ഞ മഴ
കൊഴിഞ്ഞുപോയ
വസന്തം?
(തല്ലിക്കൊഴിച്ചിട്ട
വസന്തം)
കോർത്തുപിടിച്ച
കൈകളിൽ,
വാകമരത്തിൽ നിന്ന്.
പതിക്കുന്ന മഴത്തുള്ളി
കടൽത്തീരത്തെ
പൂഴിമണലിൽ നിർമിച്ച
പ്രണയക്കൊട്ടാരം.
കടലിൽ മുങ്ങിമരിക്കുന്ന
സൂര്യൻ
പുക മണക്കുന്ന
അടുക്കള
മൈലാഞ്ചി തണുപ്പുള്ള
തറവാട്
ചെങ്കല്ലിന്റെ പടികൾ
ദിവ്യപ്രഭ ചൊരിഞ്ഞ
വയനാട്ടുകുലവൻ
കശുമാവിൻ കൊമ്പത്ത്
കുസൃതി കാട്ടിയ മകൻ
ഈർക്കിൽത്തുമ്പുമായി
ചുവട്ടിൽ നിന്നിരുന്ന
അമ്മ.
"ഇറങ്ങെടാ
കുസൃതിക്കുരുന്നേ"
നെറ്റിയിൽ പതിഞ്ഞ
ഉമ്മകൾ
മാറോടണച്ച
രാത്രികളിൽ പൂത്ത
നിശാഗന്ധിയുടെ
സുഗന്ധം.
പെയ്തൊഴിഞ്ഞ മഴ
കൊഴിഞ്ഞു പോയ
വസന്തം.
കോർത്തു പിടിച്ച
കൈകൾ.
മിഥ്യ
എല്ലാം മിഥ്യ
സുഖം തരുന്ന മിഥ്യ

സത്യാമോൾ കെ.എസ്
MLS6



# ഓർമ്മ തൻ ഇടനാഴിയിൽ



Vinya Augustine
MS4

ആത്മാവിനുള്ളിൽ ചിറകുവിരിക്കുന്നൊ-
രായിരം ശലഭങ്ങൾ പോൽ
ഈറൻ നിലാവിൽ സുഗന്ധം പരത്തുന്ന
കാട്ടുചെമ്പകം പോൽ
ഇന്നെൻ ജീവന്റെ ആഴങ്ങളിൽ
അലതല്ലുന്നൊരീയോർമ്മകൾ
എന്നുമീ രാവിൻ നിലാവിനു
കൂട്ടായ് മരുവുന്നിതാ..
വസന്തവും ശിശിരവും ഹേമന്തവും
കൊഴിഞ്ഞു പോകുന്നൊരീ യാമങ്ങളിൽ
എന്നുമാ വഴിത്താരകൾ മാത്രം
മായാതെ മറയാതെ നിന്നു അതെ-
ൻ കലാലയ മുറ്റത്ത് തന്നെ..
സ്നേഹാരവങ്ങളും ഈണങ്ങളും
എന്റെ ജീവന്റെ ഛായാപടത്തിൽ
മായാത്ത വർണ്ണങ്ങൾ കൊണ്ടു
ചാലിച്ചൊരീ അക്ഷരസാഗര
മാണെന്റെ വിദ്യാലയം
ഓർമ തൻ താണ്ഡവം പേറി ഞാനീ
വഴിത്താരയിൽ നിനച്ചങ്ങു നിൽക്കവേ
ഒരു പിൻ വിളിക്കായ് കാതോർക്കുമോ-
രോമൽക്കിടാവായി മാറുന്ന നേരമെ-
ന്നകതാരിൽ വിടരുമോരായിരം മന്ദ-
സ്മിതങ്ങളിൽ കണ്ടതെൻ
മാർഗ്ഗദീപങ്ങളെ ആയിരുന്നു
മായാത്ത മന്ത്രത്താൽ കോർത്ത
മണിമുത്തുകൾ ശ്രുതി മീട്ടിയ പൊയ്
പോയ വൽസരങ്ങൾ
ഇന്നുമെന്നധരത്തിൽ നേർത്ത
യൊരു പുഞ്ചിരിതന്നലങ്കാരമേകുന്നിതാ




Sruthy S Nair
PS2

# ഒരു ക്വാറന്റൈൻ വിപ്ലവം


എല്ലാ സാമൂഹിക ബന്ധങ്ങളും വിച്ഛേദിച്ച് സ്വന്തം ഇടത്താവളത്തിൽ 21 ദിവസം കഴിച്ചുകൂട്ടുമ്പോൾ അതിലെ ഓരോ ദിനവും വിപ്ലവാത്മകമാണ്. എല്ലാ ദിവസവും ഒരു പുതിയ പ്രഭാതത്തിനു ജന്മം നല്കി, ഒടുക്കം വാനമാകെ ചുവപ്പിൽ മുങ്ങി ഇരുളിന്റെ പ്രഭാവത്തിൽ മരിച്ചുവീഴുന്നു. ഓരോ ദിനവും ഒരേ ലൈനിൽ സഞ്ചരിക്കുന്നതു കൊണ്ടു തന്നെ ചെറിയ ചില മാറ്റങ്ങൾ ഒഴിച്ചാൽ കഴിഞ്ഞു പോയതും വരാനിരിക്കുന്നതുമായ ദിവസങ്ങളുടെ ആകെത്തുകയായ 21-ദിനവും ഒരു പോലെ തന്നെ ആവും. എന്തായാലും എന്റെ കാര്യത്തിൽ ഇതു വളരെ ശരി ആകുവാനാണ് സാധ്യത.

പതിവുപോലെ രാവിലെ പുതപ്പിന്റെ മൂടി മാറ്റി ശാന്തമായി കിടക്കയിൽ നിന്നും എഴുന്നേറ്റു എന്നു പറഞ്ഞാൽ അതു പച്ചക്കള്ളമാകും. സമയം ഓടി ഓടി എവിടെ എത്തിയെന്ന് യാതൊരു ബോധവുമില്ലാതെ കട്ടിലിൽ ഒട്ടിപിടിച്ചുകിടക്കുന്ന ഞാൻ എണീറ്റത് നമ്മുടെ സൂര്യന്റെ മിന്നുന്ന വെളിച്ചം കണ്ണിലേക്ക് തുളച്ചുകയറിയപ്പോഴാണ് അല്ലാ! പുള്ളിയേ കുറ്റം പറഞ്ഞിട്ടും കാര്യമില്ലാ.... സമയം അതിക്രമിച്ചു കഴിഞ്ഞിരുന്നു. അങ്ങനെ മനസ്സില്ലാമനസ്സോടെ കിടക്കയോട് 2 മണിക്കൂറിന് ശേഷം കാണാമെന്ന് പറഞ്ഞ്, കണ്ണാടിയുടെ മുൻപിൽ പോസ്റ്റടിച്ചുനിന്നു. കലാംജീയുടെ ജീവിത വിജയത്തിനുള്ള അഞ്ച് ഫാക്റ്റുകൾ പറഞ്ഞതിനു ശേഷം അച്ഛനും അമ്മയും എന്താണ് പരിപാടി എന്ന് അറിയാൻ അടുക്കളയിലും പരിസരത്തും ഒന്ന് എത്തിനോക്കി. ഭാഗ്യം......


ആരുടെയും മുഖത്ത് 10.00 മണിക്ക് ഉറക്കം എണീറ്റ എന്നെ കണ്ട് പുച്ഛഭാവമില്ല. ജനജീവിതം ആകെ സ്തംഭിച്ച അവസ്ഥയിൽ അവരും വൈകിയാണ് എണീറ്റതെന്ന് ഞാൻ അനുമാനിച്ചു. പിന്നീട് ചില സംഭാഷണങ്ങൾക്കൊടുവിലാണ് എത്ര പറഞ്ഞിട്ടും വിശേഷമില്ലാത്തതിനാലുള്ള സഹതാപം മാത്രമായിരുന്നു അവർക്കെന്നോടെന്ന് മനസ്സിലായത്.

എന്ത് സമയക്രമം തെറ്റിയാലും വിശപ്പിനെ മാത്രം ആ അനിശ്ചിതത്വം ബാധിക്കാറില്ലല്ലോ. കൃത്യസമയത്ത് ഭക്ഷണം അത് നിർബന്ധാ! എന്തായാലും രാവിലത്തെ കോട്ടകഴിഞ്ഞ് കുറച്ചുനേരം വിശ്രമിക്കാമെന്നു കരുതിയപ്പോഴാണ് ഞാൻ ഇത്രയും നേരം വെറുതെ ഇരിക്കുകയാണെന്ന് കരുതി അച്ഛൻ എന്നെ അടുത്ത ജോലിക്ക് വിളിച്ചത്. പൊതുവേ അച്ഛന്റെ കൂടെ എന്തെങ്കിലും പണിക്കിറങ്ങിയാൽ പരിസരബോധമില്ലാതെ ഞാൻ മണ്ടത്തരത്തോട് മണ്ടത്തരമായിരിക്കും കാണിക്കാറ്. എങ്കിലും സ്ഥിരം എസ്കേപ്പ് ആവുന്നതുപോലെ ഞാൻ നൈസായിട്ട് രക്ഷപ്പെട്ടു.

“ ആരുടെയും മുഖത്ത് 10.00 മണിക്ക് ഉറക്കം എണീറ്റ എന്നെ കണ്ട് പുച്ഛഭാവമില്ല. ജനജീവിതം ആകെ സ്തംഭിച്ച അവസ്ഥയിൽ അവരും വൈകിയാണ് എണീറ്റതെന്ന് ഞാൻ അനുമാനിച്ചു. പിന്നീട് ചില സംഭാഷണങ്ങൾക്കൊടുവിലാണ് എത്ര പറഞ്ഞിട്ടും വിശേഷമില്ലാത്തതിനാലുള്ള സഹതാപം മാത്രമായിരുന്നു അവർക്കെന്നോടെന്ന് മനസ്സിലായത്.



സമയം നോക്കിയപ്പോ ദാ വീണ്ടും എവിടെ നിന്നോ ഒരു നിലവിളി ശബ്ദം. എന്തായാലും അതെന്റെ സ്വന്തം വയറ്റിൽ നിന്നാണെന്ന് തിരിച്ചറിയേണ്ട താമസം അടുത്ത ട്രിപ്പും അടിച്ചുകയറ്റി ഉച്ചയൂണ് കഴിഞ്ഞ് ഒരു ഉറക്കം അതാണല്ലോ നാട്ടുനടപ്പ്. ഉറങ്ങാനായി മുറിയിൽ ചെന്ന എന്നെയും കാത്ത് ഒരു അന്യഗ്രഹ ജീവിയെ പോലെ വേറെ എതോ ഒരു ലോകത്ത് മുഴുകി മൊബൈലിൽ കുത്തികൊണ്ട് എന്റെ ഒരേയൊരു ചേച്ചി ഇരിപ്പുണ്ടായിരുന്നു. നെറ്റില്ലാത്ത ഞാൻ ഹോട്ട്സ്പോട്ടിന്റെ പേരിൽ ചേച്ചിയുമായി അടികൂടി അടികൂടി അവിടെ കിടന്നുറങ്ങി. എന്തായാലും മുമ്പ് പറഞ്ഞ വാക്ക് ഞാൻ പാലിച്ചു. മൂന്ന് നാ മണിക്കൂർ ബോധം കെട്ട് ഉറങ്ങിയതിനുശേഷം ചായ കുടിക്കാനായി അമ്മ വിളിച്ചു. അതുകേട്ട പാതി കേൾക്കാത്ത പാതി കട്ടിലിൽ നിന്നും







**എല്ലാ സാമൂഹിക ബന്ധങ്ങളും വിച്ഛേദിച്ച് സ്വന്തം ഇടത്താവളത്തിൽ 21 ദിവസം കഴിച്ചുകൂട്ടുമ്പോൾ അതിലെ ഓരോ ദിനവും വിപ്ലവാത്മകമാണ്. എല്ലാ ദിവസവും ഒരു പുതിയ പ്രഭാതത്തിനു ജന്മം നല്കി, ഒടുക്കം വാനമാകെ ചുവപ്പിൽ മുങ്ങി ഇരുളിന്റെ പ്രഭാവത്തിൽ മരിച്ചുവീഴുന്നു.**

ഞാൻ ചാടി എണീറ്റു.

കഷ്ടപ്പെട്ട് ചേച്ചിയുടെ കാലുപിടിച്ച് അല്പം നെറ്റ് ഒപ്പിച്ച് ഫോൺ തുറന്നതും വാട്സാപ്പിൽ മെസേജുകൾ കുമിഞ്ഞുകൂടിയിരുന്നു. ആകാംഷയോടെയാണ് വാട്സാപ്പ് തുറന്നത്. കണ്ടതു മുഴുവനും ഇപ്പോതന്നെ സ്റ്റോറേജ് ഫുൾ ആവാറായി. അത്യാസന്ന നിലയിൽ നിൽക്കുന്ന ഫോണിലെ ബാക്കി സ്പേയ്സും കൂടി കളയാൻ പാകത്തിനുള്ള ഓൺലൈൻ തമാശകളികൾ. ആ പ്രതീക്ഷയും നശിച്ചു. ചോദിച്ച ചോദ്യം തന്നെ മെസേജ് അയച്ചും വീഡിയോ കോൾ വിളിച്ചും കോളേജും ഫ്രണ്ട്സും വരാന്തയും എല്ലാം നൊസ്റ്റു അടിച്ചും മിസ്സ് ചെയ്തും ആ വൈകുന്നേരം കടന്നുപോയി.

വൈകിട്ട് അച്ഛനും അമ്മയും ചേച്ചിയും ഞാനും കൂടി ചീട്ടുകളിക്കാൻ തുടങ്ങി. എന്തായാലും കലാംജിയുടെ വിജയ മന്ത്രം ഇന്നേറ്റു. കളിയിൽ ഞാൻ തന്നെ ജയിച്ചു. രാത്രി ഇനി ഉറക്കമില്ല. ഉച്ചയ്ക്ക് നല്ല ബെസ്റ്റ് ഉറക്കം കഴിഞ്ഞതല്ലെ. ടെലിഗ്രാമിൽ ഡൗൺലോഡാവാൻ ഇട്ടിരുന്ന പടം സന്ധ്യയായപ്പോൾ ഓക്കെയായി. രാത്രിയുടെ ഇതളുകൾ സിനിമയുടെ ത്രില്ലിൽ വാടിക്കഴിഞ്ഞിരുന്നു. സമയം രണ്ട് മണി ഹാാാ..... ഉറക്കം വരുന്നുണ്ട് എപ്പോഴാണെന്ന് അറിയില്ല വേനലിന്റെ അസ്വസ്ഥതയിൽ ദർശൻ രവാലിന്റെ പാട്ടിന്റെ രസത്തിൽ ഞാൻ ഉറങ്ങി. വീണ്ടുമൊരു വിരസ പ്രഭാതം ചിലവഴിക്കാൻ.



# THE VINTAGE VISTA..

Neol Graceson
ELS6

It was 2019, and I found myself as a final year student at Newman. The three long 'short' years which passed through, I've heard enou of the fantasies about the final year; joy about being seniors, bunking classes, hosting events, fests and finally, the college tour! I saw students enjoying and some equally complaining about campus and life here and there. But where is the fun in breaking rules when there weren't any! An we found ourselves towards the end of our college days, it was Decembe December, which was the month for our college tours for years, and we were still planning for it like some professional tour planner. "Where to, activities to do, sports, diving, Goa, Mysore, adventure, trekking".. from these questions and crazy extravagant ideas to "God! Will this tour even happen?!". We had gone through ten people and a hundred suggestions. The bus and it's colour, the speakers, DJ concerts, along with many other queries, and with luck, we packed our bags into the bus on December 12 to Udupi, Belur and Chikmagalur.

Following the usual trend, for the first_three hours,everyone was danc ing like monkeys that were set free after a long time, and finally, then bo the song and we were like exhausted batteries. As usual, there was this o guy who kept dancing alone.

Well, it was our first day together, the whole class! Four or five of us stuffed ourselves into the seat of two and complained about the hot clima Our little batch of twenty-one students in a bus of nearly fifty seats, almo made the bus seem vacant. By night we were flashing fast through the Wayanad forests. The road through the forests was so cold and creepy, th we could hardly see a thing out there, even still I could see teeny drops of rain pouring down with a gentle shushing murmur through the closed windows. Out of all the journeys I've ever had, that night was the most beautiful one to remember. The drizzling rain that poured that night, lightning up in the sky through the great tall trees; and a dozen little fawns pacing as if they were on a race with our bus. Such a bliss it was, to be cuddled by nature, with her splendour and glory and showing off her little beautiful fawns. No one else saw them as everyone was fast asleep or just too busy with their old stories. The scene was so majestic that anyone would wish for it. We changed our seats, again and again, to talk, talk and talk more.


The next day, morning, we went for the scheduled water sports at Belur, probably one of the times that we had the best laughter together. One of us even tossed our teacher into the lake, yeah everyone gets their paybacks!. We rode Banana rides and the two-man rowboats. We started with a miniature version of the boat race and ended up in boats ramming each other's boats until the instructor cursed his hell out on us. The best memory was the water park, the gigantic balloon park in the middle of the Belur lake as seen the show American Ninja Warrior!, in short, we ended up having an obstacle race in the middle of a big lake! Falling on them and sometimes under them, this kept on repeating every time anyone would leap into the next level. Leaping for the high floating balloons and missing it, then splash!! down we go again, drowning. We went through the exact events of American Ninja Warrior the adventure show, and it was just, insane!

That day by afternoon, we headed to Chikmanglur hills, by jeeps. The hills were no different from Kerala's but the weather we had there was freezing. The clouds there were the best artists I have ever seen or maybe the wind might have had a role in cloud art. Little children from the villages were there running along the hillside with their kites, while some kids stood by us expecting us to buy them something. We went to two different hill ranges; the second ranges, we reached after the sunset, though it was scheduled before sunset. The wind up there was so freakingly freezing that I could not feel my face, and we pulled over near the closest vendor to the hills, for coffee, where I and some of my friends had the guts to have icecream in that freezing wind(nearly 0 degrees)! The night that followed was the night of treats for us. It was our teacher's birthday and we celebrated the way that any teacher would dream of celebrating.



I suppose. Ghosts, relationships, politics, science stories, these non-related topics were our gossip partners for the night.

I saw our tour planner, next morning with bill in his hand, grinning at my friends who ate two or three Masala Dosas. Tea in 10ml were strange but good. Three-hour journey to the next destination, St. Mary's Island was promisingly tiring, that too in the burst of the morning, curled up in seats. Peacocks, storks, kingfishers and many other wings flew along with us. The city was crowded like some international biennale, tourists from all over the world were there. I could see Russians (they did not smile- well movies say that), while rest of them looked the same to me, I could not recognise them, but obviously, they were madamas and sayipus, along with many Indians. We crossed the sea to St.Mary's Island by boat from the cot of Malpe, and the sea behaved like water Churning in a grinder chilling our my spines, no, I was not seasick, but that churning freaked me out. Though the first thing we looked for was that PEACE for






photos, the vendors and huts set there were mesmerizing. Tourists are allowed only two hours in there, but the scenery was so mesmerizing that two mere hours was not enough, even though the island was small of one and a half square kilometres. One could say that the island was of reddish rocks, and those rocks were drilled with holes by the sea with piles of shells with years. It was the result of some volcanic activities that had happened nearly 90 million years ago, for which the reddish rocks were seen there. Unlike other seashores, St Mary's shores were covered by powdered shells. We spent two hours taking photographs and bargaining with the vendors for discounts.

To the end, the beach of Malpe, it was so busy and crowded that we could get lost at any second. There was a sport, zorbing, where a tiuge cylindrical balloon around 10 feet width, and we were supposed to get in it, which then will be rolled forward and backwards, on repeat, with the waves. Not even one of us could hold still for a second and we were tossed up and down like puppets. I was thrown out into the sea through a tiny opening and went blind for a minute, suffocating, and found myself at some foreigner's hand and then he helped me climb up that orb to leave me churning in there. Anyhow the evening was majestic, with a beautiful sunset and with people from all over the world living the moment. Yeah, the destination does not matter, it is about living the moment, someone said. I could see an old couple gleaming in the sunset, standing still like some statue. I did not see them taking any photos even though the old man had a camera, they might be living the moment, I suppose. After a heavy dinner, I could not move an inch more and we all started confessing, remembering the three years we passed by, some listened keenly staring at the speaker, some was gazing the dark through the window, picturizing their good old days that was kissed by the goodbye wind from the heart of Malpe. ■

# ഏകാന്തത

വിജനതയിൽ എന്റെ മരണത്തെ
അന്വേഷിച്ചിറങ്ങിയ കവിക്ക്
ആ ഏകാന്തതയും ഒരു തരത്തിൽ
മരണമായിരുന്നു....
ശരീരത്തെ കീറിമുറിക്കുന്ന
ആത്മചേതനയിൽ നിന്നുമുള്ള മരണം.
ബന്ധങ്ങൾ സൃഷ്ടിച്ച ബന്ധനങ്ങളിൽ
നിന്നുള്ള മരണം...
ആശകളെ വെന്തു വെണ്ണീറാക്കുന്ന
നിരാശയുടെ മരണം...
മരണത്തെ അന്വേഷിച്ചിറങ്ങിയ കവിക്ക്
സ്വന്തമാക്കാനായത് ഏകാന്തത മാത്രം...
അതെ...
മരണത്തേക്കാൾ ഭയാനകമായ ഏകാന്തത
മാത്രം...

സോന സിബി
HS4





# गुज़रे पल



कुछ प्यार थे जो हो गए,
कुछ ख्वाब थे जो खो गए,
कुछ वक्त थे जो गुज़र गए,
कुछ यार थे जो रुठ गए,
कुछ साथ थे जो छूट गए,
कुछ वादे थे जो टुट गए ।
पर सबकी ज़िदगी बदल गई
एक नए सिरे से ढल गई ।
अब जाने कौन सी नगरी मे
आबाद से जाकर बस गए ।
सारी यारी गुम हो गई
'तू' से 'तुम' और 'आप' हो गई ।
मैं गुज़रे पल को सोचूं तो
कुछ दोस्ती सामने झलक गई ।

J Ganesh Ram
ES4





Scanned with OKEN Scanner

# ചില കരുതലുകൾ: മഹാമാരി വക


Salmonu...
HS4

ഭൂമിക്കടിയിലെയും ഭൂമിക്ക് മുകളിലെയും സർവ്വവസ്തുക്കളിൽ വെച്ച് ഏറ്റവും വലിയ ശക്തി മനുഷ്യൻ തന്നെയെന്ന നമ്മുടെ ചിന്താഗതിയെ ഇടിച്ചു നിരത്തികൊണ്ട് കടന്നുവന്ന മഹാമാരി. അതാണ് കോവിഡ്.

2019 ഡിസംബറിൽ ചൈനയിലെ വുഹാനിൽ നിന്നുമാണ് ഇതിന്റെ വ്യാപനം. കൊറോണ വിഭാഗത്തിലെ സാർസ്-കോവ്-2 എന്ന വൈറസാണ് ഈ രോഗത്തിന് കാരണം. ലോകാരോഗ്യ സംഘടന കോവിഡ്-19 എന്ന് നാമകരണം ചെയ്ത് മഹാമാരിയായി ഇതിനെ പ്രഖ്യാപിച്ചു.

കഴിഞ്ഞുപോയ വർഷങ്ങൾ പരിശോധിച്ചാൽ പലഘട്ടങ്ങളിലായി പല യിടങ്ങളിൽ പലതരത്തിൽ വൈറസുകളുടെ ഭീഷണിയും അക്രമവും മനുഷ്യൻ നേരിട്ട് കൊണ്ടിരിക്കുകയാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് പ്രകൃതിക്ക് മേലുള്ള മനുഷ്യന്റെ കടന്നുകയറ്റത്തിന്റെ അനന്തര ഫലമായിട്ടാണ്. പ്രകൃതി നിയമങ്ങളും അവയുടെ മുന്നറിയിപ്പുകളും... അതിർവരമ്പുകളും... ള്ള ഒരു പ്രത്യാക്രമ...

കഴിഞ്ഞ രണ്ട് ദശ... ങ്ങൾക്കിടയിൽ മാന... ...ൃാ വർധനവുമൊക്കെയാണ്. നേരിട്ട പകർച്ച വ്യാ... ...ർദ്ധിച്ചു വരുന്ന ജനസമൂഹ മുക്കാൽ ശതമാനവു... ...ത്തിന്റെ ആവശ്യത്തിന് വേണ്ടി ന്യ രോഗങ്ങളായിരു... ...ുള്ള അശാസ്ത്രീയമായും ശരീരത്തിലെ പല ... അനിയന്ത്രിതമായുമുള്ള വന കളും പാദോജന... ...വന്യജീവി ചൂഷണം നഷ്ടമാ ഷ്യർക്കിടയിലേക്ക് എ... ...ുന്നത് അവയുടെ സ്വഭാവിക നുള്ള കാരണം ആധു... ...ആവാസവ്യവസ്ഥയാണ്. സമൂഹത്തിന്റെ വിഹ... ...അത് വഴി വന്യജീവികളെ മനു വികസന സങ്കൽപങ്ങ... ...ഷ്യർക്കിടയിലേക്ക് ഇറക്കപ്പെ അനിയന്ത്രിതമായ ജന... ...ുന്നു. ആ കൂട്ടത്തിൽ ധാരാളം ...രോഗങ്ങളും മനുഷ്യരിലേക്ക് ...ചക്കേറപ്പെടുന്നു. അതിനുള്ള ഉദാഹരണമാണ് എബോള, നിപ, സാർസ്, മെർസ്, സിക, കോവിഡ് തുടങ്ങിയ രോഗങ്ങൾ. ഈ വൈറസുകളുടെ പട്ടികയിലേക്ക് കോവിഡ് കൂടി വന്നപ്പോൾ പല ശാസ്ത്രജ്ഞരുടെയും അഭിപ്രായത്തിൽ, ഇപ്പോൾ വന്നത് ഇനി വരാനിരിക്കുന്ന മാരകരോഗങ്ങളുടെ ഒരു സൂചന മാത്രമാണെന്നാണ്.



കോവിഡ് മഹാമാരി ലോകത്തെ എല്ലാ മേഖലകളിലും ആകെ ഒരു മാറ്റത്തിന് കാരണമായതായി വിലയിരുത്തപ്പെടുന്നു. അതിലൊന്നാണ് പല കാലങ്ങളായി സർക്കാരുകൾക്കോ പരിസ്ഥിതി പ്രവർത്തകർക്കോ പ്രകൃതി സ്നേഹികൾക്കോ നടക്കാത്തതാണ് കോവിഡ് മഹാമാരിക്ക് കഴിഞ്ഞിരിക്കുന്നത്. മാനവരാശിക്ക് മേലുള്ള ദുരന്തം ഭൂമിക്ക് മറ്റൊരു തലത്തിൽ ഒരു മുറിവുണക്കൽ പ്രക്രിയയായി മാറി.

**ലോകരാഷ്ട്രങ്ങൾ മിക്കതും ലോക്ഡൗൺ പ്രഖ്യാപിച്ചതിലൂടെ, ജനജീവിതം കൂട്ടിലടക്കപ്പെട്ടതോട് കൂടി പ്രകൃതിക്ക് തനിയൊരു പുനർനിർമാണത്തിനുള്ള അവസരം കൈവന്നു. അതിന്റെ ഗുണപരമായ ഫലങ്ങളും പ്രത്യക്ഷത്തിൽ കാണാൻ കഴിഞ്ഞിരിക്കുന്നു. മലിനീകരണ തോത് കുറഞ്ഞതോടെ പ്രകൃതി അതിന്റെ സ്വാഭാവികത പതിയെ തിരികെ പിടിച്ചു തുടങ്ങിയിരിക്കുന്നു.**

ലോകരാഷ്ട്രങ്ങൾ മിക്കതും ലോക്ഡൗൺ പ്രഖ്യാപിച്ചതിലൂടെ, ജനജീവിതം കൂട്ടിലടക്കപ്പെട്ടതോട് കൂടി പ്രകൃതിക്ക് തനിയൊരു പുനർനിർമാണത്തിനുള്ള അവസരം കൈവന്നു. അതിന്റെ ഗുണപരമായ ഫലങ്ങളും പ്രത്യക്ഷത്തിൽ കാണാൻ കഴിഞ്ഞിരിക്കുന്നു. മലിനീകരണ തോത് കുറഞ്ഞതോടെ പ്രകൃതി അതിന്റെ സ്വാഭാവികത പതിയെ തിരികെ പിടിച്ചുതുടങ്ങിയത്.

വ്യവസായിക വിപ്ലവത്തിന്റെ വരവോടു കൂടി ഉത്ഭവിച്ച ഒന്നാണ് കാർബൺ പോലുള്ള വാതകങ്ങളുടെ അമിതതോതിലുള്ള പുറന്തള്ളൽ. ഇത് മൂലം ദശകങ്ങളായി ലോകം കടുത്ത അന്തരീക്ഷ മലിനീകരണമാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജ്യതലസ്ഥാനം ഉൾപ്പെടെ അതിന്റെ ഇരയായി മാറി. കോവിഡും ലോക്ഡൗണും ഉൾപ്പെടെ സംഭവിച്ചപ്പോൾ CO2 പോലുള്ളവയുടെ പുറംതള്ളൽ കുറഞ്ഞു. അതുപോലെ മലിനീകരണ തോത് ഉയർന്ന് നാശോന്മുഖമായ പല നദികളും ജീവശ്വാസം തിരികെ പിടിച്ചു തുടങ്ങി.

ഇതിന്റെ ഉദാഹരണങ്ങളാണ്, ഡൽഹിയിലെ വായു മലിനീകരണം കുറഞ്ഞ് തെളിഞ്ഞ അന്തരീക്ഷവും, വായുമലിനീകരണം കുറഞ്ഞു തെളിഞ്ഞ അന്തരീക്ഷം ഉണ്ടായപ്പോൾ പഞ്ചാബിലെ ജലന്ധറിൽ ഹിമാലയം കാഴ്ചകൾ വീണ്ടും തെളിഞ്ഞതും, മലിനമായ യമുനാ നദിയിൽ ജലം തെളിഞ്ഞ് ഒഴുകാൻ തുടങ്ങിയതും, പല നഗരങ്ങളും ശുദ്ധവായു ശ്വസിച്ചു തുടങ്ങി. ഒരിക്കൽ അപ്രത്യക്ഷമായ പല പക്ഷികളും തിരിച്ചെത്തിയതുമൊക്കെ നല്ല ഫലമാണ് കാണിക്കുന്നത്.

മനുഷ്യൻ പ്രകൃതിയെ തന്റെ കൂട്ടിലടക്കാൻ ശ്രമിച്ചപ്പോൾ പ്രകൃതി മനുഷ്യനെ തിരിച്ച് കൂട്ടിലടച്ചു എന്ന് ലളിതമായി പറയാം.

മാനവരാശിയുടെ ഓരോ ചുവടും ഓരോ പോരാട്ടങ്ങളെയും അതിജീവിച്ചു കൊണ്ടുള്ളതാണ്. ഈ ഘട്ടവും ഇതിൽ നിന്നും പഠിച്ച പാഠങ്ങളും ഇതുമൂലം വന്ന മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് പുതിയൊരു ലോകത്തിലേക്ക് നാം അതിജീവിക്കും.


■



# മിഴി

അന്നു നിൻ മിഴിയൊന്നു ചിമ്മിയപ്പോൾ
എൻ ഹൃദയമൊന്നു തകർന്നുപോയ്...
ഇന്നു നിൻ മിഴിയെനിക്കായ് തുറന്നപ്പോൾ
ഞാൻ കണ്ടു നിൻ ദിവ്യ സ്നേഹത്തേ...
അന്നു നിൻ മിഴിയെന്നെ
നോക്കാൻ മടിച്ചപ്പോൾ
ഉറക്കമെന്നെ എപ്പോഴോ
മറന്നുപോയ്...
അന്നു നിൻ മിഴിയെന്നെ
കോപമായ് നോക്കിയപ്പോൾ
ഞാൻ തേടിയലഞ്ഞു
ഒരു തുള്ളി സ്നേഹത്തെ
ഇന്നു നിൻ മിഴി ഒരു
സ്നേഹക്കാറ്റായ് വീശിയപ്പോൾ
ഞാൻ കണ്ടു നിൻ
അനുരാഗ നോട്ടത്തേ...

Edwin Jaison
PS2






ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് കേരളക്കരയുടെ അഭിമാനമായി മാറിയ പി.ബി.നൂഹ് എന്ന പ്രിയപ്പെട്ട കളക്ടർ ബ്രോയുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്.

# സുരക്ഷിതമാണീ നൂഹിന്റെ പേടകം



ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് കേരളക്കരയുടെ അഭിമാനമായി ...റിയ പി... നൂഹ് എന്ന പ്രിയപ്പെട്ട കളക്ടർ ബ്രോ, പി.കെ ബാവയുടെയും മീര ഉമ്മ...യുടെയും മകനായി ജനിച്ചു. തന്റെ വളരെ ചുരുങ്ങിയ പ്രവർത്തന കാലയളവ് കൊണ്ട് നാ...നെ അതിശയകരമായുള്ള ആശയങ്ങളും വിവേകപരമായ തീരുമാനങ്ങളും കൊണ്ട് ...ന്നിൽ നി... നയിച്ച വ്യക്തി, പി.ബി നൂഹ്. സംസാരത്തിൽ തന്നെ വളരെയധികം കാലിബറുള്ള മനുഷ്യ... പ്രളയം വന്നപ്പോൾ നൂഹിന്റെ പേടകം സുരക്ഷിതമായിരുന്നു. ശബരിമല, കൊറോ...ണ, തുട... ഒന്നിനു പിറകെ ഒന്നായി പ്രതിസന്ധികൾ പത്തനംതിട്ടയെ വിടാതെ പിടിച്ചപ്പോ... അതിജീ...ക്കാൻ മുന്നിൽ നിന്ന് നയിച്ചത് ഈ കലക്ടർ ബ്രോയായിരുന്നു. മറ്റൊരു കലക്ട...ും നേരിടാ...ത്ത തരത്തിലുള്ള പ്രതിസന്ധികളാണ് അദ്ദേഹത്തിന് മുന്നിലുണ്ടായത്.

തന്റെ പത്തനംതിട്ട ജില്ലാനായക പദവി സ്ഥാനാരോഹണത്തിനു ശേഷം ആ...ും കടന്നെ...ത്തിയത് ആഗസ്റ്റിലെ പ്രളയമായിരുന്നു. അതു കഴിഞ്ഞ് നവംബറിൽ ശബരിമല ...വിഷയങ്ങ... 2019 ഏപ്രിലിൽ ലോക്സഭാ തിരഞ്ഞെടുപ്പ്, വീണ്ടും പ്രളയം, ഒടുവിലിതാ കൊറോ...ണയെന്ന ഭീകരനും. പഴുതടച്ചുള്ള മുന്നോട്ടുള്ള യാത്ര നാടിന്റെ നായകനെ ലോക പ്രസിദ്ധനാക്കി. ഇന്ന് അമേരിക്കയിലെ മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ലോകത്തിനു മാതൃകയായി ഈ നാടിനെയും ഇതിന്റെ തലവനെയും ചൂണ്ടികാട്ടിയത് രാജ്യത്തിനു തന്നെ അഭിമാനമായി. വിവാദങ്ങളെ വിവേകപൂർവ്വം തന്റെ കർമ്മത്തിലൂടെ കൈകാര്യം ചെയ്യുന്ന കലക്ടറോട് എങ്ങനെ ഇത്തരത്തിലുള്ള ഒരു പ്രശ്ന...





രിഹാരം എന്നൊരു ചോദ്യം ചോദിച്ചാൽ മറുത്തൊരു മറുപടിയില്ല. ഒരു ചെറുപുഞ്ചിരി മാത്രം. ബോളിവുഡ് താരം കാർത്തിക ആര്യൻ പറഞ്ഞ പോലെ "നിങ്ങളാണെന്റെ ഹീറോ". എളിമയുള്ള മനസ്സും ഊർജ്ജസ്വലമായ പ്രവർത്തനശൈലിയും.

### സോഷ്യൽമീഡിയായിലെ താരം

സോഷ്യൽ മീഡിയയിലെ താരമാണിന്ന് കലക്ടർ. അതിനൊരു കാരണമുണ്ട്. കലക്ടർ തന്നെ പറയുന്നു. കാലം മാറി..... പണ്ടത്തെപ്പോലെ നാട്ടിലെ സംഭവവികാസങ്ങളെ പറ്റിയറിയാൻ ഒരു കമ്പി പോസ്റ്റ് കിട്ടേണ്ട സാഹചര്യമില്ല. എല്ലാം നമ്മുടെ പോക്കറ്റിനുള്ളിലുണ്ട്. എല്ലാവരും അത്തരമൊരു പ്ലാറ്റ്ഫോമിൽ ഉള്ളപ്പോൾ എന്തുകൊണ്ട് നമുക്കതിനെ നാടിന്റെ നന്മക്കായി ഉപയോഗിച്ചുകൂടാ. ഞാൻ അനാവശ്യമായി സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന ഒരാളല്ല.... എന്നാൽ നാട്ടിൽ ഒരു പ്രതിസന്ധികാലം വന്നപ്പോൾ എന്റെ കയ്യിലുള്ള ഈ സംവിധാനങ്ങൾ തന്നെയാണ് നാടിനെ വേഗത്തിൽ രക്ഷിക്കാനായുള്ള ഉചിതമായ മാർഗ്ഗം എന്ന് എനിക്ക് തോന്നി. അത് ശരിയായിരുന്നു. പ്രളയകാലത്തെ പ്രവർത്തനങ്ങളാണ് നൂഹിനെ ആദ്യം വാർത്തകൾക്കിടയിലെ താരമാക്കുന്നത്. ഭക്ഷണവും അവശ്യസാധനങ്ങളും ക്യാമ്പുകളിൽ എത്തിക്കുന്നു, ദുരിതാശ്വാസ ക്യാമ്പുകളിൽ ചുമടെടുക്കുന്നു, ഫേസ്ബുക്കിലെ ആവശ്യകാര്യങ്ങളെ പറ്റി പോസ്റ്റിടുന്നു. മിനുട്ടുകൾക്കകം അനുകൂലമായ പ്രതികരണങ്ങളും തകൃതിയായുള്ള പുനരുജ്ജീവന പ്രവർത്തനങ്ങളും.

### കൊറോണ വില്ലൻ

ഔദ്യോഗിക കാര്യങ്ങൾക്കായി തിരുവനന്തപുരത്ത് പോയി മടങ്ങി വരുമ്പോഴാണ് രാത്രി പത്തനംതിട്ടയിൽ കോവിഡ് റിപ്പോർട്ട് ചെയ്ത കാര്യം അറിയുന്നത്. എന്താണെന്നും എങ്ങനെയാണെന്നും വ്യക്തമായ ധാരണകളില്ല. പിറ്റേദിവസം തന്നെ ആരോഗ്യവകുപ്പ് സെക്രട്ടറിയും ഡയറക്ടറുമായി ചേർന്ന് ആക്ഷൻ പ്ലാൻ ഉണ്ടാക്കി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. അവിടെ നിന്നാണ് കേരളം മൊത്തം നടപ്പിലാക്കിയ റൂട്ട്മാപ്പ് സംവിധാനങ്ങളും മറ്റും ഉരുത്തിരിയുന്നത്. ചുറുചുറുക്കുള്ള യുവാക്കളെക്കൂടി കൂടെ കൂട്ടാനായപ്പോൾ കാര്യങ്ങൾ തിടുക്കത്തിലായി. ഈ രോഗത്തോട് വേണ്ടത് ശ്രദ്ധാപൂർവ്വമായ സമീപനമാണെന്ന് മനസ്സിലാക്കിയ കലക്ടർ ചിലയിടങ്ങൾ പൂർണമായ കർശനങ്ങളും നിയന്ത്രണങ്ങളും മറ്റും നടപ്പിലാക്കി. എല്ലാമീ നാടിന്റെ നന്മയ്ക്ക് വേണ്ടിയായിരുന്നു. പ്രതിരോധ പ്രവർത്തനങ്ങളിലെ സവിശേഷ രീതിയാണ് രാജ്യത്തിനുപുറത്തും കലക്ടറെ പ്രസിദ്ധനാക്കിയത്.



> **ഔദ്യോഗിക കാര്യങ്ങൾക്കായി തിരുവനന്തപുരത്ത് പോയി മടങ്ങി വരുമ്പോഴേക്കും രാത്രി പത്തനംതിട്ടയിൽ കോവിഡ് റിപ്പോർട്ട് ചെയ്ത കാര്യം അറിയുന്നത്. എന്താണെന്നും എങ്ങനെയാണെന്നും വ്യക്തമായ ധാരണകളില്ല. പിറ്റേദിവസം തന്നെ ആരോഗ്യവകുപ്പ് സെക്രട്ടറിയും ഡയറക്ടറുമായി ചേർന്ന് ആക്ഷൻ പ്ലാൻ ഉണ്ടാക്കി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്ത് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. അവിടെ നിന്നാണ് കേരളം മൊത്തം നടപ്പിലാക്കിയ റൂട്ട്മാപ്പ് സംവിധാനങ്ങളും മറ്റും ഉരുതിരിയുന്നത്.**

### കർക്കശക്കാരനായ കലക്ടർ

ക്യാമ്പുകളിലേക്കുള്ള ഭക്ഷണം എത്തിക്കുകയും ചുമടെടുക്കുകയും ആദിവാസിക്കുടിലുകൾ സന്ദർശിക്കുകയും ഒക്കെ ചെയ്യുന്ന കലക്ടർ ഒരു വില്ലേജ് ഓഫീസറോട് കൃത്യവിലോപം കാണിച്ചതിന്റെ പേരിൽ അദ്ദേഹത്തെ ശകാരിക്കുന്നത് സോഷ്യൽ മീഡിയയിൽ തരംഗമായിരുന്നു. പറയേണ്ടവരോട് പറയേണ്ട പോലെ പറയണം എന്ന് ഇദ്ദേഹം കാണിച്ചുതരുന്നു. ഞാൻ ചെയ്യുന്നത് എന്റെ ജോലിയാണ്. അത് ഏറ്റവും ഭംഗിയായി നിർവഹിക്കാൻ ഞാൻ ശ്രമിക്കുന്നു. അല്ലാതെ മറ്റൊന്നുമില്ല.

### സിവിൽ സർവീസും കുടുംബവും

മൂവാറ്റുപുഴയിലെ പേഴക്കാപ്പിള്ളിയിൽ പുളിച്ചാലിൽ പി.കെ. ബാവയും മീര ഉമ്മയുമാണ്



മാതാപിതാക്കൾ. എട്ടുമക്കളിൽ ഏഴാമൻ. ഭാര്യ ഡോ. ഫാത്തിമ എനിക്ക് ഒപ്പമുണ്ട്. എല്ലാവരും തങ്ങളുടേതായ ജോലികളിലാണ് എപ്പോഴും. ജ്യേഷ്ഠൻ പി.ബി. സലീം വെസ്റ്റ് ബംഗാളിലും രണ്ടുപേർ വിദേശത്തുമാണ്. ജോലിത്തിരക്കുകൾ ഉള്ളതിനാൽ എപ്പോഴും കാണുക അസാധ്യം. ഒടുവിൽ കഴിഞ്ഞ പെരുന്നാളിനാണ് വീട്ടിൽ പോയത്. ജ്യേഷ്ഠൻ ഐ.എ.എസ് ആയതുകൊണ്ട് തോന്നിയ ചെറിയൊരു മോഹം. അതെന്നെയും ഇത്തരത്തിൽ ഒരാളാക്കി മാറ്റി. നാളെ ഒരു കളക്ടർ ആയില്ലായിരുന്നുവെങ്കിൽ ചിലപ്പോൾ ഒരു ശാസ്ത്രജ്ഞൻ ആവാൻ ഞാൻ ആഗ്രഹിച്ചിരുന്നു.

### ടൂറിസം മേഖലയും പത്തനംതിട്ടയും

വളരെയധികം ആത്മീയ ടൂറിസം കേന്ദ്രങ്ങൾ നിലകൊള്ളുന്ന നാടാണ് പത്തനംതിട്ട. ശബരിമല, ചെറുകോൽ പുഴ ക്ഷേത്രം തുടങ്ങി നിരവധി കേന്ദ്രങ്ങൾ ഇവിടെയുണ്ട്. കൃത്യമായ ഒരു ആക്ഷൻ പ്ലാനുണ്ടെങ്കിൽ ഇവയെല്ലാം നന്നായി പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് എനിക്കു തോന്നുന്നു. അതിനായ് പ്രയത്നിക്കുകയാണ് ഇപ്പോൾ. പലതരത്തിലുള്ള ടൂറിസം പദ്ധതികളും പത്തനംതിട്ടയുടെ വികസനത്തിനായി മനസ്സിലുണ്ട്.

**നിങ്ങൾ നന്നായി ഇംഗ്ലീഷ് സം രിക്കാൻ കഴിവുള്ള ആളാണെങ്കി നിങ്ങൾക്കാ കഴിവിനെ ഉപയോഗപ്ര ക്കാം. കലക്ടറായ എന്നേക്കാൾ പ ടങ്ങ് തുക ശമ്പളം മേടിക്കാം. അപ്പോ നിങ്ങളുടെ കഴിവിനെ കണ്ടെത്തു അതിനെ പ്രയോജനപ്പെടുത്തുക.**

### സംരംഭകരോടും വിദ്യാർത്ഥികളോടും

നാട്ടിൽ നിരവധി തൊഴിലവസരങ്ങളുണ്ട്. അഭ്യസ്തവിദ്യരായ കുറേ യുവതീ യുവാക്കളുണ്ട്. പക്ഷേ എന്തുകൊണ്ട് അവർക്ക് ജോലി ലഭിക്കുന്നില്ല. കാലം മാറി പണ്ടത്തെ പോലെ നിങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കല്ല ജോലി, കഴിവിനാണ്. നിങ്ങൾ നന്നായി ഇംഗ്ലീഷ് സംസാരിക്കാൻ കഴിവുള്ള ആളാണെങ്കിൽ നിങ്ങൾക്കാ കഴിവിനെ ഉപയോഗപ്രദമാക്കാം. കലക്ടറായ എന്നേക്കാൾ പതിന്മടങ്ങ് തുക ശമ്പളം മേടിക്കാം. അപ്പോൾ നിങ്ങളുടെ കഴിവിനെ കണ്ടെത്തുക. അതിനെ പ്രയോജനപ്പെടുത്തുക. പല പദ്ധതികളും ഇന്ന് നിലവിൽ ഉണ്ട് അവയെല്ലാം അതിന്റെ പ്രഥമഘട്ടത്തിലാണ്. ഇത്തരം പദ്ധതികളും അവയുടെ സാധ്യതകളും ജനങ്ങളിലേക്ക് എത്തിയിട്ടില്ലാ എന്നതാണ് സത്യം.





# As the night draws near...


I Could close my eyes
and fade into the night
The tranquility I
feel helps me win the
fight.
As the waver keep
crashing into the
rocks
I feel the happiness
in my heart becomes
unlocked
The day is drawing
into a close
The peacefulness I
feel right now I will
only know
Right now my mind is
finally clear...
It's time to go as
the night draws near...!


MELVIN GOERGE
PS6

# സി.എച്ച് മുഹമ്മദ് കോയ

## ന്യൂനപക്ഷ വിദ്യാഭ്യാസത്തിന്റെ നവോത്ഥാന നായകൻ

Najma Farsana
CS6



"ചിലയാളുകൾ ചരിത്രം നമുക്ക് പറഞ്ഞുതരും.

മറ്റു ചിലയാളുകൾ സ്വയമൊരു ചരിത്രമായി മാറും.

വളരെ അപൂർവ്വം ചിലയാളുകൾ മാത്രം ചരിത്രത്തെ സൃഷ്ടിച്ചു കട ന്നുപോകും...

Creating History എന്നു ഇംഗ്ലീഷിൽ പറയും. CH എന്ന രണ്ടക്ഷരവും ഇതാണ് സൂചിപ്പിക്കുന്നത്.......Creat History"

ഏറെ പ്രശസ്തനും പുതു തല മുറയുടെ ഇഷ്ട പ്രസംഗകനുമായ പി.എം.എ ഗഫൂർ അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിനിടയയിൽ പറഞ്ഞ വാക്കുകളാണിവ.

അടർക്കളങ്ങളുടെ വിളികേട്ട് ചരിത്രത്തിലേക്ക് കുളമ്പടിച്ചെത്തി യാഗാശ്വ, പുരുഷാരത്തിന്റെ മസ്തി ഷ്കങ്ങളിൽ ചിന്തയുടെ പ്രകമ്പന ളും ഞരമ്പുകളിൽ ആവേശത്തിന്റെ തീക്കാറ്റും വിതയ്ക്കുന്ന ഉജ്ജ്വല വാഗ്മി, കിടയറ്റ സംഘാടകൻ, പ്രഗത്ഭനും നീതിമാനുമായ ഭരണാ ധികാരി, സർഗ്ഗധനനായ എഴുത്തു കാരൻ-സി.എച്ച് എന്ന അത്ഭുതത്തി നു ഇത്രയേറെ വിശേഷണങ്ങൾ നൽകിയാലും അത് പോരാതെ വ

കൊയിലാണ്ടിയിലെ ഒരു സാധാ

രണ നാട്ടുവൈദ്യരായിരുന്ന ആലി മുസ്ലിയാരുടെയും മറിയു മ്മയുടെയും മകനായി 1927 ജൂലൈ 15നാണ് സി.എച്ചിന്റെ ജനനം. സ്കൂൾ വിദ്യഭ്യാസ കാലത്ത് പഠനത്തിലും പാഠ്യേ തര വിഷയത്തിലും മറ്റാരേക്കാ ളും മുന്നിലായിരുന്ന കോയ സാഹിബ്, ആറാം തരത്തിൽ പഠിക്കുമ്പോൾ നടത്തിയ പ്രസംഗം മറ്റു കുട്ടികളിലും അദ്ധ്യാപകരിലും അത്ഭുതമുള വാക്കിയതായിരുന്നു. കണക്കാ യിരുന്നു സി.എച്ചിന്റെ ഇഷ്ട വിഷയം. കണക്കിലെ കുരുക്ക ഴിക്കുക എന്നത് ഇഷ്ട വിനോ ദവും. മകനെ പഠിപ്പിക്കാനുള്ള സാമ്പത്തിക ശേഷിയൊന്നും മാതാപിതാക്കൾക്കുണ്ടായി രുന്നില്ല. ശീലക്കുടയുമായി സ്കൂളിൽ പോകുന്ന കുട്ടികൾ ക്കിടയിൽ ഓലക്കുടയും ചൂടി മിടുക്കനായ മുഹമ്മദ് കോയ എന്ന വിദ്യാർത്ഥി വരുന്നത് നിവൃത്തികേട് കൊണ്ട് തന്നെ യായിരുന്നു.


അത്തോളിയിലെ സ്കൂ ളിൽ തന്നെയായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തന്റെ ദാരിദ്രം മനസ്സിലാക്കാതെ ഹൈസ്കൂളിൽ ചേരാൻ പോ യതിന് മുഹമ്മദ് കോയയെ പിതാവ് തല്ലിയിട്ടുണ്ട് എന്നത് ചരിത്രം.

പാവപ്പെട്ടവരും മിടുക്കരു മായ കുട്ടികൾക്ക് ഉന്നത പഠ നത്തിന് സൗകര്യമൊരുക്കാൻ പദ്ധതിയിട്ട സയ്യിദ് അബ്ദുറ ഹിമാൻ ബാഫഖി തങ്ങളുടെ കരങ്ങളിലേക്കാണ് കോയാ സാഹിബ് പിന്നീടെത്തുന്നത്. അങ്ങിനെ കൊയിലാണ്ടി ഹൈസ്കൂളിൽ ചേർന്നു. ഒരു പാട് ഉദാര മനസ്കരായ ധനി കരുടെ വീട്ടിൽ താമസിച്ചാ യിരുന്നു കോയാ സാഹിബ് പഠനം തുടർന്നത്. ഇക്കാലത്ത് തന്നെ പള്ളി ദർസിൽ പോയി

> വിയർപ്പിന്റെ മണമറിഞ്ഞ നേതാവായിരുന്നു സി.എ ച്ച്. കേവലമായ മത ജാതി വൈകാരികതകൾക്കപ്പുറ ത്ത്, കുറി തൊടുന്നവനും കുരിശുവരയ്ക്കുന്നവനും നമസ്കരിക്കുന്നവനും ഒരുമിച്ചു ജീവിക്കുന്ന കേരളത്തെയാണ് സി.എ ച്ച് വിഭാവനം ചെയ്തത്, അതിനായാണ് അദ്ദേഹം പ്രയത്നിച്ചത്.

കിതാബ് ഓതാനും സി.എച്ച് സമയം കണ്ടെത്തിയിരുന്നു. അറബി ഭാഷ ആഴത്തിൽ മനസ്സിലാക്കാൻ അദ്ദേഹം ശ്ര മിച്ചു. പ്രാഥമിക വിദ്യാഭ്യാസം പോലും വേണ്ടത്ര സ്വായ ത്തമാക്കാതിരുന്ന ബാഫഖി തങ്ങൾ പ്രത്യേക താൽപര്യ മെടുത്ത് പതിനാല് കുട്ടികളെ യായിരുന്നു സ്കോളർഷിപ്പ് നൽകി പഠിപ്പിച്ചിരുന്നത്. പഠ നത്തിനുള്ള സഹായം ലഭിച്ച കോയാ സാഹിബ്, ഏതാനും വീടുകളിൽ ട്യൂഷനെടുത്ത് താമസവും ഭക്ഷണവുമൊക്കെ അങ്ങിനെ കഴിഞ്ഞു കൂടി. ഹൈസ്കൂൾ പ്രവേശന പരീ ക്ഷയിൽ ഇംഗ്ലീഷിൽ സി.എച്ച് മാത്രമായിരുന്നു വിജയിച്ചത്. മെട്രിക്കുലേഷൻ പാസ്സായ സി.എച്ച് ഉപരി പഠനത്തിന് കോഴിക്കോട് സാമൂതിരി കോളേജിൽ ചേർന്നു. അവിടെ മുസ്ലിം കുട്ടികൾ കുറച്ച് മാത്ര മായിരുന്നുവെങ്കിലും ഉള്ളവ രെ സംഘടിപ്പിക്കാൻ സി.എച്ച് തയ്യാറായി. അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിലേക്കുള്ള പ്ര വേശനവും ഇവിടെ നിന്നുമാ ണ് തുടങ്ങുന്നത്.

വിയർപ്പിന്റെ മണമറിഞ്ഞ നേതാവായിരുന്നു സി.എ ച്ച് കേവലമായ മത ജാതി വൈകാരികതകൾക്കപ്പുറത്ത്, കുറി തൊടുന്നവനും കുരി ശുവരയ്ക്കുന്നവനും നമ സ്കരിക്കുന്നവനും ഒരുമിച്ചു ജീവിക്കുന്ന കേരളത്തെയാണ് സി.എച്ച് വിഭാവനം ചെയ്ത ത്, അതിനായാണ് അദ്ദേഹം പ്രയത്നിച്ചത്. ഒരിക്കലുമൊരു വർഗീയവാദി ആയിരുന്നില്ല അദ്ദേഹം. ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ നേതാവായി രിക്കുമ്പോഴും അദ്ദേഹത്തിന്റെ പ്രസംഗം ശ്രവിക്കാൻ പാർ ട്ടിക്ക് പുറത്തുനിന്നും ഇതര സമുദായക്കാരുടെ ഇടയിൽ നിന്നുപോലും ആളുകൾ എത്തിയിരുന്നു. കേരളീയ സമൂഹം ഒന്നാകെ അദ്ദേഹ ത്തിന്റെ വാക്കുകൾക്കായി



കേരളീയ സമൂഹം ഒന്നാകെ അദ്ദേഹത്തിന്റെ വാക്കുകൾക്കായി കാതു കൂർപ്പിക്കുമായിരുന്നു. ഒരു പാർട്ടിയുടെ നേതാവായിരുന്നിട്ടു പോലും മലയാളികൾ ഒന്നടങ്കം അദ്ദേഹത്തെ സ്നേഹിച്ചതും ബഹുമാനിച്ചതും അദ്ദേഹത്തിന്റെ മത ജാതി ചിന്തകൾക്ക് അതീതമായ കാഴ്ചപ്പാട് കൊണ്ടായിരുന്നു.

കാതു കൂർപ്പിക്കുമായിരുന്നു. ഒരു പാർട്ടിയുടെ നേതാവായിരുന്നിട്ടു പോലും മലയാളികൾ ഒന്നടങ്കം അദ്ദേഹത്തെ സ്നേഹിച്ചതും ബഹുമാനിച്ചതും അദ്ദേഹത്തിന്റെ മത ജാതി ചിന്തകൾക്ക് അതീതമായ കാഴ്ചപ്പാട് കൊണ്ടായിരുന്നു. ജനങ്ങളെ കയ്യിലെടുക്കാൻ അദ്ദേഹത്തിനുള്ള സവിശേഷമായ മികവ് എതിർ ചേരിയിലെ രാഷ്ട്രീയക്കാരിൽ പോലും അത്ഭുതമുളവാക്കി. പ്രതിപക്ഷത്തോടുള്ള വിമർശനങ്ങളിൽ പോലും സഭ്യതയുടെയോ മര്യാദയുടെയോ അതിർവരമ്പുകൾ ലംഘിക്കാൻ ഒരിക്കലും അദ്ദേഹം തയ്യാറായിരുന്നില്ല. അത് അവരിലും സി.എച്ച് എന്ന വ്യക്തിത്വത്തോടുള്ള മതിപ്പ് വർധിക്കാൻ കാരണമായി. സമുദായത്തിന്റെ പുരോഗതിക്കു വേണ്ടി യത്നിക്കുമ്പോൾ തന്നെ ഇതര സമുദായങ്ങളുടെ ഉന്നമനത്തിലും അദ്ദേഹം പ്രത്യേക ശ്രദ്ധ പുലർത്തി.


ബാബരി മസ്ജിദിന്റെ തകർച്ചയുടെ കാലത്തുപോലും സമുദായത്തിന് പതറാതെ പിടിച്ചു നിൽക്കാനും അവരെ ശാന്തിയുടെ മാർഗത്തിൽ ഉറപ്പിച്ചു നിർത്താനും കഴിഞ്ഞത് അദ്ദേഹത്തിന്റെയും കൂടി നയസമീപനം കൊണ്ടായിരുന്നു. മുസ്ലിം യുവാക്കളിൽ ആരാ



ഷ്ട്രീയതയും തീവ്ര വൈകാരികതയും കുത്തിവെച്ച് നാശോന്മുഖതയിലേക്ക് അവരെ വലിച്ചുകൊണ്ട് പോകാനുള്ള ചില ദുഷ്ട ശക്തികളുടെ ശ്രമങ്ങളെ പരാജയപ്പെടുത്തുന്നതിൽ ഈ സമുദായം വിജയിച്ചതിനു കാരണവും സി.എച്ചിന്റെ ദീർഘദൃഷ്ടി കൊണ്ടാണെന്ന് പറയാൻ സാധിക്കും.

വിദ്യാഭ്യാസത്തെ കുറിച്ച്, പ്രത്യേകിച്ചും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ കുറിച്ച് പരാമർശിക്കാതെ അദ്ദേഹം ഒരു പ്രസംഗവും അവസാനിപ്പിച്ച ചരിത്രമില്ല. ഒരു ജനതയുടെ സാമൂഹിക, സാംസ്കാരിക മുന്നേറ്റം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കൂ എന്നു അദ്ദേഹം ഉറച്ചുവിശ്വസിച്ചു. സെക്കണ്ടറി തലം വരെ വിദ്യാഭ്യാസം സൗജന്യമാക്കിയതും, മുസ്ലിം, നാടാർ പെൺകുട്ടികളുടെ പഠനത്തിനായി സ്കോളർഷിപ് ലഭ്യമാക്കിയതുമെല്ലാം അദ്ദേഹം വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ്. വീടുകളുടെ അകത്തളങ്ങളിൽ ആരാലുമറിയപ്പെടാതെ കഴിഞ്ഞിരുന്ന പെൺകുട്ടികളെ വിദ്യാഭ്യാസത്തിന്റെ ഉന്നതികളിലേക്ക് പിടിച്ചുയർത്താൻ അദ്ദേഹത്തിനായി.

വിദ്യാഭ്യാസത്തെ കുറിച്ച്, പ്രത്യേകിച്ചും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ കുറിച്ച് പരാമർശിക്കാതെ അദ്ദേഹം ഒരു പ്രസംഗവും അവസാനിപ്പിച്ച ചരിത്രമില്ല. ഒരു ജനതയുടെ സാമൂഹിക, സാംസ്കാരിക മുന്നേറ്റം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കൂ എന്നു അദ്ദേഹം ഉറച്ചുവിശ്വസിച്ചു. സെക്കണ്ടറി തലം വരെ വിദ്യാഭ്യാസം സൗജന്യമാക്കിയതും, മുസ്ലിം, നാടാർ പെൺകുട്ടികളുടെ പഠനത്തിനായി സ്കോളർഷിപ് ലഭ്യമാക്കിയതുമെല്ലാം അദ്ദേഹം വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ്.



സി.എച്ച് ഇല്ലായിരുന്നുവെങ്കിൽ ഇന്ന് മലബാറിൽ അഭിമാനത്തോടെ നിലകൊള്ളുന്ന കാലിക്കറ്റ് സർവകലാശാല ഉണ്ടാകുമായിരുന്നില്ല. കൊച്ചിൻ സാങ്കേതിക സർവ്വകലാശാല ഉണ്ടാകുമായിരുന്നില്ല. അദ്ദേഹത്തിന്റെ എടുത്തുപറയേണ്ട മറ്റൊരു സംഭാവനയാണ് യൂണിവേഴ്സിറ്റി ഭരണസമിതിയിൽ വിദ്യാർത്ഥികളുടെ പ്രാധിനിത്യം. അദ്ദേഹത്തിന് ശേഷം വന്ന വിദ്യാഭ്യാസ മന്ത്രിമാരെല്ലാം പടുത്തുയർത്തിയത് സി.എച്ച് പാകിയ അടിത്തറയിലാണ്.

വളരെ കുറച്ചുനാളേ മുഖ്യമന്ത്രിപദത്തിൽ ഇരിക്കാൻ സാധിച്ചിരുന്നുവെങ്കിലും, അദ്ദേഹം അധികാരമേറ്റ അന്ന് രാജ്യത്തെ അടിച്ചമർത്തപ്പെട്ട ന്യൂനപക്ഷങ്ങൾക്ക് പുത്തൻ പ്രതീക്ഷകളുടെ ദിവസമായിരുന്നു. അധികാരമേറ്റനാൾ രാത്രിയിൽ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ നൽകിയ ബഹുജന സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ടുള്ള സി.എച്ചിന്റെ പ്രസംഗം നിലപാടുകളുടെ ദൃഢസ്വരമായി മതേതര കേരളത്തിന്റെ കാതിൽ മുഴങ്ങുന്നു ഇപ്പോഴും. "ഞാൻ അടിയുറച്ച് മുസൽമാനാണ്. അല്ലാഹുവിന്റെ പരിശുദ്ധ നാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തിട്ടുള്ളവനാണ് ഞാൻ. അന്യ സമുദായങ്ങളുടെ ഒരു മുടിനാരിഴപോലും ഞാൻ അപഹരിക്കുകയില്ല. എന്റെ സമുദായത്തിന്റെ ഒരു മുടിനാരിഴ പോലും വിട്ടുകൊടുക്കുകയുമില്ല. തന്നിൽ നിക്ഷിപ്തമായ ചുമതല ശരിയാംവണ്ണം നിർവ്വഹിക്കും".

മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി, വിദ്യാഭ്യാസ മന്ത്രി, പൊതുമരാമത്തു മന്ത്രി, സ്പീക്കർ എന്നിങ്ങനെ ഒട്ടനവധി സ്ഥാനമാനങ്ങൾ



INDIAN EXPRESS

ML, NDP, PSP to form Govt

Koya is the CM, Cong to support from outside









മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി, പൊതുമരാമത്തു മന്ത്രി, സ്പീക്കർ എന്നിങ്ങനെ ഒട്ടനവധി സ്ഥാനമാനങ്ങൾ ജീവിച്ചിരുന്ന ആ ചെറിയ അൻപതിയാറു വർഷത്തെ കാലയളവിൽ അദ്ദേഹം നേടിയിട്ടുണ്ടെങ്കിലും, അതിലൊന്നും തെല്ലും അഹങ്കരിക്കാത്ത, അതിൽ നിന്നൊന്നും അണാ പൈസ സാമ്പത്തികമായി നേടാത്ത സി.എച്ച് മുഹമ്മദ് കോയയെ പോലുള്ള ഒരു രാഷ്ട്രീയക്കാരനെ ഇന്നിന്റെ സമൂഹത്തിൽ കാണാൻ കഴിയില്ല.

ജീവിച്ചിരുന്ന ആ ചെറിയ അൻപതിയാറു വർഷത്തെ കാലയളവിൽ അദ്ദേഹം നേടിയിട്ടുണ്ടെങ്കിലും, അതിലൊന്നും തെല്ലും അഹങ്കരിക്കാത്ത, അതിൽ നിന്നൊന്നും അണാ പൈസ സാമ്പത്തികമായി നേടാത്ത സി.എച്ച് മുഹമ്മദ് കോയയെ പോലുള്ള ഒരു രാഷ്ട്രീയക്കാരനെ ഇന്നിന്റെ സമൂഹത്തിൽ കാണാൻ കഴിയില്ല. ബഹുമാനപ്പെട്ട ഈ വിദ്യാഭ്യാസ നവോത്ഥാന നായകൻ തന്നെയാണ് 1968 നമ്മുടെ കലാലയത്തിന്റെ ഡിഗ്രി ബ്ലോക്ക് ഉത്ഘാടന കർമ്മം നിർവഹിച്ചത് എന്ന് നമുക്ക് അഭിമാനിക്കാം. ജനങ്ങളുടെ വോട്ടു വാങ്ങി അവരെ തന്നെ വിഡ്ഢികളാക്കി അഴിമതിയും കോഴയും കള്ളക്കടത്തുമായി ജീവിക്കുന്ന ഇന്നത്തെ രാഷ്ട്രീയക്കാരും മന്ത്രിമാരും കണ്ടു പഠിക്കേണ്ട ഒരു ജീവിതം തന്നെയാണ് സി.എച്ച് മുഹമ്മദ് കോയ എന്ന ആ മഹാത്മാവിന്റേത്.




Vijayalakshmi. V
PS4


> സർഗാത്മകത നഷ്ടപ്പെട്ട സമൂഹം യാഥാസ്ഥിതികമായി തിരുന്നതുപോലെ ശാസ്ത്രമേളകളിൽ നിന്ന് മുഖം തിരിക്കുമ്പോൾ വിജ്ഞാനത്തിന്റെ കവാടങ്ങൾ അവർക്കു മുമ്പിൽ കൊട്ടിയടക്കപ്പെടുന്നു. അതിനാൽ ശാസ്ത്രമേളകളും കഴിവുകൾ പ്രദർശിപ്പിക്കാൻ കഴിയുന്ന വേദികളും പുതുതലമുറക്ക് വേണ്ടി തുറക്കപ്പെടണം.

# ശാസ്ത്രപഥം

പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിച്ചു കൊണ്ടിരിക്കുന്ന മനുഷ്യൻ, അനന്തമായ ചക്രവാളത്തിനും അപ്പുറത്തേക്ക് സ്വപ്നം കാണുന്നു. കാലചക്രത്തിന്റെ കറക്കത്തിൽ ശാസ്ത്രത്തിന്റെ ചിറകിലേറി പറന്ന മനുഷ്യൻ വായനയുടെ പിൻബലത്തിലൂടെ എത്തിച്ചേർന്നത് ശാസ്ത്രം നെയ്തെടുത്ത അനന്തവിഹായുസ്സിലേക്കാണ്. ശാസ്ത്ര വിജ്ഞാനത്തിന്റെ ഊന്നൽ കൊടുക്കുന്ന വിദ്യാഭ്യാസ പദ്ധതിയാണ് നാം അവലംബിച്ചു വരുന്നത്. സ്കൂൾ വിദ്യാഭ്യാസകാലത്ത് നാമ്പിട്ട ശാസ്ത്രകൗതുകമാണ് പിന്നീട് ഒരുവനെ കോളേജ് തലത്തിൽ ശാസ്ത്രത്തിന്റെ പാത സ്വീകരിക്കാൻ പ്രചോദിപ്പിക്കുന്നത്. ഇത്തരത്തിൽ മുന്നേറിയവരാണ് ഇന്ന് ലോകം കണ്ട ശാസ്ത്ര പ്രതിഭകളായി മാറിയതും വൈദ്യുതി പോലും വിരൽതുമ്പിൽ നിയന്ത്രിക്കുന്ന സാങ്കേതികത്തികവിലേക്ക് എത്തിച്ചതും.



ശാസ്ത്രത്തോടുള്ള അഭിനിവേശവും കൗതുകവും വളർത്താനും നിലനിർത്തിക്കൊണ്ടു പോകാനും ശാസ്ത്രമേളകൾ സഹായകമാകുന്നു. വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും ശാസ്ത്രത്തോടുള്ള അഭിനിവേശവും വിദ്യാഭ്യാസരംഗത്തിന് കൂടുതൽ ശോഭയായി പരിവർത്തനപ്പെടുമ്പോൾ രാഷ്ട്രവും അതിനോടൊപ്പം തന്നെ വികാസം പ്രാപിക്കുന്നു. ശാസ്ത്രത്തിന്റെ അനന്തസാധ്യതകളിലേക്ക് കുതിച്ചുയരാൻ കൊതിക്കുന്ന കുതുകികളായ വിദ്യാർത്ഥി സമൂഹത്തിന് കൈത്താങ്ങായി മാറേണ്ടത് അവയെ അനുകൂലിക്കുന്ന ശാസ്ത്രമേളകളും വിദ്യാഭ്യാസ പദ്ധതികളുമാണ്

സർഗാത്മകത നഷ്ടപ്പെട്ട സമൂഹം യാഥാസ്ഥിതികമായി തീരുന്നതുപോലെ ശാസ്ത്രമേളകളിൽ നിന്ന് മുഖം തിരിക്കുമ്പോൾ വിജ്ഞാനത്തിന്റെ കവാടങ്ങൾ അവർക്കു മുമ്പിൽ കൊട്ടിയടക്കപ്പെടുന്നു. അതിനാൽ



ശാസ്ത്രമേളകളും കഴിവുകൾ പ്രദർശിപ്പിക്കാൻ കഴിയുന്ന വേദികളും പുതുതലമുറക്ക് വേണ്ടി തുറക്കപ്പെടണം. അവയുടെ അനന്തസാധ്യതകളെ പ്രയോജനപ്പെടുത്തി മുന്നേറാൻ കഴിയണം. കലാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഇത്തരം ശാസ്ത്രമേളകളും അനുബന്ധ പ്രദർശനങ്ങളും സ്വാധീനിക്കുക വിദ്യാർത്ഥികളെ മാത്രമല്ല, അവർക്കൊപ്പം നിൽക്കുന്ന സമൂഹത്തെ കൂടിയാണ്.





Scanned with OKEN Scanner

ഫിലിപ്സൺ ജോ
ES4

# ലഹരി


ചോര പടർന്ന കണ്ണിനു മറയായി
പീള കെട്ടി പോള തൂങ്ങിക്കിടക്കുന്ന
പുകമറ തീർത്ത പാഠമുറികളിൽ
നിറയുന്ന കൂട്ടുകെട്ട്
താളമൊത്ത് ആട്ടമാടിപ്പാടി
കൊട്ടിയും തട്ടിയും ഓളമായി
തോളത്ത് കൈയിട്ട് ചിരി വാരിയിട്ട്
ജീവനാളുന്ന സൗഹൃദക്കൂട്ടം
ലഹരി തന്നെ രണ്ടും
ഒരേ കലാലയ മുറിക്കുള്ളിൽ
കാലു പറിക്കുന്നതോ കാലുറപ്പിക്കുന്നതോ
തിരഞ്ഞെടുപ്പ് നമ്മുടെ തന്നെ




# LIFE OF A POEM

Every story I am about to write,
is yours to narrate.
You have it in your memory,
or your prayers.
Love, lust, treachery and death;
and the multitudes of hardships mortals
are bound to endure.
Love has been the most widely written
But, the most misunderstood.
Hunger has left the words of poets and
thinkers.
But still remain in the bellies of millions
Teaching of man isn't new to writing
All men ruled by hypocrisy and hate.
And lust, drives him to the gravest of sins.
Tell me now! What shall I write about?
For every poem is the story;
Of a life once lived,
Or a life once prayed for.

ANILA BIJU
KS10





# ചരിത്രം ഒഴുകുന്ന തൊടുപുഴയാർ

മലയോര ജില്ലയായ ഇടുക്കിയുടെ കവാടമാണ് തൊടുപുഴ. അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന പട്ടണം. എറണാകുളം, കോട്ടയം ജില്ലകളോട് അതിർത്തി പങ്കിടുന്ന പ്രദേശം.

ചരിത്രവും പൈതൃകവും സംസ്കാരവും കെട്ടുപിണഞ്ഞ് കിടക്കുന്ന ഈ തൊടുപുഴയുടെ തിലകക്കുറിയായി നമ്മുടെ കലാലയം ന്യൂമാൻ കോളേജ് തല ഉയർത്തി നിൽക്കുന്നു. നമ്മുടെ നാടിന്റെ ചരിത്രവും പ്രാദേശിക ചരിത്ര രചനാ ശാഖകളിൽ ഇനിയും കൂടുതൽ പഠനത്തിന് വിധേയമാക്കേണ്ടിരിക്കുന്നു.

## പ്രാദേശിക ചരിത്രം - പഠനം - പ്രാധാന്യം

അക്കാദമിക ചരിത്ര പഠനങ്ങളിൽ പ്രാദേശിക ചരിത്ര പഠനത്തിന് കേരളത്തിൽ ഇനിയും മതിയായ പ്രാധാന്യം കിട്ടിയിട്ടില്ല. സർവ്വകലാശാലകളിലെ ചരിത്രപഠനവും പുസ്തകത്താളുകളിൽ ഒതുങ്ങുകയാണ്. ചരിത്ര പഠനത്തിന്റെയും ചരിത്ര രചനയുടെയും രീതിശാസ്ത്രങ്ങൾ മാറേണ്ടിയിരിക്കുന്നു.

തൊടുപുഴ, ജില്ലയിലെ ആദ്യനഗരസഭ എന്ന നിലയിൽ വികസനരംഗത്ത് അടിസ്ഥാനപരമായ പുരോഗതി നേടിയെടുക്കാൻ കഴിഞ്ഞു. മൂപ്പിൽക്കടവ് പാലവും നഗരത്തിന് ചുറ്റുമുള്ള ബൈപ്പാസുകളും യാഥാർത്ഥ്യമായത് തൊടുപുഴയുടെ ഗതാഗത സൗകര്യങ്ങൾ വർധിപ്പിച്ചു. കൊച്ചി നഗരത്തിന്റെ ഉപഗ്രഹ നഗരമായി തൊടുപുഴ വളർന്നുകൊണ്ടിരിക്കുന്നു.



നവീകരിച്ച കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റും മങ്ങാട്ടുകവലയിൽ നഗരസഭയുടെ ആദ്യ പ്രതിപക്ഷ നേതാവായിരുന്ന എ.എം. മുഹമ്മദ് കുഞ്ഞു ലബ്ബയുടെ നാമധേയത്തിൽ പണി പൂർത്തിയായ ബസ് സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, മുൻസിപ്പൽ പാർക്ക് അങ്ങനെ സ്വകാര്യ-പൊതുമേഖലകളിലുള്ള അനവധി വികസന പദ്ധതികൾ തൊടുപുഴയുടെ മുഖഛായ മാറ്റുന്നതാണ്.

## നമ്മുടെ നാടിന്റെ ചരിത്രം

### തൊടുപുഴ

പുരാതനരേഖകളിൽ ഈ നഗരം തുരുബുലി അഥവാ തുരുഗുലി എന്ന പേരിലാണ്. തുരുഗുലിയിൽ നിന്നോ, പുഴയോടു തൊട്ടുകിടക്കുന്ന സ്ഥലമായതുകൊണ്ടോ, തോടു പുഴയായതു കൊണ്ടോ ആവാം തൊടുപുഴ എന്ന പേര് ഉത്ഭവിച്ചത്. തൊടുപുഴയ്ക്ക് നൂറ്റാണ്ടുകളുടെ പഴമ അവകാശപ്പെടാനുണ്ട്. കാരണം ക്രിസ്തുവിന് മുമ്പ് ഇവിടെ ബുദ്ധമതക്കാരും ജൈനമതക്കാരും ജീവിച്ചിരുന്നു. കാരിക്കോട് അതിന്റെ അവശിഷ്ടങ്ങൾ ഇന്നും അവശേഷിക്കുന്നുണ്ട്. പണ്ട് ഇത് കീഴ്മലൈനാടായിരുന്നു. പിന്നീട് വടക്കുംകൂർ തെക്കുംകൂർ രാജ്യങ്ങളായി. അവയുടെ അതിർത്തിയിലായി നിർമിച്ച കിടങ്ങ്. ആ കിടങ്ങിൽ മുതലകളെ വളർത്തുകയും അതിന്റെ അരികിൽ മുള്ളുള്ള മുളകൾ നട്ടു പിടിപ്പിക്കുകയും ചെയ്തു. ഈ അതിർത്തി കിടങ്ങ്കോട്ട എന്ന പേരിൽ അറിയപ്പെടുന്നു. കോട്ടയുടെ പരിസരത്തുള്ള കവലകളാണ് പരിയാരം കോട്ടക്കവലയും കരിമണ്ണൂർ കോട്ടക്കവലയും. ആ വഴിയോരത്തെ കോട്ടയിലെ കിടങ്ങുകൾ ഈ അടുത്ത കാലം വരെ നിലനിന്നിരുന്നു. വടക്കുംകൂർ രാജാക്കന്മാരുടെ ആസ്ഥാനമായിരുന്നു കാരിക്കോട്. കൊട്ടാരത്തിന്റെയും മന്ത്രിമന്ദിരങ്ങളുടെയും അവശിഷ്ടങ്ങൾ അവിടെ ഇപ്പോഴുമുണ്ട്. രാജകുടുംബാംഗങ്ങൾക്ക് കുളിക്കുന്നതിനായി നിർമ്മിച്ച ചിറകളാണ് ഇടവെട്ടി ചിറയും പട്ടയംകവലയ്ക്ക് അടുത്തുള്ള ചിറകണ്ടവും. തൊണ്ടിമുതലുകൾ സൂക്ഷിച്ചിരുന്ന സ്ഥലം തൊണ്ടിക്കുഴയെന്നും ആർപ്പു വിളിച്ചു യുദ്ധം നടത്തിയ സ്ഥലം ആർപ്പാമറ്റം എന്ന പേരിലും അറിയപ്പെടുന്നു.

> വടക്കുംകൂർ യുദ്ധത്തിൽ കീഴ്മലൈനാട് രാജാവ് പരാജയപ്പെട്ട് വടക്കുംകൂർ ലയിച്ചു. മാർത്താണ്ഡ വർമ്മ മഹാരാജാവ് അയൽരാജ്യങ്ങൾ പിടിച്ചടക്കിയ കൂട്ടത്തിൽ വടക്കുംകൂറും പിടിച്ചടക്കി. രാജാവിന്റെ പ്രതിനിധി ഏലസംപ്രതി നാരായണവർമ്മയെ തൊടുപുഴയുടെ വികസനത്തിനു വേണ്ടി നിയോഗിച്ചു. മഹാരാജാവിന്റെ നിർദ്ദേശപ്രകാരം തന്റെ മുസ്ലീം ഭടന്മാർക്ക് വേണ്ടിയാണ് ഇന്ന് കാരിക്കോട്ടുള്ള നൈനാർ പള്ളി പണിതത്.

പാണ്ടി നാട്ടിൽ നിന്നും വ്യാപാരികൾ വന്ന് ആല കെട്ടി താമസിച്ചിരുന്ന സ്ഥലമാണ് ആലക്കോട്. കീഴ്മലൈനാടിന്റെ പാണ്ടികശാലകൾ അഥവാ ധാന്യപ്പുരകൾ നെടിയശാല പ്രദേശത്തായിരുന്നു. ചുങ്കം പിരിച്ചിരുന്ന(കരം) ഇടം ആ പേരിൽ തന്നെ അറിയപ്പെടുന്നു മുതലക്കോടം - കരിമണ്ണൂർ- ചീനിക്കുഴി മലമ്പാത - കമ്പം പാസ് എന്ന പേരിൽ അറിയപ്പെട്ടിരുന്നു. കമ്പം - തേനി വഴി മധുരയിലേക്ക് ചരക്കുമായി പോയിരുന്നത് ഈ വഴിയിലൂടെയാണ്. എ.ഡി. 9-ാം നൂറ്റാണ്ടിൽ കീഴ്മലൈ നാട്ടുമന്നൻ നിർമിച്ച തൊടുപുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും തൊടുപുഴ നഗരത്തിലെ പ്രകൃതിദത്ത വനമായ അമരംകാവും, അമരംകാവ് ആഴ്മാഞ്ചേരി തമ്പ്രാക്കളുടെ വകയാണ്. എഡി 1312-ൽ മറ്റത്തിൽ മുത്തി എന്ന പ്രഭിയാണ് മുതലക്കോടം ദേവാലയം നിർമ്മിക്കാൻ മുൻകൈ എടുത്തത്.

വടക്കുംകൂർ യുദ്ധത്തിൽ കീഴ്മലൈനാട് രാജാവ് പരാജയപ്പെട്ട് വടക്കുംകൂർ ലയിച്ചു. മാർത്താണ്ഡ വർമ്മ മഹാരാജാവ് അയൽരാജ്യങ്ങൾ പിടിച്ചടക്കിയ കൂട്ടത്തിൽ വടക്കുംകൂറും പിടിച്ചടക്കി രാജാവിന്റെ പ്രതിനിധി ഏലസംപ്രതി നാരായണവർമ്മയെ തൊടുപുഴയുടെ വികസനത്തിനു വേണ്ടി നിയോഗിച്ചു. മഹാരാജാവിന്റെ നിർദ്ദേശപ്രകാരം തന്റെ മുസ്ലീം ഭടന്മാർക്ക് വേണ്ടിയാണ് ഇന്ന് കാരിക്കോട്ടുള്ള നൈനാർ പള്ളി പണിതത്. ഏലസംപ്രതി ചാലംകോട് മറ്റത്തിൽ കോവിലകത്ത് താമസിച്ച് ഭരണകാര്യങ്ങൾ നിർവഹിച്ചു. മാർത്താണ്ഡ വർമ്മയുടെ പടയോട്ട കാലത്ത് ജനങ്ങൾ സ്വത്തും സമ്പത്തും ഉപേക്ഷിച്ച് നാട് വിട്ടുപോയി. പിന്നീട് വനമായിത്തീർന്ന സ്ഥലങ്ങൾ പട്ടയം നല്കി താമസസ്ഥലങ്ങളായി മാറിയപ്പോൾ പുരാതനമായ വീടുകൾ, കിണറുകൾ, കല്ലുപാകിയ പാതകൾ തുടങ്ങിയവ കണ്ട് കാടുവെട്ടിത്തെളിച്ച് കൃഷി ചെയ്തവർ ഭയപ്പെട്ടു. അങ്ങനെ പട്ടയം





> മഹാത്മാഗാന്ധി ഏറെ ഇഷ്ടപ്പെട്ടിരുന്ന Lead kindly light എന്ന ഗാനം 1969-ൽ ആണ് ഫാദർ ജോസഫ് മനക്കൽ "നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ..." എന്നു മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നത്. ഈ പാട്ടിന്റെ ആത്മാവുറങ്ങുന്നതാണ് നമ്മുടെ കലാലയം. ഇവിടെ നിന്നും നമ്മയുടെ പൂക്കൾ വിരിയുന്ന ഒരു കാലം നമ്മുടെ മുമ്പിലുണ്ടാകണം.

ലഭിച്ച സ്ഥലങ്ങളിലൊന്ന് പട്ടയംകവല എന്ന പേരിൽത്തന്നെ അറിയപ്പെടുന്നു.

## നമ്മുടെ കലാലയം

വീടാണ് ഒരു വ്യക്തിയുടെ ആദ്യ വിദ്യാലയം. മാതാപിതാക്കൾ ആദ്യ ഗുരുക്കന്മാരും. അവിടെ നിന്ന് അവൻ കലയുടെയും ശാസ്ത്രത്തിന്റെയും ബാലപാഠം പഠിക്കുന്നു. ജീവിതത്തെ നേരിടാൻ പഠിക്കുന്നു. പണ്ടൊക്കെ ആശാൻ കളരിയിലായിരുന്നു പഠനം. ഇപ്പോൾ ബാലവാടിയും നഴ്സറി സ്കൂളുമായി. പിന്നീട് പ്രാഥമിക വിദ്യാലയങ്ങളും ഹൈസ്കൂളും ഹയർ സെക്കന്ററിയും. പിന്നീട് ഉന്നത പഠനത്തിനായി കലാശാലകളിലെത്തുന്നു. ശൈശവകാലത്ത് തെറ്റാത്ത അറിവു നൽകുന്നത് മാതാപിതാക്കളാണ്. മറ്റുള്ളവർ പറയുന്നതൊന്നും ശരിയല്ല. സ്കൂളിലെത്തിയാൽ അധ്യാപകനാണ് വഴികാട്ടി. അവർ പറയുന്നതാണ് ശരി. മാതാപിതാക്കളുടെ വാക്കുകൾ ശരിയല്ല. പക്ഷെ ഉന്നത കലാലയങ്ങളിലെത്തുമ്പോഴോ, മാതാപിതാക്കളെയും അധ്യാപകരെയും, അവർ ഗൗനിക്കുന്നില്ല. സുഹൃത്ത് വലയത്തിന്റെ മായാലോകത്തിൽ അവരുടെ വാക്കുകളാണ് അവന്റെ വേദവാക്യം. ഇത് വളർച്ചയുടെ സ്വാഭാവികമായ മാനുഷിക ജീവിതത്തിന്റെ നേർക്കാഴ്ചയാണ്. ആവേശത്തിന്റെയും എതിർപ്പിന്റെയും പ്രതിഷേധങ്ങളുടെയും കത്തിജ്വലിക്കുന്ന സൗഹൃദത്തിന്റെയും കാലമാണ് കലാലയ ജീവിതം. അതോടൊപ്പം ജീവിതത്തെ നിയന്ത്രിക്കേണ്ട സുപ്രധാനമായ

അറിവുകളെ കൈവശപ്പെടുത്തേണ്ട സ്ഥലം കൂടിയാണ് കലാലയം. പഠനത്തോടൊപ്പം പാഠ്യേതര കാര്യങ്ങളിലും മികവു തെളിയിക്കാനും നേതൃപാടവവും സംഘാടക ശേഷിയും വികസിപ്പിക്കാനുള്ള സാഹചര്യവും ഇവിടെ ലഭിക്കുന്നു. സാമൂഹിക പ്രശ്നങ്ങളിൽ ശക്തമായി പ്രതികരിക്കുന്ന യുവതയാണ് നമ്മുടെ കാമ്പസുകളിൽ വളർന്നുവരുന്നത്. അനീതികൾക്കെതിരെ നാം തീക്ഷ്ണമായി പ്രതികരിക്കണം. അവകാശങ്ങൾ നേടിയെടുക്കുന്നതിന് ശക്തമായി മുന്നിട്ടിറങ്ങുകയും വേണം. പക്ഷേ, അത് അക്രമത്തിനും കലാപത്തിനുമുള്ള വേദിയായി മാറാൻ പാടില്ല. ഓരോ വ്യക്തിയുടെയും ജീവിതത്തിലെയും മറക്കാനാവാത്ത അനുഭവങ്ങൾ സമ്മാനിക്കുന്ന കലാലയ ജീവിതം മധുരതരമാക്കാൻ നാം ശ്രദ്ധിക്കണം. നല്ല സുഹൃത്തുക്കളും നല്ല പഠനാന്തരീക്ഷവും നമ്മൾ തന്നെ ഒരുക്കണം. അപകടങ്ങളിലേക്ക് വഴുതിപ്പോകും എന്നു നാം ഓർത്തിരിക്കണം.


1964-ൽ കോതമംഗലം രൂപതയുടെ കീഴിൽ ആരംഭിച്ചതാണ് തൊടുപുഴയിലെ നമ്മുടെ കലാലയം. വിശുദ്ധ വിദ്യാഭ്യാസ വിചക്ഷണൻ ജോൺ ഹെൻട്രി ന്യൂമാൻ എഴുതിയ 'നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ' എന്ന പ്രാർത്ഥനാ ഗാനത്തോടെയാണ് നമ്മുടെ കോളേജിന്റെ ഓരോ പുലരിയും വിടരുന്നത്. മുൻ എം.പിമാരായ പി.ടി തോമസ്, ജോയ്സ് ജോർജ്, മുൻ MLA മാത്യു സ്റ്റീഫൻ തുടങ്ങിയ ഒട്ടേറെ

**“**

**1964-ൽ കോതമംഗലം രൂപതയുടെ കീഴിൽ ആരംഭിച്ചതാണ് തൊടുപുഴയിലെ നമ്മുടെ കലാലയം. വിശുദ്ധ വിദ്യാഭ്യാസ വിചക്ഷണൻ ജോൺ ഹെൻട്രി ന്യൂമാൻ എഴുതിയ 'നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ' എന്ന പ്രാർത്ഥനാ ഗാനത്തോടെയാണ് നമ്മുടെ കോളേജിന്റെ ഓരോ പുലരിയും വിടരുന്നത്.**










പ്രമുഖർ നമ്മുടെ കോളേജിന്റെ സംഭാവനയാണ്. മഹാത്മാഗാന്ധി ഏറെ ഇഷ്ടപ്പെട്ടിരുന്ന Lead kindly light എന്ന ഗാനം 1969-ൽ ആണ് ഫാദർ ജോസഫ് മനക്കൽ "നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ.." എന്നു മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നത്. ഈ പാട്ടിന്റെ ആത്മാവുറങ്ങുന്നതാണ് നമ്മുടെ കലാലയം. ഇവിടെ നിന്നും നന്മയുടെ പൂക്കൾ വിരിയുന്ന ഒരു കാലം നമ്മുടെ മുമ്പിലുണ്ടാകണം. കലാലയം കലാപത്തിന്റെയല്ല മറിച്ച് കലാദ്യാസത്തിനുള്ള ആലയമാണെന്ന് നാം തിരിച്ചറിയണം. പാഠപുസ്തകങ്ങളിലും പാഠശാലാമുറികളിലും ഒതുങ്ങാത്ത നാളെയുടെ നേതാക്കന്മാരെ വാർത്തെടുക്കലാണ് നാമിവിടെ നടത്തേണ്ടത്. ക്ഷുഭിത യൗവനത്തിൽ നിന്നും പക്വതയിലേക്ക് വളരാനുള്ള പരിശീലനമാണ് നാമിവിടെ നേടേണ്ടത്.

ഇവിടുത്തെ എല്ലാ സുഹൃദ്ബന്ധങ്ങളും നല്ല തുടക്കങ്ങളും നമ്മുടെ ജീവിതത്തെ നയിക്കാൻ ശക്തി പകരട്ടെ. നമ്മുടെ അദ്ധ്യാപകർക്ക് നമ്മെ നന്നായി പരിശീലിപ്പിക്കാനും അറിവ് പകരാനുമുള്ള ഈശ്വരാനുഗ്രഹം ഉണ്ടാകട്ടെ എന്നും പ്രാർത്ഥിക്കുന്നു. സമൃദ്ധവും മാധുര്യമേറിയതുമായ ഒരു കലാലയ ജീവിതം ഏവർക്കും ആശംസിക്കുന്നു.

- മാഗസിൻ കമ്മിറ്റി



# കലാലയം തന്ന സ്വത്ത്

Aleena Vincent
ES6

ആദ്യമായി കലാലയത്തിൽ എത്തിയ എന്റെ കണ്ണിൽ ഉടക്കിയ ഒന്ന്. അത് പിന്നെ എന്റെ ജീ വിതമായി. കൗതുകത്തോടെയാണ് ഞാൻ എൻ.സി.സിയി എത്തിയത്. അതെന്നെ കരയാൻ പഠിപ്പിച്ചു. ചിന്തിക്കാൻ പഠിപ്പിച്ചു. അവസാനം എന്നെ ജീവിക്കാൻ പഠിപ്പിച്ചു. പുറ എല്ലാവർക്കും എൻ.സി.സി ഒരു ഭയാനകമായ സംഭവമായി ന്നു. പക്ഷേ ഞങ്ങൾക്ക് അതായിരുന്നു എല്ലാം. തുടക്കത്തി ഞാൻ ഇതിൽ നിന്നും പുറത്തു പോയാലോ എന്ന് പോലു ചിന്തിച്ച വ്യക്തിയാണ്. പക്ഷേ സാവധാനം ഞാൻ അതി ഭാഗമായി. ഞാൻ പോലുമറിയാതെ "

'ശനി' എന്നത് ശരിക്കും ശനിയാണ് എന്ന് തോന്നിയിരു ന്ന ഒരു കാലമായിരുന്നു പിന്നീട്. രാവിലത്തെ യൂണിഫോം ചെക്കിങ്ങും പിറ്റിയും അതുകഴിഞ്ഞ് പരേഡും എല്ലാം കൂടി



ഇന്ന് എനിക്കൊരു വിശ്വാസമുണ്ട്. ഏതു സാഹചര്യത്തേയും ഞാൻ മറികടക്കുമെന്ന വിശ്വാസം. നീ എന്തിനാണ് ഇങ്ങനെ കഷ്ടപ്പെട്ട് ഇതിൽ നിൽക്കുന്നതെന്ന് എന്നോട് പലരും ചോദിച്ചിട്ടുണ്ട്. പക്ഷേ അവർക്കറിയില്ലല്ലോ ഇത് കഷ്ടം അല്ല ഇഷ്ടമാണെന്ന്. മൂന്നു വർഷങ്ങൾക്കിപ്പുറം എന്റെ കലാലയ ജീവിതത്തെ കുറിച്ച് ഞാൻ ഓർക്കുമ്പോൾ എൻ.സി.സി അല്ലാതെ മറ്റൊന്നും ആദ്യമേ എന്നെ തേടി എത്തുന്നില്ല. കോളേജിലെ ഓരോ സ്ഥലങ്ങളും എന്നെ ഓർമ്മിപ്പിക്കുന്നത് എൻ.സി.സി തന്നെ.

ഓർക്കുമ്പോൾ ഇപ്പോഴും എന്റെ നെഞ്ചിൽ ഒരാളലാണ്. എല്ലാം മറക്കാൻ ഉച്ചയ്ക്കത്തെ ബിരിയാണിയുടെ മണം മാത്രം മതിയായിരുന്നു. പക്ഷേ ആ ബിരിയാണിയുടെ സ്വാദ്, പിന്നീട് എത്ര ബിരിയാണി എവിടെ നിന്ന് കഴിച്ചിട്ടും കിട്ടിയില്ല എന്നതാണ് സത്യം. ആദ്യ വർഷം അങ്ങനെ കഴിഞ്ഞുപോയി. ശരിക്കുമുള്ള എൻ.സി.സി എന്തെന്ന് ഞാൻ മനസ്സിലാക്കിയത് രണ്ടാം വർഷമാണ്. ക്യാമ്പിലെ ജീവിതം എനിക്ക് തന്നത് കുറേ അനുഭവങ്ങളാണ്. പിന്നീട് ജീവിതത്തിൽ മുതൽകൂട്ടാവുന്ന കുറേ അനുഭവങ്ങൾ. സൗഹൃദത്തിന്റെ വിലയും എനിക്ക് എൻ.സി.സി ആണ് പഠിപ്പിച്ചുതന്നത്. കൂടെ കുറേ നല്ല സുഹൃത്തുക്കളേയും.... അവരെനിക്ക് എന്തെന്ന് വിവരിക്കാൻ വാക്കുകൾ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. എന്തിനും എന്റെ കൂടെ നിൽക്കുന്ന എന്റെ .............

വീട്ടിൽ നിന്നും മാറി നിൽക്കാത്ത എനിക്ക് ക്യാമ്പ് ഒരു പുതിയ ലോകമായിരുന്നു. എല്ലാം വീട്ടിൽ അമ്മയെക്കൊണ്ട് ചെയ്യിച്ചിരുന്ന ഞാൻ എല്ലാം സ്വയം ചെയ്യാൻ പഠിച്ചത് ക്യാമ്പിൽ നിന്നും ആണ്. അഡ്ജസ്റ്റ്മെന്റ് എന്ന വാക്കിന്റെ പ്രസക്തി ഞാൻ മനസ്സിലാക്കിയതും ഇതിൽ നിന്നുതന്നെ.

ഇന്ന് എനിക്കൊരു വിശ്വാസമുണ്ട്. ഏതു സാഹചര്യത്തേയും ഞാൻ മറികടക്കുമെന്ന വിശ്വാസം. നീ എന്തിനാണ് ഇങ്ങനെ കഷ്ടപ്പെട്ട് ഇതിൽ നിൽക്കുന്നതെന്ന് എന്നോട് പലരും ചോദിച്ചിട്ടുണ്ട്. പക്ഷേ അവർക്കറിയില്ലല്ലോ ഇത് കഷ്ടം അല്ല ഇഷ്ടമാണെന്ന്. മൂന്നു വർഷങ്ങൾക്കിപ്പുറം എന്റെ കലാലയ ജീവിതത്തെ കുറിച്ച് ഞാൻ ഓർക്കുമ്പോൾ എൻ.സി.സി അല്ലാതെ മറ്റൊന്നും ആദ്യമേ എന്നെ തേടി എത്തുന്നില്ല. കോളേജിലെ ഓരോ സ്ഥലങ്ങളും എന്നെ ഓർമ്മിപ്പിക്കുന്നത് എൻ.സി.സി തന്നെ.

എന്റെ ജീവിതത്തിലെ മികച്ച തീരുമാനങ്ങളിൽ ഒന്നാണ് ഒരു എൻ.സി.സി കേഡറ്റ് ആയത്. ജീവിതാവസാനം വരെ പതറാതെ മുന്നോട്ട് പോകാനുള്ള പ്രചോദനം അതെനിക്ക് നൽകി. ■



# പരീക്ഷാ ദിനങ്ങൾ

ആ ഇരുണ്ടദിനങ്ങളാണിപ്പോൾ
എന്റെ മുന്നിൽ...
നമ്മുടെ ഓരോ ശീലങ്ങളേയും
തെറ്റിക്കുന്ന ശുഭദിനങ്ങൾ...
പാഠപുസ്തകങ്ങൾ പൊടിതട്ടിയെടുക്കുന്ന
തിരക്കുദിനങ്ങൾ...
തുണ്ടുകളെഴുതാൻ പരാക്രമം കാട്ടുന്ന ആ
എഴുത്തു ദിനങ്ങൾ...
വീട്ടുകാർ നമ്മുടെ മേൽ കർഫ്യൂ പ്രഖ്യാപിക്കുന്ന
തടവുദിനങ്ങൾ...
വീട്ടുകാരുടെ കണ്ണുവെട്ടിക്കാൻ തുടങ്ങുന്ന
ആ പഠന ദിനങ്ങൾ...

അൻസാബ് അനസ്
KOS2



# GUNS AND SCREAMS

Sairam Anil N
MS4

"All Indians are
My brothers and sisters"
They forgot these lines And they crossed the line

They carved their Malice into her skin
Scarring her body
And her soul

And she screamed
Wishing to be heard
To be found and saved
From the monstrosity

That crushed her
That sunk her
into Hopelessness, making all her resistances futile

But one night
Her weak screams
Resonated with a gun Piercing the darkness

And The sun rose with A sweet ring to our ears,
about a deed
That might be wrong
But it felt so right.





Scanned with OKEN Scanner

# കോളേജ് യൂണിയൻ റിപ്പോർട്ട്

ഫാസിസ്റ്റ് ഭരണകൂടങ്ങളുടെ കീഴിൽ ശക്തിയാർജിച്ച വർഗീയ ശക്തി കൾക്കെതിരെ ഇന്ത്യയിലുടനീളം പ്രതിഷേധം അലയടിച്ച കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോയത്. അനിവാര്യമായ കാലഘട്ടത്തിന്റെ മാറ്റം കലാലയ വരാന്തകളിൽ നിന്നും വിദ്യാർത്ഥികൾ ഏറ്റുവിളിച്ചിരുന്ന മുദ്രാവാക്യങ്ങളിലേക്കും ചി ന്തകളിലേക്കും ചേക്കേറി തുടങ്ങിയപ്പോൾ 2019 ആഗസ്റ്റ് 21-ാം തീയതി നടത്തപ്പെട്ട കോളേജ് യൂണിയൻ ഇലക്ഷനിൽ വമ്പിച്ച ഭൂരിപക്ഷത്തോടെ പുതിയ യൂണിയൻ ജനാധിപത്യപരമായി നിലവിൽ വന്നു. കലാലയത്തിന്റെ ശബ്ദമായി മാറുവാൻ കലാലയം തിരഞ്ഞെടുത്തവർ.

ചെയർമാൻ:
**ജോർജിൻ സി ജെസ്റ്റി**

വൈസ് ചെയർമാൻ:
**പെനീന ഫ്ലോയ്**

ജനറൽ സെക്രട്ടറി:
**ഇമ്മാനുവൽ സോജൻ**

UUC:
**അലൻ സെബാസ്റ്റ്യൻ,**
**റൊണാൾഡ് ജോർജ്**

ആർട്സ് ക്ലബ്ബ് സെക്രട്ടറി:
**മനു മാത്യു**

മാഗസിൻ എഡിറ്റർ:
**മിഥിലാജ് പി.എസ്**

സ്പോർട്സ് ക്ലബ്ബ് സെക്രട്ടറി:
**ആഷിക് സുബിൻ**

ലേഡി റെപ്പ്:
**വിനയ അഗസ്റ്റിൻ.**
**നജ്മ ഫർസാന**

ഒന്നാം വർഷ പ്രതിനിധി:
**ആൽബർട്ട് കെ. സെബാസ്റ്റ്യൻ**

രണ്ടാം വർഷ പ്രതിനിധി:
**ആരോമൽ വി. ഷാജി**

മൂന്നാം വർഷ പ്രതിനിധി:
**പ്രവീൺ ഫ്രാൻസിസ്**

പി.ജി. പ്രതിനിധി:
**പിങ്കി ജോസ്പ്രകാശ്**
**മാത്യു റോയ്**

### ആരംഭം

സത്യപ്രതിജ്ഞയും അധികാര സ്വീകരണവും

2019 ആഗസ്റ്റ് 30-ാം തീയതി മാർ മാത്യു പോത്തനാംമുഴി ഹാളിൽ വെച്ച് കലാലയ യൂണിയൻ വിദ്യാർത്ഥി പ്രതിനിധികൾക്കു മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു. പ്രസ്തുത ചടങ്ങിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ ഡോ. തോംസൺ ജോസഫ്, വൈസ് പ്രിൻസിപ്പാൾ റവ. ഡോ. മാനുവൽ പിച്ചളക്കാട്ട്, ബർസാർ റവ. ഫാദർ പോൾ കാരക്കൊമ്പിൽ എന്നിവർ സംസാരിക്കുകയും നിയുക്ത യൂണിയനു മംഗളങ്ങൾ നേരുകയും ചെയ്തു. പ്രൊഫ. ബിജു പീറ്റർ സ്റ്റാഫ് അഡ്വൈസറായി നിയമിക്കപ്പെടുകയും ചെയ്തു.

### മാമാങ്കം -2k19 ഓണാഘോഷം

2019 സെപ്തംബർ ആറാം തിയതി കലാലയത്തിന്റെ ഉത്സവദിനങ്ങളിൽ ഒന്നായിരുന്നു. മാറ്റിയെഴുതപ്പെട്ട കാലഘട്ടത്തിന്റെയും കലാലയത്തിന്റെയും മറക്കാനാവാത്ത ഓണദിനം. കലാലയ യൂണിയന്റെ പ്രവർത്തനങ്ങളുടെ തുടക്കമെന്നോണം ഓണാഘോഷ പരിപാടികളായി അത്തപ്പൂക്കളമത്സരം, ഓണപ്പാട്ട് മത്സരം, ഡ്രസ്സ്കോഡ് മത്സരം, ഓണം സ്പെഷ്യൽ ഫോട്ടോഗ്രഫി മത്സരം എന്നിവ നടത്തുകയും കലാലയത്തിന്റെ അകത്തളങ്ങളെ ഉത്സവത്തിലാറാടിച്ച ചെണ്ടമേളവും കാവടിയും നടത്തുകയും ചെയ്തു.

### AZORA 2K19 - UNION INAGURATION

യൂണിയൻ പ്രവർത്തനങ്ങളുടെ കലാമാമാങ്കത്തിന് തുടക്കം കുറിക്കയെന്നോളം ഒക്ടോബർ 4, 2019ൽ യൂണിയൻ ഉദ്ഘാടനം നടത്തുകയും അതിന്റെ മുന്നോടിയായി Newman Dance Crew വിന്റെ ആഭിമുഖ്യത്തിൽ കലാലയമുറ്റത്ത് ഫ്ലാഷ് മോബ് സംഘടിപ്പിക്കുകയും ചെയ്തു. കലാലയ യൂണിയൻ ഉദ്ഘാടനം നിർവഹിച്ചത് ബഹുമാനപ്പെട്ട എൽദോസ് കുന്നപ്പിള്ളി എം.എൽ.എ ആണ്. പ്രശസ്ത പിന്നണി ഗായകൻ കെ.എസ്. ഹരിശങ്കർ മുഖ്യാതിഥിയായി എത്തുകയും വിദ്യാർത്ഥികൾക്കായി പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തു. യൂണിയൻ ചെയർമാൻ ജോർജിൻ സി. ജെസ്റ്റി അദ്ധ്യക്ഷനായ ഈ ചടങ്ങിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ മുഖ്യപ്രഭാഷണം നടത്തി. കഴിഞ്ഞുപോയ കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായി യൂണിയൻ ഉദ്ഘാടനം ഒരു ദിവസം മുഴുവൻ നടത്തുകയും ഉച്ചയ്ക്കു ശേഷം തറവാടൻ ബീറ്റ്സ് മ്യൂസിക് ബാന്റിന്റെ മ്യൂസിക്കൽ പെർഫോർമൻസ് നടത്തുകയും ചെയ്തു.

### Newman Tidez - Music Band

ന്യൂമാന്റെ കലാഹൃദയം ഒന്നാകെ കീഴടക്കിയ ന്യൂമാൻ മ്യൂസിക് ബാന്റിന്റെ ഉദ്ഘാടനവും അവരുടെ അവതരണവും ഒക്ടോബർ 04, 2019-ൽ നടത്തപ്പെട്ടു.

### കിലുക്കാംപെട്ടി - Newman Radio

മൂന്ന് വർഷങ്ങൾക്കിപ്പുറത്തേക്ക് ന്യൂമാന്റെ ദിനങ്ങളെ സംഗീതത്തിലാറാടിച്ചിരുന്ന ന്യൂമാൻ റേഡിയോ ന്യൂമാൻ മാഗസിൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരിച്ചു കൊണ്ടുവരികയും പ്രശസ്ത പിന്നണി ഗായകൻ കെ.എസ്. ഹരിശങ്കർ റേഡിയോയുടെ ലോഗോ മാഗസിൻ എഡിറ്റർ മിഥിലാജ് പി.എസിന് കൈമാറിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. ന്യൂമാൻ റേഡിയോ എല്ലാ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും വിദ്യാർത്ഥികൾക്ക് വേണ്ടി ഗാനങ്ങൾ ആലപിച്ചു.

### ക്രിസ്മസ് ദിനം

കലാലയ യൂണിയന്റെയും വുമൺസെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ 2019 ഡിസംബർ 20-ാം തീയതി ക്രിസ്മസ് ദിനാഘോഷത്തോടനുബന്ധിച്ച് സാന്താക്ലോസ്, ക്രിസ്മസ് കരോൾ, ഡിപ്പാർട്ട്മെന്റ് തല ക്രിസ്മസ് റാലി, സ്പോട്ട് ഡാൻസ് മത്സരം എന്നിവ നടത്തുകയും ചെയ്തു.

### ഇലകൾ - Arts Day

2020 ജനുവരി 06, 07 ദിവസങ്ങളിലായി കലാലയത്തിന്റെ കലാ സാംസ്കാരിക മേഖലകളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും എം.ജി. സർവകലാശാല കലോത്സവത്തിന്റെ അരങ്ങിലേക്ക് വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുന്നതിനുമായി ആർട്സ് ഡേ നടത്തുകയുണ്ടായി. ഈ പ്രോഗ്രാമിന്റെ ഉദ്ഘാടനം സിനിമയിലെ നാല് സംഗീത സംവിധായകർ നിർവ്വഹിച്ചു. ചെയർമാൻ അദ്ധ്യക്ഷനായ ചടങ്ങിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പൾ മുഖ്യപ്രഭാഷണം നടത്തി. യൂണിവേഴ്സിറ്റി മത്സരങ്ങളിലേതു പോലെ തന്നെ അഞ്ച് വേദികളിലായി കലോത്സവ മത്സര ഇനങ്ങളെല്ലാം നടത്തപ്പെടുകയും ഇംഗ്ലീഷ് വിഭാഗം ആർട്സ് ഫെസ്റ്റിൽ ചാമ്പ്യന്മാരാവുകയും ചെയ്തു. അങ്ങനെ കലാലയം കലകളാൽ സമ്പുഷ്ടമായ ദിനങ്ങളും കടന്നുപോയി.

### ന്യൂമാൻ T20

കലാലയ യൂണിയന്റെയും ന്യൂമാൻ ക്രിക്കറ്റേഴ്സിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്റർ കോളേജിയേറ്റ് ക്രിക്കറ്റ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. എട്ടോളം കോളേജുകൾ പങ്കെടുത്ത മത്സരത്തിൽ ന്യൂമാൻ ടീം കപ്പുയർത്തുകയും ചെയ്തു.

### ഓട്ടോ ഓട്ടം - Sports Day

2020 ജനുവരി 13 മുതൽ കലാലയത്തിന്റെ ഗെയിംസ് മത്സരങ്ങൾ ആരംഭിക്കുകയും ഇന്റർ ഡിപ്പാർട്ട്മെന്റ് തലത്തിൽ എല്ലാ മത്സരങ്ങളും നടത്തുകയും ചെയ്തു. 2020 ജനുവരി 30ന് സ്പോർട്സ് ക്ലബ്ബ് സെക്രട്ടറി ആഷിക് സുബിന്റെ നേതൃത്വത്തിൽ സ്പോർട്സ് ഡേയും അത്ലറ്റിക്സ് മത്സരങ്ങളും നടത്തുകയുണ്ടായി. മത്സരത്തിൽ കോമേഴ്സ് റെഗുലർ ചാമ്പ്യന്മാരായി. കഴിഞ്ഞ വർഷങ്ങളിലേതിൽനിന്നും വ്യത്യസ്തമായി സ്പോർട്സ് ദിനത്തോട് അനുബന്ധിച്ച് മിസ്റ്റർ ന്യൂമാൻ എന്ന പേരിൽ ബോഡി ബിൽഡിംഗ് കോംപെറ്റിഷനും "മൽപ്പിടുത്തം 2020" എന്ന പേരിൽ Arm Wrestling മത്സരവും നടത്തപ്പെട്ടു. ഇന്നലെകളിൽ നാം കണ്ടുമറന്ന പങ്കാളിത്തമില്ലാത്ത സ്പോർട്സ് ദിനങ്ങളേക്കാൾ പങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും ഏറെ മികവേറിയ ദിനങ്ങളായിരുന്നു കടന്നുപോയത്.

### കുടംപുളി - Food Fest

2020 ഫെബ്രുവരി 13 ന് കോളേജ് യൂണിയന്റെയും വുമൺ സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ 'കുടംപുളി 2020' നടത്തപ്പെട്ടു. കലാലയത്തിന്റെ രുചിഭേദങ്ങൾക്ക് വ്യത്യസ്തമായ രീതിയിൽ ഭക്ഷണങ്ങൾ തയ്യാറാക്കിയും, വിളമ്പിയും, വിറ്റും എല്ലാ ഡിപ്പാർട്ട്മെന്റുകളും ശ്രദ്ധേയമായി.

### വടംവലി - ഹെയ്ലസ 2020

'ഹെയ്ലസ 2020' എന്ന പേരിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് വടംവലി മത്സരം സംഘടിപ്പിച്ചു. കലാലയത്തിലെ കരുത്തന്മാരെ കണ്ടെത്താൻ സംഘടിപ്പിച്ച മത്സരത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗത്തിൽ ചാമ്പ്യന്മാരായി.

### Career Guidance

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ കലാലയത്തിലെ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി Insight Education നോട് കൂടെ സഹകരിച്ച് ഒരു Career Guidance ക്ലാസ് സംഘടിപ്പിച്ചു.

### വാലന്റൈൻ വീക്ക്

കലാലയത്തിലെ പ്രണയദിനങ്ങൾക്ക് ആവേശമായി 2020 ഫെബ്രുവരി 14 ന് കലാലയ യൂ

ണിയന്റെയും ന്യൂമാൻ ഡാൻസ് ക്രൂവിന്റെയും സംയുക്താഭിമുഖ്യത്തിൽ വാലന്റൈൻസ് ഡേ സെലിബ്രേഷൻ നടത്തി. ന്യൂമാൻ റേഡിയോയിലൂടെ വാലന്റൈൻ ഡേ സ്പെഷ്യൽ ഡെഡിക്കേഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു.

### പുൽവാമ അനുസ്മരണം

2020 ഫെബ്രുവരി 14 ന് ന്യൂമാൻ സ്റ്റുഡന്റ്സ് യൂണിയന്റെയും കോളേജ് എൻ.സി.സി യുടെയും സംയുക്താഭിമുഖ്യത്തിൽ പുൽവാമയിൽ മരണപ്പെട്ട ധീരജവാന്മാരുടെ പാവനസ്മരണയ്ക്ക് മുന്നിൽ പുഷ്പാർച്ചന നടത്തി. കോളേജ് യൂണിയൻ ചെയർമാൻ ജോർജിൻ സി. ജെസ്റ്റി, പ്രിൻസിപ്പാൾ ഡോ. തോംസൺ ജോസഫ് എന്നിവർ സംസാരിച്ചു.

### പ്രിയദർശിനി

കോളേജിലെ വുമൺസെല്ലിന്റെ നേതൃത്വത്തിൽ യൂണിയന്റെ സഹകരണത്തോടെ മൂന്ന് വർഷങ്ങൾക്കിപ്പുറം 'മനസിനിക്ക്' ശേഷം വുമൺ സെൽ മാഗസിൻ 'പ്രിയദർശിനി' മെറിറ്റ് ഡേയോട് അനുബന്ധിച്ച് പുറത്തിറക്കി.

### കലോത്സവം 2020

വളരെ പ്രതിസന്ധികൾ നിറഞ്ഞ ഒരു കലോത്സവ കാലഘട്ടമായിരുന്നു കടന്നുപോയത്. കഴിഞ്ഞ വർഷത്തേതിൽ നിന്ന് വ്യത്യസ്തമായി 47 ഓളം ഇനങ്ങളിലായി 85 ഓളം വിദ്യാർത്ഥികൾ പങ്കെടുത്ത കലോത്സവത്തിൽ, മാസങ്ങൾക്ക് മുൻപേ ഒരുക്കങ്ങൾ തുടങ്ങുകയും ഏറ്റവും മാതൃകാപരമായി കലാകാരന്മാരെ കണ്ടെത്തി മികച്ച പരിശീലനം നൽകി കലോത്സവത്തിൽ പങ്കെടുപ്പിക്കുവാൻ സാധിച്ചുവെന്ന അഭിമാനമുണ്ട്. എന്നിരുന്നാലും സംഘാടകരുടെ കടുത്ത എതിർപ്പുകളെ തരണം ചെയ്ത് നമ്മുടെ വിദ്യാർത്ഥികൾ നേടിയ വിജയം പ്രശംസനീയം തന്നെയാണ്. വരും കാലങ്ങളിലും ഈ ചൂടും ചൂരുമേറ്റ് നിരവധി കലാകാരന്മാർ കലോത്സവ നഗരിയിൽ ന്യൂമാനായി മാറ്റുരയ്ക്കും എന്ന് പ്രതീക്ഷിക്കുന്നു. യൂണിയൻ പ്രവർത്തനങ്ങൾക്ക് കൂടെ നിന്ന് സഹായിച്ച എല്ലാ അധ്യാപക അനധ്യാപകർക്കും സർവ്വോപരി ന്യൂമാന്റെ എല്ലാ ഹൃദയങ്ങൾക്കും ന്യൂമാൻ സ്റ്റുഡന്റ്സ് യൂണിയന്റെ നന്ദി.

ജനറൽ സെക്രട്ടറി

**ഇമ്മാനുവൽ സോജൻ**

## STATEMENT OF OWNERSHIP AND OTHER PARTICULARS


| | | |
|---|---|---|
| Place of Publication | : | Thodupuzha |
| Periodicity of Publication | : | Once |
| Publishers Name | : | Dr. Thomson Joseph<br>Principal<br>Newman College, Thodupuzha |
| Nationality | : | Indian |
| Printers Name | : | Cochin Print House |
| Chief Editor | : | Midhilaj PS |
| Staff Editors | : | Rev. Dr. Manuel Pichalakkattu |
| | : | Dr. Bijimol Thomas |
| | : | Dr. Neerada Maria Kurian |
| | : | Sibi Mohanan |

I, Dr. Thomson Joseph hereby declare that the particulars given above are true to the best of my knowledge and belief.


S/d
Dr. Thomson Joseph
*Principal*
*Newman College, Thodupuzha*



## Governance & Leadership



# ADIEU



**Dr. Sr. ALPHONSE MARIA CMC**
HOD, Department of English



**BABY MATHEW**
Department of Physics




**Dr. CELIN KUTTY MATHEW**
HOD, Department of Economics



**MARYKUTTY JOHN**
Department of Physics



**SEBASTIAN VJ**
Superintendent



**VV JOSE**
Head Accountant



## COLLEGE UNION



**GEORGE C JESTY**
Chairman



**PENEENA FLOY**
Vice Chairperson



**EMMANUEL SOJAN**
General Secretary



**BIJU PETER**
Staff Advisor



**RONALD GEORGE**
UUC



**ALEN SEBASTIN**
UUC



**MIDHILAJ PS**
Magazine Editor



**MANU MATHEW**
Arts Club Secretary



**ASHIK SUBIN**
Sports Club Secretary



**ALBERT KUNNAPILLY**
1st Year Representative



**AROMAL V SHAJI**
2nd Year Representative



**PRAVEEN FRANCIS**
3rd Year Representative



**PINKY JOSE PRAKASH**
1st PG Representative



**MATHEW ROY**
2nd PG Representative



**NAJMA FARZANA**
Lady Representative



**VINAYA AUGESTINE**
Lady Representative

Scanned with OKEN Scanner

# MAGAZINE COMMITTEE 2019-20



Rev. Dr. MANUEL PICHALAKKATTU
Staff Editor



Dr. BIJIMOL THOMAS
Staff Editor



Dr. NEERADHA MARIA KURIAN
Staff Editor



SI MOHANA
ff Editor



MIDHILAJ PS
Chief Editor



LAKSHMIPRIYA S
Sub Editor



AAMINA MEHZIN
Sub Editor



AMJITH ISMAIL
Member



JUDIN JOSEPH
Member



VIJAYALAKSHMI V
Member



NAJMA FARZ
Member



MUNEER AHAMMED
Member



BADHUSHA M RAZAK
Member



MELVIN SHAJI
Member

# RADIO TEAM



CHRISTIE ROSE JOSE
Team Head



NEOL GRACESON
Coordinator



NITHIN MELLO
Sound Mixing



CLARE MARTIN
Anchor



GRACE BIJU
Anchor



KAILAS V NATH
Music Producer



KIRAN EBY
Music Producer



AMALSHA KH
Member



MUHAMMED SUBAIR
Member



AJIMNA KONTHALAM
Member



ASNAMOL SHIHAB
Member



BISMI SUBAIR
Member



Scanned with OKEN Scanner

# NCC



PRAGEESH C MATHEW
Associate NCC Officer



SU/O SANDRA SEBASTIAN
(RDC DELHI 2018)



U/O VISHNU VIJAY
(RDC IGC 2018)



CSM GEO GE SUN
(RDC I C 2018)



SGT MARIYA N TOM
(RDC IGC 2018)



Cdt. NAVEEN VINCENT
(PRE-RD 2019-20)



Cdt. ALBIN BENNY
(RDC DELHI 2020)
(PRE-RD 2019-20)



SGT AROMAL AN
(RDC IGC 2018)



Cdt. LINCY MATHEW
(RDC PRE-2 2020)
(PRE-RD 2019-20)



Cdt. ALPHONS THANKCAHAN
(PRE-RD 2019-20)



Cdt. ANILA ANILKUMAR
(RDC IGC 2019-20)

THAL SAINIK CAMP (TSC) 2018-19



U/O ASHIK NIZA
(TSC DELHI)

THAL SAINIK CAMP (TSC) 2019-20



Cdt.ABIN JOSHY
(TSC DELHI)



Cdt. BRISNY SHAJU
(TSC IGC)



Cdt. NAMITHA GOPAL
(TSC PRE IGC-2)



Won the Chief Minister's Scholarship for NCC Cadets



ASHIK NIZAR



U/O ABIN JOS

Participated in Mavlankar Shooting Camp (Mavlankar IDC West Bengal 2019)




SGT MERLIN ROY



CPL CYRIAC VICTOR









Scanned with OKEN Scanner

# NCC


PRAGEESH C MATHEW
Associate NCC Officer


SU/O SANDRA SEBASTIAN
(RDC DELHI 2018)


U/O VISHNU VIJAY
(RDC IGC 2018)


CSM GEORGE SUN
(RDC IGC 2018)


SGT MARIYA N TOM
(RDC IGC 2018)


Cdt. NAVEEN VINCENT
(PRE-RD 2019-20)


Cdt. ALBIN BENNY
(RDC DELHI 2020)
(PRE-RD 2019-20)


SGT AROMAL ANI
(RDC IGC 2018)


Cdt. LINCY MATHEW
(RDC PRE-2 2020)
(PRE-RD 2019-20)


Cdt. ALPHONS THANKCAHAN
(PRE-RD 2019-20)


Cdt. ANILA ANILKUMAR
(RDC IGC 2019-20)

THAL SAINIK CAMP (TSC) 2018-19


U/O ASHIK NIZA
(TSC DELHI)

THAL SAINIK CAMP (TSC) 2019-20


Cdt.ABIN JOSHY
(TSC DELHI)


Cdt. BRISNY SHAJU
(TSC IGC)


Cdt. NAMITHA GOPAL
(TSC PRE IGC-2)



Won the Chief Minister's Scholarship for NCC Cadets


ASHIK NIZAR


U/O ABIN JOSHY

Achieved Gold Medal Kerala - Lakshadweep Directorate

Participated in Mavlankar Shooting Camp (Mavlankar IDC West Bengal 2019)



SGT MERLIN ROY


CPL CYRIAC VICTOR

Participated in Mavlankar Shooting Camp

(Mavlankar IGC 2019)









Scanned with OKEN Scanner

# NSS



**Dr. JITHIN JOY**
Programme Officer



**Dr. NEERADHA MARIA KURIAN**
Programme Officer



**AFAIS YOUS**
Participated Sou Zone
PRD Camp-2



**SYAM MOHANAN**
Participated in Tribal youth exchange programme 2020 at guwahati, Assam



**GRACE BIJU**
MG University Best NSS Volunteer - 2019-20



**NASMIN SUBAIR**
Participated South Zone PRD Camp-2020












# UNIVERSITY RANK HOLDERS (PG)

**1st RANK**



**MINZIYA K.S**
M.A Economics

**2nd RANK**



**NEENU JOSE**
M.Sc Mathematics

**4th RANK**



**NIMMY OJUS**
M.Com

**5th RANK**



**DINTA BABY**
M.Com

**8th RANK**



**MARIYA RAJU**
M.Sc Mathematics

**9th RANK**



**APARNA BABU**
M.Sc Mathematics

**9th RANK**



**ANNAPOORNA LOUIS**
M.A English



Scanned with OKEN Scanner

## UNIVERSITY RANK HOLDERS (UG)

1st RANK

**MONCYMOL ISSAC**
B.Sc Botany

2nd RANK

**SANDRA SUGUTHAN**
B.Sc Botany

3rd RANK

**ANEENA JOSEPH**
B.Sc Botany

3rd RANK

**NEOL GRACESON**
B.A English Literature & Communication Studies

4th RANK

**SHAMILA KS**
B.Sc Botany

5th RANK

**ROSEMARY JOSE**
B.Sc Botany

6th RANK

**VISHNUJA**
B.A English Literature & Communication Studies

7th RANK

**ANJANA SHAJI**
B.A Malayalam

7th RANK

**ANUSHA JESSY JOSEPH**
B.Sc Botany

7th RANK

**CHANCHAL JOY**
B.Com Co-operation

8th RANK

**AISWARYALAKSHMI E.S**
B.A Malayalam

9th RANK

**AJMI. M.I**
B.Com Co-operation

9th RANK


**ANEESA P SULAIMAN**
B.Sc Zoology

9th RANK

**CHRISTINA MARY GEORGE**
B.A History



## BEST OUTGOING STUDENT


**SIDHARTH R VYLOPPILLY**
Dept. of Mathematics

## A+ GRADE DEPARTMENT MAGAZINES






**LAKSHMIPRIYA S**
Quimico Editor
Dept. of chemistry





**AROMAL V SHAJI**
Aakrtham Editor
Dept. of Botany






**PHILIPSON THOMAS**
Marmaram Editor
Dept. of Economics





**ALEENA SUNNY**
Aksharam Editor
Dept. of Malayalam





**ARYA RAVI K**
The exodus.... endless editor
Dept. of English

# MG UNIVERSITY YOUTH FESTIVAL

1st PRIZE - Thiruvathira



SANDRA T SANTHOSH & TEAM

2nd PRIZE - Bharathanatyam



MEENAKSHI SURESH

2nd PRIZE - Ottamthullal



MEERA RAJESH

2nd PRIZE - Film Review



SRUTHY K.S

3rd PRIZE - Elocution Malayalam



KEVIN JOSEPH

3rd PRIZE - Margam Kali



MEENAKSHI SURESH & TEAM

2nd PRIZE Recitation (Hindi)



ROMISH TOM

3rd PRIZE Short Story Writing (Hindi)



GREESHMA MATHEW

3rd PRIZE Stringed Instruments (Western)



BINTO GEORGE BABU

3rd PRIZE - Kavitha Parayanam Malayalam



PARVATHY SARAVANAN




OPPANA TEAM

## ELECTION & VICTORY DAY









# SPORTS



**BENNY MATHEW**
Head Physical Education Deparment

Selected for Under 23 Kerala Team MG University Cricket Team Captain



**VISHNU MOHAN**

Idukky District Boxing - Gold Medal
Mr. Idukky - Silver Medal



**XAVY KURIAN**

Bronze Medal: MG University Taekwondo Championship



**SUJITH SABU**

Bronze Medal: MG University Taekwondo Championship



**ROICE ROY**

1st Prize: Weightlifting Championship (73 Kg)



**SAJAN SAJI**

1st Prize: Weightlifting Championship (62 Kg)



**SOURABH. S**

1st Prize: Weightlifting Championship (109 Kg)



**ANJO SEBASTIAN**

2nd Prize: Weightlifting Championship (67 Kg)



**ARSHAD. K M**

2nd Prize: Weightlifting Championship (89 Kg)



**GOUTHAM KRISHNA**

2nd Prize: Weightlifting Championship (55 Kg)



**PRAVEEN FRANCIS**

3rd Prize: Weightlifting Championship (81 Kg)



**ALEX SAJI**

3rd Prize: Weightlifting Championship (96 Kg)



**JITHU MATHEW**



MG University Powerlifting Championship - Overall Champions



Inter Collegiate Roller Hockey Championship - Runners up



MG University Tug of War(Boys) Champions



MG University Tug of War (Girls) - 2nd Position



Selected for MG University South Zonal Competetion - Cricket Team



MG University Weight Lifting Championship - 2nd Position



Marian College League 2020 Champions - Foot Ball Team



Kerala State Net Ball Championship - 3rd Position

Scanned with OKEN Scanner






UNION INAUGURATION






COLLEGE DAY














Scanned with OKEN Scanner






## ONAM CELEBRATION










## CHRISTMAS DAY

Scanned with OKEN Scanner





ARTS FEST









FOOD FEST










മാറ്റത്തിനാണ് പലതും കുറിച്ചത്..
ഓർമ്മക്കാണ്
പലതും കൂട്ടിച്ചേർത്തത്..!

അതുകൊണ്ട് ഭാവിയിൽ
ആ മാറ്റത്തിനും
ആ ഓർമ്മയ്ക്കും
തുടക്കമുണ്ടാവണം
ഈ മാഗസിനിലൂടെ!

വീണ്ടും പറയുന്നു..
ഒടുക്കമല്ല!
തുടക്കമാണ്..!
അതുകൊണ്ട് തന്നെ
നന്ദി.. നമസ്കാരം..!

- മിഥ്‌ലാജ് പി.എസ്
ചീഫ് എഡിറ്റർ

Scanned with OKEN Scanner

LEAD KINDLY LIGHT



# NEWMAN COLLEGE
# THODUPUZHA


**Idukki District, Kerala-685585**
(Re-Accredited by NAAC with A grade at CGPA 3.32)
Ranked 78 in the National Level (NIRF2019)
**Website: www.newmancollege.ac.in**
**E-mail: principal@newmancollege.ac.in**
**Ph. 04862-222686, 229797**


Scanned with OKEN Scanner